2014 ജൂലൈ 25
വാല്യം 07
ലക്കം 14

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

## ബസ്തറിൽ ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് നിരോധനം

പ്രകാശ് പി. കോശി




ചത്തിസ്ഗഡിലെ ബസ്തർ ജില്ലയിലെ 50-ാളം ഗ്രാമപഞ്ചായത്തുകളിൽ ക്രൈസ്തവ മിഷനറിമാർക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും നിരോധനം. പഞ്ചായത്ത് രാജ് നിയമത്തിന്റെ മറവിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഏകദേശം 50-ാളം പഞ്ചായത്തുകൾ ആണ് ക്രൈസ്തവർക്കെതിരെ പ്രമേയം പാസാക്കിയത്. ഈ പ്രമേയ പ്രകാരം ഹിന്ദു മതവുമായി ബന്ധമില്ലാത്ത ഏല്ലാവിധ മതപ്രവർത്തനങ്ങളും, മിഷനറിമാരുടെ സന്ദർശനവും നിയമ വിരുദ്ധമാണ്. പ്രമേയം ക്രൈസ്തവരെപ്പറ്റി സൂചിപ്പിക്കുന്നില്ലെങ്കിലും ഇവിടുത്തെ സഭാ പ്രവർത്തനങ്ങളെ ഉദ്ദേശിച്ചാണ് പഞ്ചായത്തുകൾ നിയമം പാസാക്കിയത്. ചത്തിസ്ഗഡിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മേഖലയാണ് ബസ്തർ. ഇവിടെ ആദിവാസി വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ് ഭൂരിഭാഗം ജനങ്ങളും. ഏകദേശം 52 ക്രൈസ്തവർ വിവിധ ഗ്രാമങ്ങളിൽ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകരുടെ ആക്രമണങ്ങൾക്ക് ഇരയായി.

ക്രൈസ്തവർക്ക് റേഷൻ നൽകാതെ ഇവരെ പട്ടിണിക്കിട്ടും സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്തി പീഡിപ്പിക്കുകയും ചെയ്യുന്നു എന്ന് വിശ്വാസികൾ ആരോപിക്കുന്നു. എന്നാൽ ചില ക്രൈസ്തവ നേതാക്കന്മാർ വർഗ്ഗീയതയേക്കാൾ ഉപരി ചില സ്ഥാപിത താത്പര്യക്കാരുടെ വ്യവസായ താത്പര്യമാണ് ഈ നിരോധനത്തിന് പിറകിൽ കാണുന്നത്. അതായത്, ഇരുമ്പയിര് മാഫിയാകൾ ആണ് ഗ്രാമസഭകളെ സ്വാധീനിച്ച് ഇങ്ങനെ പ്രമേയം പാസാക്കാൻ പ്രേരിപ്പിച്ചത് എന്ന് ചത്തിസ്ഗഡ് ക്രിസ്ത്യൻ ഫോറം പ്രസിഡന്റ് അരുൺ പന്നാലാൽ ആരോപിക്കുന്നു. "ഇത് ഇരുമ്പയിര് വ്യവസായികളുടെ ആസൂത്രിത നീക്കമാണ്. ലോഹധാതുക്കൾക്ക് പേരു കേട്ട ജനമേഖലയിൽ നിന്ന് ക്രൈസ്തവ മിഷനറിമാരേയും വിശ്വാസികളേയും പുറത്താക്കുകയാണെങ്കിൽ ഭൂമി പിടിക്കുക എന്ന അവരുടെ ലക്ഷ്യം എളുപ്പത്തിൽ ആകും" അരുൺ പന്നാലാൽ പറഞ്ഞു. "ഇന്ത്യൻ പൗരന്റെ മൗലിക അവകാശത്തിന്മേലുള്ള കടന്നുകയറ്റം ആണ് ഈ പ്രമേയം അതുകൊണ്ട് ഇതിനെതിരെ ഞങ്ങൾ ഹൈക്കോർട്ടിൽ പോകാൻ തയ്യാറാണ്." അരുൺ പറഞ്ഞു.

05

## പ്രാർത്ഥനകൾക്കൊടുവിൽ അനീഷ വീട്ടിലെത്തി

ജെയ്സ് പാണ്ടനാട്


അനീഷ

ചെങ്ങന്നൂർ: അനീഷയ്ക്ക് ഇനി സമാധാനമായി ഉറങ്ങാം; കാതടപ്പിക്കുന്ന വെടിയൊച്ചകളും സ്ഫോടന ശബ്ദങ്ങളും കേൾക്കാതെ. ഇറാഖിലെ കലാപഭൂമിയിൽനിന്നും സ്നേഹവാത്സല്യങ്ങളുടെ ഊഷ്മളത നൽകുന്ന പിറന്ന മണ്ണിലേക്ക് അനീഷ എത്തിയപ്പോൾ അമ്മ ഏലിയാമ്മ നിറകണ്ണുകളോടെയാണ് സ്വീകരിച്ചത്.

ചെങ്ങന്നൂർ ആലാ കുളിക്കാംപാലം മുല്ലന്താനേത്ത് ഐസക് എം. തോമസിന്റെ മൂത്ത മകളാണ് അനീഷ. കഴിഞ്ഞ ഫെബ്രുവരിയിലാണ് അനീഷ ഇറാഖിലേക്ക് പോയത്. അഞ്ചു മാസം മാത്രമെ ജോലി ചെയ്തുള്ളു. ഹൈദരാബാദിലെ ശ്രീ വെങ്കിടരാമ സ്കൂൾ ഓഫ് നഴ്സിംഗിലെ പഠനത്തിനുശേഷം മൂന്നര വർഷം ഡൽഹിയിലെ സ്വകാര്യ ആസ്പത്രിയിൽ ജോലി ചെയ്യുകയായിരുന്നു. ഇറാഖിലെ ദി-ആലാ മിനിസ്ട്രിയുടെ കീഴിൽ ബാക്യൂബാ ടീച്ചിംഗ് ഹോസ്പിറ്റലിലാണ് അനീഷ ജോലി ചെയ്തത്.

ഇറാഖിലെത്തിയെ ആദ്യ ആഴ്ചയിൽ സ്ഥിതിഗതികൾ വളരെ ശാന്തമായിരുന്നു. രണ്ടുമാസങ്ങൾക്കുശേഷം സ്ഥിതിഗതികൾ വഷളായി. യുദ്ധം മുറുകിയതോടെ വെടിയേറ്റവരെയും സ്ഫോടനങ്ങളിൽ അവയവയങ്ങൾ നഷ്ടപ്പെട്ടവരെയുംകൊണ്ട് ആശുപത്രി നിറഞ്ഞു. യുദ്ധം രൂക്ഷമായപ്പോൾ ഭയം തോന്നി. പക്ഷെ ധൈര്യം കൈവെടിഞ്ഞില്ല. ഇറാഖിലെ ഇന്ത്യൻ അംബാസിഡർ അഡ്വ. അജയകുമാർ നിരന്തരം ഞങ്ങളുമായി ബന്ധപ്പെട്ടുകൊ

09

## പി. സി. എൻ. എ. കെ. കോൺഫറൻസ് സമാപിച്ചു ഇനി സൗത്ത് കരോലിനയിൽ



ന്യൂയോർക്ക്: ജൂലൈ 3 മുതൽ 6 വരെ മിഷിഗണിലുള്ള ലാൻഡിംഗ് സെന്ററിൽ വെച്ച് നടത്തപ്പെട്ട 32-മത് മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് അവസാനിച്ചു. കോൺഫറൻസ് കൺവീനർ പാസ്റ്റർ രാജൻ ജോർജ് പ്രാർത്ഥിച്ച് ആരംഭിച്ച കോൺഫറൻസിൽ മലയാളം സെക്ഷനുകളിൽ പാസ്റ്റർമാരായ ജോർജ് സ്റ്റീഫൻസൺ (ഇല്ലനോയി), മോനി മാത്യു (ന്യൂയോർക്ക്), പി. ബി. തോമസ് (ഡാളസ്സ്), ജോയി പി. ഉമ്മൻ (ന്യൂയോർക്ക്) തുടങ്ങിയവർ അദ്ധ്യക്ഷത വഹിച്ചു. വിവിധ യോഗങ്ങളിൽ റവ. ജോൺ തോമസ്, റവ. ജോ. കുര്യൻ, റവ. ടി. ഡി. ബാബു, റവ. ടി. പി. വർഗീസ്, റവ. ജേക്കബ് ജോൺ, റവ. റ്റോമി ബാർണെറ്റ്, റവ. നാഥാൻ മോറിസ്സ് തുടങ്ങിയവർ ദൈവവചന ശുശ്രൂഷകൾ നടത്തി.

പെന്തക്കോസ്ത് ഐക്യ കൂട്ടായ്മ

08

## പാസ്റ്റർ ജോർജ് ഉമ്മന് ആയിരങ്ങളുടെ അന്ത്യാഞ്ജലി


ജോർജ് ഉമ്മൻ

പത്തനാപുരം: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ സീനിയർ ശുശ്രൂഷകനും പ്രമുഖ വേദാധ്യാപകനുമായ പാസ്റ്റർ ജോർജ് ഉമ്മന് (കുഞ്ഞൂഞ്ഞ്-81) പ്രത്യാശയോടെ വിട നൽകി. പുത്തൻകാവ് തലവടി പീടികയിൽ കുടുംബാംഗവും ഐ.പി.സി.സ്ഥാപക നേതാവും സഭയുടെ രാജ്യാന്തര പ്രസിഡന്റുമായിരുന്ന പാസ്റ്റർ റ്റി.ജി. ഉമ്മന്റെ മകനാണ്.

ഐ.പി.സി. സ്റ്റേറ്റ് സെക്രട്ടറി, വൈസ് പ്രസിഡന്റ്, മിഷൻ ബോർഡ് ചെയർമാൻ, പുനലൂർ- അഞ്ചൽ സെന്റർ ശുശ്രൂഷകൻ, ബൈബിൾ സൊസൈറ്റി കേരള ഓക്സിലറി വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സഭയുടെ പുനലൂർ സെന്റർ പാസ്റ്ററും കൊട്ടാരക്കര മേഖല വൈസ് പ്രസിഡന്റും അനുഗ്രഹീതനായ ബൈബിൾ ടീച്ചർ, പ്രസംഗകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. വേദശാസ്ത്രവും വേദപുസ്തകാധിഷ്ഠിത ജീവിത ഉപദേശത്തിനും പ്രാധാന്യം നൽകിയായിരുന്നു പാസ്റ്റർ ജോർജ് ഉമ്മന്റെ ക്ലാസ്സുകളും പ്രസംഗങ്ങളും. സ്റ്റേറ്റ് കൗൺസിൽ പ്രസ്ബിറ്ററി അംഗവും, തിയോളജിക്കൽ ബോർഡ് ചെയർമാനുമാണ്. ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി, മണക്കാല ഫെയ്ത്ത് തിയോളജിക്കൽ

09

## സാക്ഷി



മോദി കർത്താവിന്റെ ദാസൻ എന്ന് കത്തോലിക്കാ സഭാ പ്രസിദ്ധീകരണം.

*കർത്താവാണെന്നു പറയാതിരുന്നത് നന്നായി.*

## കേരള പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്കയ്ക്ക് പുതിയ ഭാരവാഹികൾ


പാ. ബാബു തോമസ് പ്രസിഡന്റ്


പാ. തോമസ് കിടങ്ങാലിൽ വൈ. പ്രസിഡന്റ്


രാജൻ ആര്യപ്പള്ളിൽ ജനറൽ സെക്രട്ടറി


പാ. ജോൺ തോമസ് ജോ. സെക്രട്ടറി


ജോയിസ് പി. മാത്യൂസ് ട്രഷറർ


ഷേർളി ചാക്കോ ലേഡീസ് കോർഡിനേറ്റർ

വാർത്താ പേജ് 08

## പരമ്പര: കുക്ക് സായ്പിന്റെ സഭയ്ക്ക് എന്തു പറ്റി?



### കർണ്ണാടക സുവിശേഷത്തിനായി ദാഹിക്കുന്നു

പെന്തെക്കോസ്ത് മിഷനറിമാരായ ജോർജ്ജ് ബർഗ്, ആർ. എഫ്. കുക്ക് എന്നിവർ ആദ്യം എത്തിയത് കർണ്ണാടകയുടെ മണ്ണിലാണ്. 1909 മുതൽ കർണ്ണാടക സുവിശേഷം കേട്ടുതുടങ്ങി. 1912 ഒക്ടോബർ മാസം കുക്ക് സായ്പിന്റെ ഭാര്യ അമേരിക്കയിൽ ഗിറ്റർ ട്യൂൺ ചെയ്തപ്പോൾ കേട്ട ശബ്ദം 'ബാംഗ്ലൂർ' എന്ന പേരായിരുന്നു എന്നാണ് ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബ്രിട്ടീഷ് ആധിപത്യത്തിലായിരുന്ന ബാംഗ്ലൂർ കേന്ദ്രീകരിച്ചായിരുന്നു മിഷനറിമാരുടെ പ്രവർത്തനം. അത്ഭുതകരമായ രോഗശാന്തി ശുശ്രൂഷയുടെ ഫലമായി 1914-ൽ ബാംഗ്ലൂർ ഫ്രേസർ ടൗണിൽ ഇംഗ്ലീഷ് ഭാഷക്കാരുടെയിടയിൽ സഭ ആരംഭിച്ചു. കുക്ക് സായ്പിന്റെ ശുശ്രൂഷയിൽ ആകൃഷ്ടരായ ജനം അമ്പലങ്ങൾ തകർത്ത് ആരാധനാലയങ്ങൾ പണിതു. ബാംഗ്ലൂരു

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

# ലക്ഷ്യം മറന്ന പെന്തെക്കോസ്ത് സഭകൾ




നല്ല ഉദ്ദേശ്യത്തോടെ മഹത്തായ ലക്ഷ്യത്തിലേക്ക് ഇറങ്ങി പുറപ്പെട്ടവരാണ് പെന്തെക്കോസ്തുകാർ. യാത്ര ഒരു നൂറ്റാണ്ടു തികയും മുമ്പേ ലക്ഷ്യം മാറിപ്പോയിരിക്കുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. യാത്രയുടെ ആരംഭത്തിങ്കൽ ഉപേക്ഷിച്ചതിനെ എല്ലാം വർദ്ധിത വീര്യത്തോടെ ആഞ്ഞു പുൽകിയ സമൂഹമായി നാം അധഃപതിച്ചിരിക്കുന്നു. ഒരിക്കൽ നിഷിധമായിരുന്നതും പാപമായി കരുതിയിരുന്നതും ഈ സമൂഹത്തിന്റെ ഭാഗമായി മാറി. ആത്മീയർ സഭകളെ നയിച്ചിരുന്ന സ്ഥാനത്ത് ഇന്ന് ജഡികരും, ദ്രവ്യാഗ്രഹികളും മാഫിയകളും കുടിപാർക്കുന്നു. സഭാ രാഷ്ട്രീയം കൊടികുത്തി വാഴുകയാണിവിടെ. ഗ്രൂപ്പിസം, കാലുവാരൽ, കുതികാൽവെട്ട് ഇതെല്ലാം പതിവു കാഴ്ച. സഭയുടെ വളർച്ചയേക്കാൾ സ്വന്തം സാമ്രാജ്യത്തിന്റെ വിസ്തൃതി വിശാലമാക്കുന്നതിൽ മാത്രമാണ് നേതാക്കന്മാർക്കു താൽപര്യം. സുവിശേഷത്തിന്റെയും പ്രസ്ഥാനത്തിന്റെയും മറവിൽ എടുക്കുന്ന പിരിവുകൾ സ്വന്തകുടുംബത്തിനായി സമ്പാദിക്കുന്നവരാണ് ബഹുഭൂരിപക്ഷം നേതാക്കന്മാരും. സഭാഹാളുകൾ ചോർന്നൊലിക്കുമ്പോൾ സ്വന്തം മണിമാളിക കെട്ടിപ്പൊക്കുന്നവർ, 5 സെന്റ് സ്ഥലം ഹാളിനായി വാങ്ങുവാൻ പ്രാദേശിക സഭകൾ ബദ്ധപ്പെടുമ്പോൾ തോട്ടങ്ങൾ വാങ്ങിക്കൂട്ടുന്നവർ, പെൺമക്കളെ കെട്ടിച്ചയക്കുവാൻ നിവർത്തിയില്ലാതെ, വിശ്വാസികളും സാധാരണ ശുശ്രൂഷകരും ഭാരപ്പെടുമ്പോൾ മക്കളുടെ വിവാഹത്തിനായി പണം ധൂർത്തടിക്കുന്ന നേതാക്കന്മാർ. ഇങ്ങനെ എത്രയോ കാര്യങ്ങൾ. ഒരിക്കൽ സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും ആട്ടിയോടിക്കപ്പെട്ടവരുടെ തലമുറ ഇന്നു രാഷ്ട്രീയനേതാക്കൾക്കൊപ്പമിരുന്നു വിരുന്നു കഴിക്കുന്നു.

പിതാക്കന്മാർ നിർമ്മല സുവിശേഷം പ്രസംഗിച്ചു. അവരുടെ പ്രസംഗം കേട്ടവർ വചനം അനുസരിക്കാൻ മുമ്പോട്ടു വന്നു, അവർ മാനസാന്തരപ്പെട്ടു. പിതാക്കന്മാർക്ക് പെന്തെക്കോസ്ത് അനുഭവവും ജീവിതവുമായിരുന്നു. പിന്നീട് അത് അനുകരണമായി, ഇന്ന് അത് അഭിനയവും. മാനസാന്തരം, കർത്താവിന്റെ മടങ്ങി വരവ് ഇതൊന്നും വേദികളിൽ കേൾക്കാനില്ല. ഈ ലോകത്തിൽ മാത്രം പ്രാപിക്കുന്നതും പ്രാപിക്കാനുള്ളതുമായ കാര്യങ്ങൾ മാത്രമാണ് വേദികളിൽ മുഴുങ്ങുന്നത്. ഇവിടെ കേമന്മാരാണെന്നു തെളിയിക്കുവാനുള്ള ശ്രമമാണ് പലപ്പോഴും വേദികളിൽ പ്രകടമാകുന്നത്. പുതിയ യരുശലേമിനെക്കുറിച്ചും താത്ക്കാലിക കൂടാരത്തെ കുറിച്ചും പ്രസംഗിക്കുന്നവരും ഇവിടെ പണിയുന്നത് കോടികളുടെ മണിമാളികകളാണ്. ലോകത്തിന്റെ ഉപ്പായിരിക്കേണ്ടവർ കാരമില്ലാതെ പോയിരിക്കുന്നു. വെളിച്ചമായിരിക്കേണ്ടവർ വഴി അറിയാതെ തപ്പിതടയുന്നു. ലോകത്തെ സ്വാധീനിക്കേണ്ടവരെ ലോകം സ്വാധീനിച്ചിരിക്കുന്നു. സമുദായക്കാരേക്കാൾ ദൈവഭയമില്ലാത്തവരുടെ കൂട്ടമാണിന്ന് പെന്തെക്കോസ്ത്. പണ്ട് മാനസാന്തരപ്പെട്ടവരെ സഭയിൽ ചേർത്തുകൊണ്ടിരുന്നവർ ഇന്ന് അയൽ സഭ പിളർത്തിയും ചാക്കിട്ടു പിടിച്ചും സഭ വളർത്തുന്നു. സുവിശേഷ വേലക്കു സമയമില്ലാത്ത ഇടയന്മാരും നേതാക്കന്മാരും!. ചരടു പൊട്ടിയ പട്ടം പോലെ, ലക്ഷ്യം നഷ്ടപ്പെട്ട കപ്പൽ പോലെ ആടിയുലയുകയാണ് നമ്മുടെ പ്രസ്ഥാനങ്ങൾ. “മിഷൻ” എന്നത് സഭയുടെ അജണ്ടയല്ല ഇന്ന്. കെട്ടിടപണികളാണെവിടെയും. ധാർമ്മികതയും മൂല്യങ്ങളും നഷ്ടപ്പെട്ട നമ്മുടെ സമൂഹത്തിന്റെ മടങ്ങിവരവിനായി കരയുന്ന ഒരു കൂട്ടം ഉണ്ട് എന്നതാണ് ആശ്വാസം. വചനത്തിലേക്കും ശരിയായ പാതയിലേക്കും മടങ്ങിവരുവാനായി നമ്മുടെ പ്രസ്ഥാനങ്ങൾക്കായി നമുക്ക് കണ്ണീരോട് പ്രാർത്ഥിക്കാം.

## അമേരിക്കൻ യാത്രാവിവരണം

# ഒബാമയുടെ നാട്ടിലൂടെ

**പാസ്റ്റർ സാംകുട്ടി മാത്യു**

അമേരിക്കൻ യാത്രാവിവരണം എഴുതണമെന്ന് എന്റെ സുഹൃത്തുക്കളാണ് എന്നെ നിർബന്ധിച്ചത്. കഴിഞ്ഞവർഷം നടത്തിയ യു എ. ഇ. യാത്രവിവരണം ഒരു ലക്കം കൊണ്ട് മുടങ്ങിപ്പോയി. അതുകൊണ്ടു തന്നെ യാത്രയുടെ ആരംഭം മുതൽ എഴുതാം എന്നു കരുതി. അമേരിക്കൻ യാത്ര സാധാരണ മലയാളിയുടെ സ്വപ്നങ്ങളിലൊന്നാണ്. ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യത്തെക്കുറിച്ചുള്ള കേൾവി അത്രവലുതാണല്ലോ!.

ഗൾഫ് രാജ്യങ്ങൾ പലപ്രാവശ്യം സന്ദർശിക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. 12 വർഷങ്ങൾക്കു ശേഷം കഴിഞ്ഞ വർഷം യു എ ഇയിൽ പോയി. ബിലീവേഴ്സ് ജേണലിൽ സ്ഥിരം പംക്തി എഴുതുന്ന സഹോദരന്മാരോടൊപ്പവും വായനക്കാരോടൊപ്പവും ലഭിച്ച കൂട്ടായ്മ ഹൃദ്യമായ അനുഭവം ആയിരുന്നു. എന്റെ സഹോദരിയുടെ മകൻ ഗ്ലാഡിയായിരുന്നു യാത്രാക്രമീകരണങ്ങൾ ചെയ്തത്.

അമേരിക്കൻ യാത്രയ്ക്കായി 2007 ലും 2008 ലും ചെന്നൈയിലെ യു എസ് കോൺസുലേറ്റിൽ പോയിരുന്നു, പക്ഷെ വിസാ ലഭിച്ചില്ല. അതിനു ശേഷം പല പ്രിയപ്പെട്ടവരും സ്പോൺസർ ലറ്റർ തന്നുവെങ്കിലും വിസായ്ക്കായി പോയില്ല. ഇത്തവണ ബിലീവേഴ്സ് ജേണൽ ചെയർമാൻ ബ്രദർ രാജൻ ആര്യപ്പള്ളിയുടെയും എന്റെ ഭാര്യാസഹോദരൻ ബെഞ്ചി വർഗ്ഗീസിന്റെയും സ്നേഹപൂർവ്വമായ നിർബന്ധം കൊണ്ടാണ് കോൺസുലേറ്റിലേക്ക് പോയത്. ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങൾ ഒന്നുമില്ലാതെ തന്നെ വിസാ ലഭിച്ചു. എന്റെ സഭയുടെ പ്രാർത്ഥനയാണ് അതിനു മുഖാന്തിരം എന്നാണെന്റെ വിശ്വാസം.

യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തുവരുമ്പോഴാണ് അമേരിക്കൻ സന്ദർശനം നടത്തുന്നവർക്കെതിരെയും പ്രത്യേകാൽ ബിലീവേഴ്സ് ജേണലിനെതിരെയും ഒരു ഊമക്കത്ത് അമേരിക്കയിൽ പലർക്കും ലഭിച്ചതായി അറിഞ്ഞത്. മാനസികമായി അല്പം സംഘർഷം ഉണ്ടായ സമയമായിരുന്നു. എന്നാൽ മുൻപരിചയമില്ലാത്ത ചില പ്രിയപ്പെട്ടവരടക്കം പലരും എന്നെ വിളിച്ച് ധൈര്യപ്പെടുത്തി. ഊമക്കത്ത് സംസ്കാരത്തിനെതിരെ എപ്പോഴും നിലപാട് എടുത്തിട്ടുള്ള ആളാണ് ഞാൻ. അമേരിക്ക എന്ന രാജ്യത്തുള്ള വിശ്വാസികളെക്കുറിച്ച് എനിക്കുണ്ടായിരുന്ന വലിയ ധാരണയ്ക്ക് മാറ്റം വന്നു. ഞാൻ വിചാരിച്ചിരുന്നത് ഊമക്കത്തും തരംതാണ സഭാ രാഷ്ട്രീയവും കേരളത്തിൽ മാത്രമേ ഉണ്ടാകു എന്നായിരുന്നു. എന്നാൽ കുത്തുന്ന പശുവിനെ തൊഴുത്തു മാറ്റിക്കെട്ടിയതുകൊണ്ട് പ്രയോജനം ഇല്ലല്ലോ. നാട്ടിൽ ഇതൊക്കെ ചെയ്തിരുന്നവരിൽ ചിലരെങ്കിലും അമേരിക്കയിലേക്കും കുടിയേറിയവരുടെ കൂട്ടത്തിൽ കാണുമല്ലോ. ചിലരൊക്കെ എന്നെ വിളിച്ചു പറഞ്ഞത് എഴുതിയ ആളിനെ അവർക്കറിയാം, അവർ കണ്ടുപിടിച്ചു എന്നൊക്കെയാണ്. ധാരാളം പേരുകളും പറഞ്ഞു. പക്ഷേ അവരിലൊന്നും ഊമക്കത്തിന്റെ സൃഷ്ടാവിനെ കാണുവാൻ എനിക്കു കഴിഞ്ഞില്ല എന്നതാണ് സത്യം. പത്രക്കാർ തമ്മിലുള്ള അസൂയ, ബിലീവേഴ്സ് ജേണലിലെ എഴുത്തുകളിലൂടെ എതിർക്കപ്പെട്ടവരുടെ പ്രത്യാക്രമണം ഇവയൊക്കെ കാരണമായി അവർ ചൂണ്ടിക്കാട്ടി. ചൂണ്ടിക്കാട്ടപ്പെട്ടവരെക്കുറിച്ച് പിന്നാലെ സൂചിപ്പിക്കാം.


ലേഖകൻ അറ്റ്ലാന്റായിലെ സ്റ്റോൺ മൗണ്ട് പാർക്കിൽ

ആദ്യ യാത്രയെന്ന നിലയിൽ ചെറിയ അങ്കലാപ്പുണ്ടായിരുന്നു എന്നത് സത്യം. അതിനാൽ തന്നെ അമേരിക്കൻ യാത്രയ്കൊരുങ്ങുന്ന ചില സ്നേഹിതരെ കൂട്ടുപിടിച്ചു. പാസ്റ്റർ റെജി പുന്നൂസ്, പാസ്റ്റർ സാം പനച്ചിയിൽ, Exel VBS ഡയറക്ടർ ബിനു വടശേരിക്കര എന്നിവരോടൊപ്പം ഞാൻ സഹയാത്രികനായി. ന്യൂയോർക്കിലെ ജോൺ എഫ് കെന്നഡി എയർപോർട്ടിലിറങ്ങുമ്പോൾ ഉറക്കക്ഷീണം വല്ലാതെ തളർത്തിയിരുന്നു. ഇമിഗ്രേഷൻ എന്ന കടമ്പ വലിയ പ്രയാസം ഇല്ലാതെ കടന്നു. ലഗ്ഗേജും എടുത്തു പുറത്തിറങ്ങുമ്പോൾ എന്റെ ആദ്യ പാസ്റ്ററായിരുന്ന റവ: മാനുവേൽ ജോൺസൺ കാത്തു നിന്നിരുന്നു. ഞാൻ രക്ഷിക്കപ്പെടുന്നതിനു മുമ്പേ തന്നെ 1982– 83 കാലഘട്ടത്തിൽ പാസ്റ്റർ മാനുവേൽ ജോൺസൺ എന്റെ മാതാവ് ആരാധിച്ചുവന്ന തിരുവനന്തപുരം തിരുമല ഏ. ജി. സഭയുടെ പാസ്റ്ററായിരുന്നു. ആത്മീയ ജീവിതത്തിൽ ഞാൻ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ദൈവ ഭൃത്യനാണ് ഇദ്ദേഹം. അദ്ദേഹത്തോടൊപ്പം ഭവനത്തിലെത്തി വിശ്രമിച്ചു. ആ പകലും രാത്രിയും ക്ഷീണം കൊണ്ട് ദീർഘമായുറങ്ങി. പാസ്റ്റർ മാനുവേൽ ജോൺസന്റെ സഹധർമ്മിണി നിർമ്മല ആന്റിയെയും വളരെ വർഷങ്ങൾക്കു ശേഷം കാണുവാൻ കഴിഞ്ഞത് ഹൃദ്യമായ അനുഭവമായി. പിറ്റേന്ന് വൈകിട്ട് 6.30ന് മക് ആർതർ എയർപോർട്ടിൽ നിന്നും അറ്റ്ലാന്റയിലെത്തി. ഭാര്യാ സഹോദരൻ ബെഞ്ചിച്ചായനും മകൻ റ്റോജിയും എയർപോർട്ടിലെത്തിയിരുന്നു. അറ്റ്ലാന്റായിൽ ധാരാളം സ്നേഹിതരും പരിചയക്കാരുമുള്ള സ്ഥലം ആയതിനാൽ ഹൃദയത്തിന് അല്പം ലാഘവം തോന്നി. ഊമക്കത്തിന്റെ റിയാക്ഷൻ എങ്ങനെ എന്ന ചിന്ത ഇടയ്ക്ക് മനസിലോടിയെത്തിയെങ്കിലും എല്ലാമറിയുന്ന ദൈവമുമ്പാകെയാണല്ലോ എന്ന ചിന്ത ആശ്വാസമായി. അതിനിടയിൽ കത്ത് എഴുതിയവരെക്കുറിച്ചുള്ള സൂചനകൾ കിട്ടിയത് ഏറ്റവും അടുത്ത സ്നേഹിതർ എന്നെ അറിയിച്ചു.

(തുടരും...)

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

പുതിയ നിയമത്തിൽ ഈ സ്വദർത്തമാനത്തെ(സുവിശേഷത്തെ) പല പേരുകളിലാണ് അറിയപ്പെടുന്നത്-

1. ദൈവരാജ്യത്തിന്റെ സുവിശേഷം, മർക്കൊ : 1 :14.

2. രാജ്യത്തിന്റെ സുവിശേഷം, മത്തായി: 24 : 14.

3. ദൈവത്തിന്റെ സുവിശേഷം, റോമ : 1 : 1 – 3, 15 :15, 2കൊരി: 11 :7, 1പത്രോസ്:4 : 17.

4. ദൈവകൃപയുടെ സുവിശേഷം, പ്രവ: 20: 24.

5. രക്ഷയുടെ സുവിശേഷം, എഫെ: 1:13.

6. വേറൊരു സുവിശേഷം, ഗലാ : 1: 6.

7. നിത്യസുവിശേഷം, വെളി : 14 :6.

നിർമ്മലസുവിശേഷത്തിന്റെ ഉടമ ദൈവമാണ്. 1തെസ്സ : 2:8-ൽ ദൈവത്തിന്റെ സുവിശേഷം കാണുന്നു. സുവിശേഷം തലതലമുറയായി കൈമാറുവാൻ ദൈവത്തിനു സുവിശേഷകരെ ആവശ്യമുണ്ട്. ദൈവം തന്നെ വിശ്വസിച്ചു ഭരമേല്പിച്ച ഒരു നിധിയാണിതെന്ന ബോദ്ധ്യം പൗലോസിനുണ്ടായിരുന്നു. മഹത്വമുള്ള സുവിശേഷം ആകയാൽ അതിൽ ലവലേശവും മായം ചേർക്കാതെ വെള്ളം ചേർക്കാതെ സൂക്ഷിപ്പാനും പ്രചരിപ്പാനും സഭയ്ക്ക് ഉത്തരവാദിത്വമുണ്ട് 1 :12 മുതൽ 17 -ാം വരെയുള്ള വാക്യങ്ങളിൽ പൗലോസ് തിമൊഥെയൊസിനോടു പറവാൻ ആഗ്രഹിക്കുന്ന വിഷയം ക്രിസ്തു തനിക്കു നൽകിയ ശുശ്രൂഷയും തന്നിൽ വരുത്തിയമാറ്റവും പ്രസ്താവിക്കുകയാണ്, ദമസ്ക്കോസിന്റെ പടിവാതില്ക്കൽ വച്ച് താൻ കർത്താവിനെ കണ്ടപ്പോൾ തന്നെ കർത്താവ് തന്റെ ശുശ്രൂഷയ്ക്കായി പൗലോസിനെ വേർതിരിച്ചു, നോക്കുക, കർത്താവ് അവനോട്, നീ പോക, അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നൊരു പാത്രം ആകുന്നു. അപ്പൊ: പ്രവ:9 :15. പഴയനിയമകാലത്ത് ദൈവം അയയ്ക്കാതെ ചില പ്രവാചകന്മാർ ശുശ്രൂഷ ചെയ്തു പോന്നു, യിരെമ്യാവ് പറഞ്ഞിരുന്നത്, ഞാൻ ഈ പ്രവാചകന്മാരെ അയയ്ക്കാതിരുന്നിട്ടും അവർ ഓടി ഞാൻ അവരോടു അരുളി ചെയ്യാതിരുന്നിട്ടും അവർ പ്രവചിച്ചു, യിരെ :23 :21. ഇക്കാലത്തും ദൈവം അയയ്ക്കാതെ വലിയൊരു ശതമാനം ആളുകൾ ശുശ്രൂഷയ്ക്കായി ഇറങ്ങുന്നുണ്ട്. എന്നാൽ ശ്രേഷ്ഠ അപ്പോസ്തലനായ പൗലോസ് അങ്ങനെയായിരുന്നില്ല. വിളിയെപ്പറ്റി ഏറിയ നിശ്ചയം തനിക്കുണ്ടായിരുന്നു. പുതിയ നിയമത്തിലും പഴയനിയമത്തിലും ശുശ്രൂഷകന്മാരെ നിയമിക്കുന്നത് ദൈവമാണ്. മനുഷ്യരാൽ നിയമിക്കപ്പെടുന്ന ശുശ്രൂഷകന്മാർ നിലത്തു നിൽക്കുകയില്ല.

പാസ്റ്റർ കെ. ജോയി പറയുന്നു, കർത്താവ് ഒരാളെ ശുശ്രൂഷയ്ക്കായി നിയമിച്ചാൽ അവനു കൃപയും ശക്തിയും നൽകുന്നു. ശുശ്രൂഷാമണ്ഡലത്തിൽ യാതൊരു ഗുണമോ പ്രയോജനമോ ചെയ്യാത്ത വലിയൊരുകൂട്ടം ഇക്കാലത്തുണ്ട്. അവർ കർത്താവിനാൽ നിയമിക്കപ്പെട്ടവരല്ല. വൃക്ഷത്തെ ഫലം കൊണ്ട് തിരിച്ചറിയാം എന്നതുപോലെ ശുശ്രൂഷകനെ ശുശ്രൂഷയാൽ അറിയാം". പൗലോസ് ശ്ലീഹ വ്യക്തമാക്കുന്നു കർത്താവായ യേശുക്രിസ്തുവാണ് തന്നെ ശുശ്രൂഷയ്ക്കു വിളിച്ചത് എന്ന കാര്യം. ദൈവീക ശുശ്രൂഷ താൻ സ്വയമായി തിരഞ്ഞെടുത്തതല്ല, മറ്റുള്ള സഭാ അദ്ധ്യക്ഷന്മാരോ നേതാക്കന്മാരോ ഭരമേല്പിക്കുകയും ചെയ്തു വലിയ ദൗത്യമായിരുന്നു, അത് തന്റെ ക്രിസ്തീയപ്രവർത്തനങ്ങളിലെല്ലാം വ്യക്തമായി പ്രതിഫലിച്ചിരുന്നു. പൗലോസിന്റെ ജീവിതം ശ്രദ്ധിച്ചാൽ അത് മനസ്സിലാകും. രണ്ടാമതായി യേശുക്രിസ്തുവാണ് തന്നെ ആത്മീയ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തം ഭരമേല്പിച്ചത് എന്ന ചിന്ത തന്റെ എല്ലാ പ്രതിസന്ധികളിലും തരണം ചെയ്യുവാൻ പൗലോസിനെ സജ്ജമാക്കി. പൗലോസിന്റെ ജീവിതം ഒരു വലിയ പോരാട്ടം ആയിരുന്നു, രോഗം, ക്ഷീണം, എതിർപ്പ്, പീഡനങ്ങൾ, ആപത്തുകൾ, കല്ലേറ്, പട്ടിണി ഇങ്ങനെയുള്ള പ്രതിസന്ധികൾ തരണം ചെയ്യുവാൻ പൗലോസിനു കഴിഞ്ഞു, കാരണം ശുശ്രൂഷയെക്കുറിച്ച് ഒരു വ്യക്തമായ അറിവും അതിനെക്കുറിച്ചുള്ള ബോധവും തനിക്കുണ്ടായിരുന്നു. മൂന്നാമതായി, തന്നെ കർത്താവ് ഭരമേല്പിച്ച ദൗത്യത്തിന് പൗലോസ് എന്നും നന്ദിയുള്ളവനായിരുന്നു, സംതൃപ്തിയോടും സന്തോഷത്തോടും കൂടെ ചെയ്യേണ്ടതാണ് ആത്മീയ ശുശ്രൂഷ എന്നു പൗലോസ് നമ്മെ പഠിപ്പിക്കുന്നു.

ഒരു കാലത്ത് സഭയെ മുടിച്ചു നടന്നവന്റെ കൈയിൽ സഭയെ ഏല്പിച്ചു. ഉപദ്രവിയെ ഉപദേഷ്ടാവാക്കി മാറ്റി, ദൂഷകനെ മിഷനറിയാക്കി, നിഷ്ഠൂരനെ ശുശ്രൂഷകനാക്കി. യെരുശലേമിലെ സഭയ്

– തുടർച്ച–

ക്കു ആദ്യം അത് വിശ്വസിക്കുവാൻ കഴിഞ്ഞില്ല പ്രവ : 9 :26 -31. പൗലോസ് ഉപദ്രവി ആയിരുന്നുയെങ്കിലും മനഃസാക്ഷി നിർമ്മലമായിരുന്നതിനാൽ കർത്താവ് വിശ്വസ്തൻ എന്നെണ്ണി ശുശ്രൂഷ ഭരമേല്പിച്ചു. ശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടവർ കർത്താവിനെ സ്തുതിക്കുകയും ഭരമേല്പിക്കപ്പെട്ട ശുശ്രൂഷ ഒരു ഭാഗ്യപദവിയായി കാണുകയും ചെയ്യണം. അതാണ് പൗലോസ് ചെയ്തത്.

'എനിക്കു ശക്തി നൽകിയ ക്രിസ്തുയേശു' എന്നാണ് ഇവിടെ കാണുന്നത്, ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക എന്ന പ്രബോധനം നിജപുത്രനായ തിമൊഥെയൊസിനു താൻ നൽകി. ക്രിസ്തുയേശു എന്നാണ് പൗലോസ് പറയുന്നത്, എന്നാൽ യേശുക്രിസ്തു എന്നാണ് പറയേണ്ടത്, അതിനു വേദപഠിതാക്കൾ കൊടുക്കുന്ന വിശദീകരണം. പൗലോസ് ജഡത്തിലുള്ള യേശുവിനെയല്ലാ കണ്ടത്, പത്രോസും മറ്റു ശിഷ്യന്മാരും യേശുവിന്റെ ഭൗതീക ശരീരം കണ്ടവരും തൊട്ടവരുമാണ്, എന്നാൽ പൗലോസ് തേജസ് കരിക്കപ്പെട്ട ക്രിസ്തുവിനെയാണ് കണ്ടത്, അതുകൊണ്ട് ക്രിസ്തുയേശു എന്നു പറയുന്നു. അർത്ഥത്താൽ ദർശനത്തിൽ കണ്ടതിനാലാണ് അങ്ങനെയൊരു പ്രയോഗം വന്നത് പൗലോസ് തന്റെ എഴുത്തുകളിൽ ഉപയോഗിക്കുന്നത്.

ശുശ്രൂഷകന്മാ

05

## നോവൽ 10



സുനിൽ വർഗീസ്,
ബാംഗ്ലൂർ

# കാൽവറിയുടെ ഉയരങ്ങൾ

ഡേവിഡിന്റെ മുൻപിൽ തന്റെ ദർശനം പങ്കു വെച്ചതും അവൻ സ്പർശിച്ച, മാത്രയിൽ ക്രൂശി തന്റെ നോവുകൾ താൻ ദർശിച്ചതും ആൽബർട്ട് ഓർത്തു. ആലയം പണി, മാതേവനും മറ്റും തക്യതിയായി ചെയ്യുമ്പോൾ, ഒന്ന് ഉറങ്ങുവാനായിരുന്നു ആൽബർട്ട് കുടിലിൽ വന്നത്. ഉറക്കം കണ്ണിൽ കടക്കുന്നതിനു മുൻപ് ഡേവിഡിനെകുറിച്ചുള്ള ചിന്തകളും നീലമുടിയിലെ ആദ്യ നാളുകളും ഓർത്ത്, ഉറക്കത്തിന്റെ വരവും കാത്ത് അയാൾ മിഴി പൂട്ടി. വസൂരി അതിന്റെ ഭീകരതയോടെ നീലമുടിയെ കാർന്നു തിന്നാൻ തുടങ്ങിയതോടെയാണ് ആൽബർട്ടിന് ഉറക്കം നഷ്ടമായത്, അസ്വസ്ഥമാക്കുന്ന സ്മരണകൾ ചേക്കേറി തുടങ്ങിയത്. പതിവില്ലാതെ പോയ കാലങ്ങളെ ഓർക്കുന്നത് ആൽബർട്ടിൽ വിസ്മയം ഉളവാക്കിയിരുന്നു.

ഗ്രാജുവേഷൻ കഴിഞ്ഞപ്പോൾ ആൽബർട്ടിന് ഡേവിഡ് അയച്ച ഒരു കാർഡ് കിട്ടി. ബൈബിൾ കോളജിലേക്കാണ് അത് വന്നത്.

ആൽബർട്ട്, വിഷൻ ഓർക്കുക, മുണ്ടോട്ടിത്തറ സ്വാഗതം പറയുന്നു, ഞാനും. ഡേവിഡ് ആൽബർട്ടിന്റെ ഒരു സുഹൃ ത്താണ് അ കാർഡ് ആൽബർട്ടിന്റെ വീട്ടിൽ കൊണ്ടു വരുന്നത്.

അപ്പോൾ എങ്ങനെയാണ് ഇരുണ്ടു പോയ മനസ്സുള്ളവർക്ക് പ്രകാശം പകരാനാവുക എന്ന വ്യാകുലതയുമായി അയാൾ കഴിയുകയായിരുന്നു.

പപ്പായും മമ്മിയും ഏറെ നേരം എതിർപറഞ്ഞു കൊണ്ടു നിന്നു. എങ്കിലും ഡേവിഡിന്റെ സ്വാഗതം, ദൈവം നൽകിയ മുഖാന്തിരമാണ് എന്ന ഉൾകാഴ്ചയോടെ ആൽബർട്ട് മുണ്ടോട്ടിത്തറയിലേക്ക് പോകാൻ തയ്യാറായി. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന കോളനികളും അവർ അന്നം തേടുന്ന ഉൾക്കാടുകളും ചെറിയ കുഗ്രാമങ്ങളും ചേർന്ന് ആ പ്രദേശത്തിലെ അല്പമെങ്കിലും പരിഷ്ക്കാരമുള്ള ഇടമായിരുന്നു മുണ്ടോട്ടിത്തറ. കഴിഞ്ഞ രണ്ടു വർഷമായി ഡേവിഡ് അവിടെയാണ്. അക്ഷീണ പരിശ്രമങ്ങൾക്കൊടുവിൽ മുപ്പതോളം ഗോത്രവർഗ്ഗക്കാർ ഡേവിഡ് ഉയർത്തിക്കെട്ടിയ സഭയിലേക്ക് കടന്നു വന്നു തുടങ്ങി.

മുണ്ടോട്ടിത്തറയിൽ ഡേവിഡ് തനിക്കാരായിരുന്നു? അദ്ധ്യാപകനും പിതാവും വഴികാട്ടിയും സുഹൃത്തും എല്ലാം....ആൽബർട്ട് ദീർഘമായി നിശ്വസിച്ചു. മിഷൻ പാഠങ്ങളിലെ അടിസ്ഥാന തത്വങ്ങൾ അവിടെ വെച്ചായിരുന്നു ആൽബർട്ട് പ്രായോഗീകമാക്കിയത്. എങ്കിലും എന്തോ അപര്യാപ്തത ആൽബർട്ടിനെ മഥിക്കുന്നുണ്ടായിരുന്നു. അപൂർണ്ണതകളുടെ ചേക്കേറൽ അയാളിൽ തുടർന്നു കൊണ്ടിരുന്നു. ഒടുവിൽ ആൽബർട്ട് അത് ഡേവിഡിനോട് പറയുകയും ചെയ്തു. അങ്ങനെ അവരുടെ പ്രവർത്തനം രണ്ടു ദിശകളിലേക്കായി.

കഴിഞ്ഞ മഴക്കാലത്ത് ഉരുൾ പൊട്ടൽ നടന്നപ്പോൾ വൈദ്യസഹായവും മറ്റ് സാമ്പത്തീക സഹായവും നൽകാൻ ആൽബർട്ട്, ഡേവിഡൊത്ത് ഒരു മിഷൻ സംഘടനയോടൊപ്പം നീലമുടിയിൽ പോയിരുന്നു. അന്ന് തോന്നിയ ആകർഷണമാണ് നീലമുടിയോട്.

പിന്നീട് അത് തീരുമാനമായി പരിണമിച്ചു. നീലമുടിയിൽ ക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ കാറ്റ് വീശുന്നത് അയാൾ അങ്ങനെ സ്വപ്നം കണ്ടു തുടങ്ങി.

ഡേവിഡ് മുണ്ടോട്ടിത്തറയിലെ പ്രവർത്തനം തുടർന്നപ്പോൾ ആൽബർട്ട് നവ്യമായ അനുഭൂതിയോടെ നീലമുടി കയറി. തീവ്രമായ ആവേശം അയാളിൽ ഉണ്ടായിരുന്നു. സംസ്ക്കാരം വളർന്നിട്ടില്ലാത്ത ഒരു കൂട്ടം മനുഷ്യാത്മാക്കൾ. ജീവിതം തിന്നുകയും പോരാടുകയും ഉറങ്ങുകയും ഇണചേരുകയുമാണെന്ന് ധരിച്ചിരിക്കുന്നവർ.

എന്നാൽ ആൽബർട്ടിന് എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. എതിർപെടുമ്പോൾ, തുറിച്ചു നോക്കുന്ന, ആകെ ചടച്ചു പോയ, തേജസ്സില്ലാത്ത അവരോട് എങ്ങനെയാണ് യേശുവിനെ പറ്റി പറയുക?

നീലമുടിയിലെ നിറച്ചാർത്തുകൾക്കിടയിലൂടെ ആൽബർട്ട് നടക്കുന്നത്, ചിലപ്പോൾ തങ്ങളെ തുറിച്ചു നോക്കുന്നത് അവരും കാണുന്നുണ്ടായിരുന്നു. ഒരു എജ്മാ, പക്ഷേ കൈയ്യിൽ തീ തുപ്പുന്ന വടിയില്ല. തീ തുപ്പുന്ന വടിയുമായി കാട് കീഴ്മേൽ മറിക്കുവാൻ വരുന്ന എജ്മമാരെ അവർക്ക് വെറുപ്പായിരുന്നു. ആ വെറുപ്പാവാം തങ്ങളുടെ അതിർ കടന്നെത്തിയ ആൽബർട്ടിനെ ബന്ധിച്ച് മൂപ്പന്റെ മുന്നിൽ കൊണ്ടെറിയാൻ അവരെ പ്രേരിപ്പിച്ചത്. തല്ലും തൊഴിയുമേറ്റ് ആൽബർട്ട് ആകെ നീറുകയും ഞരങ്ങുകയുമായിരുന്നപ്പോൾ.

അസ്ഥികൾ നുറുങ്ങുന്ന വേദന.

ഏതെങ്കിലും എജ്മയോട് എല്ലാ എജ്മമാരോടുമുള്ള പക വീട്ടുവാൻ കിട്ടിയ അവസരം അവർ തക്കത്തിൽ ഉപയോഗിച്ചിരിക്കുന്നു. വേദന കടിച്ചമർത്തി മുഖമുയർത്തിയ ആൽബർട്ട് കണ്ടത്, ഇരുണ്ട നിറവും കുറുകിയ ശരീരവുമുള്ള ഒരു മനുഷ്യനെയാണ്. പതിഞ്ഞ മൂക്കും ചുരുളൻ മുടിയും അയാളുടെ വന്യത വെളിവാക്കുന്നതായിരുന്നു. മുറുക്കി ചുവപ്പിച്ച ചുണ്ടുകൾ അനങ്ങുന്നു.

നീയാന്തിനാ ഇവ്ടെ വന്നേ...

നീയാരാ...?

ചോര ചതഞ്ഞ മുഖത്തോടെ ആൽബർട്ട് മൂപ്പനെ ശ്രദ്ധിച്ചു. സ്നേഹത്തോടെ, സഹാനുഭൂതിയോടെ തനിക്ക് ഇടപെടാൻ കഴിയണം.

നിങ്ങളെ പോലെ ഒരാൾ...

മൂപ്പാ, ഇവന് അന്ത മാതിരി കള്ള എജ്മായാ, കാടു മുടിക്കാനാ വന്നേ...ഒരാൾ അലറുന്നു.

കൊന്നു കളാം മൂപ്പാ...! മറ്റൊരാൾ

ആൽബർട്ടിൽ, ഉണ്ടെന്നു കരുതിയ കരുണയും സ്നേഹവും വലിഞ്ഞു മാറുന്നു; പകരം ഭയവും വെറുപ്പും അയാളിൽ ഊറി തുടങ്ങി.

ഗൗരവത്തോടെ മൂപ്പൻ എഴുന്നേറ്റ് ആൽബർട്ടിന്റെ അരികിലെത്തി.

അവനെ അഴിക്ക്.

മുള്ളു നിറഞ്ഞ മരത്തിൽ നിന്ന് ആരോ ആൽബർട്ടിനെ അഴിച്ചു. ദേഹമാസകലം വിങ്ങൽ. ആൽബർട്ട് കുഴഞ്ഞ് താഴേക്കൂർന്നു.

മൂപ്പൻ അടുത്തേക്കു വരുന്നു. ദുർഗന്ധം നിറഞ്ഞ കാലു കൊണ്ട് ആയാൾ മുഖം കാണുവാനായി ആൽബർട്ടിന്റെ തല തിരിച്ചു.

മൂപ്പ; മഴക്കാലത്ത് ഉർള് പൊട്ടിയപ്പോ നൊമ്മളെ സകായിക്കാൻ വന്ന...

അവ്യക്തമായി പോകുന്ന ശബ്ദങ്ങൾ.

ജീസസ്...! ആൽബർട്ടിൽ നിന്ന് നേർത്തൊരു ശബ്ദം പുറപ്പെട്ടു. അയാളുടെ ബോധം മറയുകയായിരുന്നു. (തുടരും)

## പ്രാർത്ഥനയ്ക്ക്



ഗ്രേസ് അന്ന

ചർച്ച് ഓഫ് ഗോഡ് സഭാശുശ്രൂഷകനും മാധ്യമ പ്രവർത്തകനുമായ പാസ്റ്റർ റെന്നി ഇടപ്പറമ്പിലിന്റെ മകൾ ഗ്രേസ് അന്ന (10 വയസ്സ്) ഹാർട്ട് സർജറിയെത്തുടർന്ന് എറണാകുളം അമൃത മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കുന്നു. അനുവാചകരുടെ വിലപ്പെട്ട പ്രാർത്ഥനയെ ക്ഷണിക്കുന്നു.

ഫോൺ. 9446625996

Believers Journal
P.O. Box: 31, Manjadi P.O.,
Thiruvalla - 689 105

ചോദ്യോത്തര വേദി

# പിശാചുബാധ ഒഴിപ്പിക്കലിന് വത്തിക്കാന്റെ അംഗീകാരം



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** ഭൂതങ്ങളില്ലെന്നും, ഭൂതങ്ങളെപ്പറ്റിയുള്ള ചിന്തകളാണ് കുഴപ്പങ്ങൾ ഉണ്ടാക്കുന്നതെന്നും, ഈ വിഷയത്തിൽ വേദപുസ്തകം നവീകരിക്കണമെന്നും സുപ്രീം കോടതി (റിട്ട.)ജസ്റ്റീസ് കെ.ടി. തോമ സുൾപ്പെടെ പല ക്രിസ്ത്യാനികളും ചിന്തിക്കുമ്പോൾ- ആവശ്യപ്പെടുമ്പോൾ (റിപ്പോർട്ട് : മലയാള മനോരമ 19/11/2011), **പിശാചുബാധ ഒഴിപ്പിക്കലിന്** മാർപാപ്പ അംഗീകാരം നല്കി. മുപ്പതു രാജ്യങ്ങളിലായി 250 വൈദീകരാണ് **വിശ്വാസികളിലെ ബാധ ഒഴിപ്പിക്കൽ** പ്രാർത്ഥനകളിലും പ്രവർത്തനങ്ങളിലും സജീവമായി ട്ടുള്ളത്. ഇവരുടെ അസോസിയേഷനും മാർപാപ്പ അംഗീകാരം നല്കി (മലയാള മനോരമ 5/7/2014).

യേശുവിനെ വിശ്വസിക്കുന്നവരിൽ (വിശ്വാസിക ളിൽ) പിശാചുബാധ ഉണ്ടാകുമോ?

– ലിന്റാ, തിരുവല്ല

**ഉത്തരം:** യേശുവിനെ വിശ്വസിക്കുന്നവർക്കും പ്രസംഗിക്കുന്നവർക്കും ജലദോഷം മുതൽ കാൻസർ വരെയുള്ള രോഗങ്ങൾ പിടിപെടു ന്നതുപോലെ തന്നെ പിശാചുബാധയും വിശ്വാസികൾക്ക് ഉണ്ടാകാം. ജീവിതം ക്രമീക രിച്ച് രോഗങ്ങളെ അകറ്റി നിർത്തുന്നതുപോലെ തന്നെ, പിശാചിന്റെ ആക്രമണം നേരി ടാൻ വിശ്വാസി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചിരിക്കേണ്ടതാണ് (എഫെസ്യർ 6 : 10 – 18).

ഒരിക്കൽ യേശുവിനെ കർത്താവെന്ന് ഏറ്റുപറഞ്ഞശേഷം, എത്ര അയോഗ്യമായി ജീവി ച്ചാലും കുഴപ്പമില്ലെന്നും, എന്നാൽ കൂട്ടായ്മകളിൽ കർത്താവിനെ രസിപ്പിക്കുന്ന പാട്ടു പാടിയും, നൃത്തം ചെയ്തും, കൈയ്യടിച്ചും, കൈയ്യുയർത്തിയും, അടുത്തിരിക്കുന്ന ആൾക്ക് കൈ കൊടുത്തും **കർത്താവ് നല്ലവൻ** എന്നിടയ്ക്കിടെ പറഞ്ഞാൽ, സർവ്വരുടെയും ഹൃദ യത്തിലെ ആലോചനകളും ഉദ്ദേശങ്ങളും അറിയുന്ന **കർത്താവിനതങ്ങ് വല്ലാണ്ട് സുഖിക്കും** എന്ന് വിശ്വസിക്കാനാണ് പലർക്കും ഇഷ്ടം. ഇങ്ങനെയുള്ള വിശ്വാസികളിൽ പലരെയും പിന്നീട് ഭൂതം പിടിച്ച്, വ്യാജാത്മാവിനാൽ നയിക്കപ്പെട്ട്, വീട്ടുകാർക്കും നാട്ടു കാർക്കും ബുദ്ധിമുട്ടുണ്ടാക്കി സ്വയമേ സ്വാതന്ത്ര്യം പ്രാപിക്കാൻ ശേഷിയില്ലാതെ കർത്താ വിന്റെ രക്തത്തിലും കരുണയിലും വീണ്ടും ആശ്രയിച്ച് സ്വാതന്ത്ര്യം നേടാൻ സഹായി ക്കുന്ന ശുശ്രൂഷയിൽ ഈ ചോദ്യത്തിന് ഉത്തരമെഴുതുന്ന ഞാൻ ധാരാളം പങ്കെടുത്തിട്ടു ണ്ട്. ഭൂതത്താൽ നിയന്ത്രിക്കപ്പെടുന്ന ക്രിസ്തീയ ശുശ്രൂഷകരും ഇക്കൂട്ടത്തിൽപ്പെടും. ആത്മീ യജീവികളായ അശുദ്ധാത്മാക്കളെക്കുറിച്ചും, സാത്താനെക്കുറിച്ചും, ദൂതന്മാരെക്കുറിച്ചും, ഈ ആത്മീയജീവികൾ മനുഷ്യരിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും, ഈ ലോക ത്തിൽ ഏറ്റവും കൂടുതൽ വെളിപ്പെടുത്തിയിരിക്കുന്നത് യേശുക്രിസ്തുവാണ്. യേശു ക്രിസ്തു വെളിപ്പെടുത്തിയത് വിശ്വസിക്കുന്നതിനാണ് ക്രിസ്തീയ വിശ്വാസം എന്ന് പറ യുന്നത്. മനുഷ്യനേത്രങ്ങൾക്ക് അഗോചരമായിരിക്കുന്ന ഈ ജീവികളുടെ അസ്തിത്വക്കുറി ച്ചുള്ള ഉറപ്പിനും കൂടിയാണ് വിശ്വാസം എന്നു പറയുന്നത് (എബ്രായർ 11: 1). വിശ്വാസം പലർക്കുമില്ലാത്തത് എന്റെ വിഷയമല്ല.

**ഭൂതങ്ങൾ പുതിയനിയമ വിശ്വാസിയിൽ**

1) പാപം ചെയ്യാനാഗ്രഹിക്കാത്ത, തന്നെത്തന്നെ സൂക്ഷിക്കുന്ന ഒരു ക്രിസ്ത്യാനിയെ **തൊടാൻ ഭൂതങ്ങൾക്ക് അവകാശമില്ല** (1യോഹ. 5:18).

2) പാപം ചെയ്ത ക്രിസ്ത്യാനി, തന്റെ പാപം ഏറ്റു പറയുന്നുവെങ്കിൽ, ദൈവത്തോടും മനുഷ്യരോടും നിരപ്പായെങ്കിൽ '**ഭൂതങ്ങൾക്ക്' പിടിച്ചു നില്ക്കാൻ അവകാശമില്ല** (യോ ഹ. 1:9, യാക്കോബ് 5:14).

3) വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിക്ക് പാപം ചെയ്തുകൊണ്ട് ദൈവാത്മാവിനെ ദുഃഖിപ്പിക്കുവാനും (എഫേസ്യർ 4:30), അവഹേളിക്കുവാനും (എബ്രായർ10:29), കെടു ത്തിക്കളയുവാനും (1 തെസ്സലോനിക്യർ 5: 19) കഴിയുന്നതാണ്.

4) ജീവിതം ക്രമീകരിക്കുന്നതിൽ താല്പര്യമില്ലാതെ, സത്യാരാധനയിൽ പങ്കെടുത്താൽ രോഗികളാകാനും, നേരത്തെ മരിക്കാനും സ്നേഹവാനായ ദൈവം പലരെയും അനുവ ദിക്കാറുണ്ട് (1 കൊരി. 11:30). ദൈവത്തിന്റെ തീ പരിശോധിക്കുന്ന നാളിൽ, ഒരു പക്ഷേ പ്രതിഫലം കൂടുതൽ നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാകണം നേരത്തെ മരിക്കാൻ പല രെയും ദൈവം അനുവദിക്കുന്നത്.

5) നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസി ക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും, ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെതന്നെ (1 കൊരി. 3:16-17). **(ദൈവത്തിന്റെ മന്ദിരമാകുന്ന വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനി അശുദ്ധമാക്കപ്പെടുവാൻ സാദ്ധ്യതയില്ലായിരുന്നുവെങ്കിൽ ഈ വചനം എഴുതേണ്ട ആവശ്യമില്ലായിരുന്നു).**

**സാത്താന്റെ മേൽ വിശ്വാസികൾക്കുള്ള ജയം**

1) യേശുക്രിസ്തു തന്റെ ക്രൂശുമരണത്തോടുകൂടി സാത്താനെ തോല്പിക്കുകയും സകല വിശ്വാസികൾക്കും വിജയം നൽകുകയും ചെയ്തിരിക്കുന്നു (1 യോഹ 3:8, കൊലെ. 2:15 ; എബ്രാ. 2: 14,15).

2) വിശ്വാസി ജഡീകപാപങ്ങളിലൂടെ സാത്താന് യാതൊരു വിധത്തിലും തന്റെ ജീവി തത്തിൽ ഇടം കൊടുക്കരുത് (എഫെസ്യർ 4:27).

3) വിശ്വാസി ദൈവത്തിന് കീഴടങ്ങുകയും പിശാചിനോട് എതിർത്തു നില്ക്കുകയും വേണം (യാക്കോബ് 4: 7 ; 1 പത്രോസ് 5 : 8).

4) പിശാചിന്റെ ആക്രമണത്തിൽ നിന്നുള്ള സംരക്ഷണയ്ക്കായി വിശ്വാസിക്ക് നല്ക പ്പെട്ടിരിക്കുന്ന ദൈവത്തിന്റെ സർവ്വായുധവർഗ്ഗം അവൻ ധരിച്ചിരിക്കേണ്ടതാണ് (എഫെ സ്യർ 6 : 10-18).

5) ദൈവം നല്കുന്ന രക്ഷയിലൂടെ (നീതികരണത്തിലൂടെ) ഒരു വിശ്വാസി **നിയമപ രമായി സാത്താന്റെ അധീനതയിൽ നിന്ന് സ്വതന്ത്രമാകുന്നു** (അപ്പോ. പ്രവ 26: 18, 2 കൊരി 4:4, എഫെസ്യർ 2: 1-3 ; കൊലൊ 1: 13 ; ലൂക്കോസ് 10 : 17 -20).

6) പുതിയനിയമ കല്പനകളനുസരിച്ച് നടക്കുന്നതിലൂടെ **നിയമപരമായി വിലകൊ ടുത്തു വാങ്ങിയ സ്വാതന്ത്ര്യം വിശ്വാസി കാത്തു സൂക്ഷിക്കുന്നു** (1 യോഹ 5:18).

7) ദൈവം നല്കുന്ന സൗജന്യ രക്ഷ (നീതികരണം) സ്വീകരിച്ചശേഷം, ഓരോ വിശ്വാ സിയും ക്രിസ്തു എന്ന തലയോളം വളരണമെന്നുള്ളതാണ് ദൈവത്തിന്റെ ആഗ്രഹം (എഫെസ്യർ 4 : 15).

ഒരിക്കൽ രക്ഷ ഏറ്റുപറഞ്ഞശേഷം **ദേമാസിനെ**പ്പോലെ ലോകത്തെ സ്നേഹിച്ച് അപ്പൊസ്തലിക ഉപദേശത്തിൽ നിന്നും വിട്ടുപോയാൽ (2 തിമൊ 4 : 10), വിശ്വാസവും നല്ല മനസ്സാക്ഷിയും മുറുകെ പിടിക്കാതെ ഹുമാനെയോസിനെയും അലക്സന്തരെയും പോലെ ജീവിച്ചാൽ (1 തിമൊ. 1:19,20), ജീവിതത്തിലെ പല മണ്ഡലങ്ങളിലും അന്ധ കാരശക്തികളായിരിക്കും നമ്മെ ഭരിക്കുന്നത്.

രക്ഷിക്കപ്പെട്ട (നീതികരിക്കപ്പെട്ട) ഒരു വിശ്വാസിക്ക് പിന്നീട് ദൈവവചനം പഠിക്കു ന്നതിലോ, കൂട്ടായ്മ ആചരിക്കുന്നതിലോ, പ്രാർത്ഥിക്കുന്നതിലോ വിരക്തി ഉണ്ടായിട്ട്, ആരോടും സൗഹൃദമില്ലാതെ, അസാധാരണ പ്രവർത്തനങ്ങൾ ജോലി സ്ഥലത്തോ പഠ നസ്ഥലത്തോ നടത്തുകയാണെങ്കിൽ, ആത്മഹത്യ, മറ്റുള്ളവരെ തകർക്കുക, കൊലപാ തകം, ലഹരിമരുന്നുകളുടെ ഉപയോഗം തുടങ്ങിയവയെകുറിച്ചുള്ള താല്പര്യപൂർവ്വമായ സംഭാഷണം, അമിത രഹസ്യാത്മകത ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ, രഹസ്യ വിദ്യക ളിൽ പങ്കുചേരൽ, ഭീതി ജനിപ്പിക്കുന്ന സംഗീതം, ഭീതി ജനിപ്പിക്കുന്ന സിനിമകൾ ഇവ യിൽ താല്പര്യം, ഭയം, കോപം, അസൂയ കൂടുതലാണെങ്കിൽ, രഹസ്യ ജീവിതം ഉണ്ടെ ങ്കിൽ, യോഗ, കരാട്ടെ, ജീവനകല തുടങ്ങിയവയിൽ അമിത താല്പര്യം ഉണ്ടെങ്കിൽ, കൈനോട്ടം, ജാതകം നോക്കി ഭാവിഫലം അറിയാൻ താല്പര്യം ഉണ്ടെങ്കിൽ, മറ്റു മത ങ്ങളിൽ അമിത താല്പര്യമുണ്ടെങ്കിൽ, അന്ധകാര ശക്തികളുടെ സ്വാധീനം ഉണ്ടെന്ന് അനുമാനിക്കാം. ഈ ലക്ഷണങ്ങൾ എത്ര അധികമായും തുടർച്ചയായും കാണപ്പെടു ന്നുവോ, പിശാചിന്റെ സ്വാധീനം കൂടുതലായിരിക്കും. ഈ ലക്ഷണങ്ങൾ ചിലതുകണ്ട തുകൊണ്ട് പിശാചുബാധയുടെ സ്വാധീനമാകണമെന്നില്ല. കഠിനപ്പെട്ട മനസ്സോ , മാന സിക രോഗമോ, ആകാവുന്നതാണ്. എന്തായാലും കർത്താവിന്റെ സമാധാനത്തിലേക്കും സന്തോഷത്തിലേക്കും തിരിച്ചുവരാൻ ആഗ്രഹിക്കുന്നവരെ കർത്താവ് സഹായിക്കുന്ന താണ്.

## 01 ⇦ കർണ്ണാടക സുവിശേഷത്തിനായി....

ള്ള ബ്രിട്ടീഷ് പട്ടാള ക്യാമ്പിൽ പ്രാർത്ഥന ആരംഭിച്ചു. ബ്രിട്ടീഷ് ഓഫീസറുടെ ശിപായിയും മറ്റൊരു പോലീസ് മേധാവിയും രക്ഷിക്കപ്പെട്ടു. കന്നട, തമിഴ് ഭാഷകളിൽ സണ്ടേസ്കൂളുകൾ വിവിധയിടങ്ങളിൽ നടത്തി. 1918 -ൽ ഡോഡ്ബല്ലാപുരിൽ ഓർഫനേജ് സ്ഥാപിച്ചു. മൈസൂരിൽ ശക്തമായ ആത്മീയപ്രവർത്തനങ്ങൾ നടന്നു.

എന്നാൽ മിഷനറിമാരുടെ പ്രവർത്തനത്തിനുശേഷം 100 വർഷം പിന്നിട്ടിട്ടും കർണ്ണാടകയിൽ കാര്യമായ പുരോഗതി ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ല. പിന്നീട് പെന്തെക്കോസ്ത് സന്ദേശവുമായി കർണ്ണാടകയിൽ ആദ്യം എത്തുന്നത് കെ. സി. ചെറിയനാണ്. 1933-ൽ അദ്ദേഹം മംഗലാപുരത്തെത്തി. മൂന്നു മാസത്തെ പ്രവർത്തനഫലമായി 13 പേരെ സ്നാനപ്പെടുത്തി. 1939-ൽ പാസ്റ്റർ വി. ജെ. എബ്രഹാം ഉഡുപ്പിയിലെത്തി. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി സഭാവളർച്ചയുണ്ടായി. പിന്നീട് ഹുബ്ലിയിലേക്ക് അദ്ദേഹം കർമ്മരംഗം മാറ്റി. കന്നട സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ഒരു ബൈബിൾ സ്കൂളും മാസികയും തുടങ്ങി. എന്നാൽ പിൽക്കാലങ്ങളിൽ പ്രതീക്ഷിച്ചത്ര മുന്നേറ്റം കർണ്ണാടകയിലുണ്ടായില്ല. പൊതുവേ മിഷൻ സർക്കിളിൽ അറിയപ്പെടുന്നതുപോലെ കർണ്ണാടകം സുവിശേഷവേലയുടെ ശവപ്പറമ്പായി തുടരുകയാണ്. മലയാളികളുടെയോ തമിഴരുടെയോ ഇടയിലാണ് പ്രവർത്തനം. കന്നട സഭകൾ വ്യാപകമല്ല.

ഉത്തരേന്ത്യൻ ഗ്രാമങ്ങളെപ്പോലെ ജാതിവ്യവസ്ഥ, അയിത്താചരണം, മന്ത്രവാദം മറ്റ് അനാചാരങ്ങൾ ഒക്കെ നിലനിൽക്കുന്ന ഗ്രാമങ്ങളാണ് കർണ്ണാടകയുടേത്. ഈ ഗ്രാമങ്ങളിൽ സുവിശേഷപ്രവർത്തനം ശ്രമകരമാണ്. ജാതികൾ തമ്മിൽ നിലനിൽക്കുന്ന സ്പർദ്ധ, ഗോത്രവൈര്യം, വ്യത്യസ്ത സംസ്കാരങ്ങൾ എല്ലാം പ്രവർത്തനങ്ങൾക്ക് തടസ്സമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആസൂത്രിതമായ പീഡനങ്ങൾ അഴിച്ചുവിട്ടിരുന്നു. ഒളിക്യാമറ ഉപയോഗിച്ച് ഒരു പാസ്റ്ററെ കുടുക്കി അപമാനിക്കാൻ ശ്രമം നടത്തിയിരുന്നു. എന്നാൽ പുതിയ സർക്കാരും മലയാളിയായ ആഭ്യന്തരമന്ത്രിയും അധികാരത്തിൽ വന്ന സ്ഥിതിക്ക് സ്ഥിതിഗതികൾ മെച്ചമാണ്.

പെന്തെക്കോസ്ത് പ്രവർത്തനങ്ങളിൽ ഇപ്പോൾ വളർച്ചയുള്ളത് ഏ.ജി.ക്കാണ്. 630 സഭകളും 1000 പാസ്റ്റർമാരും ഏ. ജി.ക്കുണ്ട്. പ്രവർത്തനങ്ങൾ കൂടുതലും വില്ലേജുകളിലാണ്. പാസ്റ്റർമാരായ എം. എ. വർഗ്ഗീസ്, പോൾ തങ്കയ്യ, രവി മണി എന്നീ സഭകളും ഏ. ജി.സഭകളാണ്. പോൾ തങ്കയ്യയാണ് ഇപ്പോഴത്തെ സൂപ്രണ്ട്. 480 സഭകളും 500ലധികം ശുശ്രൂഷകന്മാരും ഐ. പി. സി.യിലുണ്ട്. ഇതിൽ കൂടുതലും കന്നട സഭകളാണ്. പാസ്റ്റർ സാം ജോർജ്ജിന്റെ നേതൃത്വത്തിൽ ശക്തമായ മുന്നേറ്റവും മിഷൻ പ്രവർത്തനങ്ങളുമാണ് നടന്നത്. ടി. പി. എം., ന്യൂ ഇൻഡ്യാ, ന്യൂ ലൈഫ് ചർച്ച് മറ്റ് സ്വതന്ത്ര സഭകൾ കർണ്ണാടകയിലുണ്ട്. ന്യൂ ജനറേഷൻ സഭകൾക്ക് വലിയ സ്വീകാര്യത ഇവിടെയില്ല. നഗരങ്ങൾ കേന്ദ്രീകരിച്ച് സഭകൾ വളരുന്നുണ്ട്.

എന്നാൽ ചർച്ച് ഓഫ് ഗോഡിന് വലിയ സഭാവളർച്ച കർണ്ണാടകയിലില്ല. കുക്ക് സായ്പ് കാലുകുത്തിയ സ്ഥലത്ത് 100 വർഷങ്ങൾക്കുശേഷമാണ് ഇപ്പോൾ ഒരു സഭ ആരംഭിച്ചിരിക്കുന്നത്. കർണ്ണാടക റീജിയന്റെ ഓവർസിയർ റവ. എബനേസർ ജോർജ്ജാണ്. ഇദ്ദേഹത്തിന്റെ കീഴിൽ 40 സഭകൾ മാത്രമേയുള്ളൂ. ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയന്റെ രണ്ടാമത്തെ ഓവർസിയറും പിന്നീട് മാണ്ഡ്യയായിൽ മിഷനറി സുപ്പീരിയറായി നിയമിതനായ റവ. വൈ. ജോസഫിന്റെ മകനായ ബേബൻ ജോസഫാണ് എഡ്യുക്കേഷൻ ഡയറക്ടർ. കർണ്ണാടകയിൽ ദൈവസഭയ്ക്ക് ബൈബിൾ കോളജുകളോ മറ്റു സ്ഥാപനങ്ങളോ ഇല്ല.

2012 സെപ്റ്റംബറിൽ കർണ്ണാടക മലയാളം റീജിയന്റെ അഡ്മിനിസ്ട്രേറ്ററായി റവ. എം. കുഞ്ഞപ്പി നിയമിതനായി. ഇദ്ദേഹത്തിന്റെ സ്ഥാനലബ്ദിക്കുശേഷം ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനം കർണ്ണാടകയിൽ ചലനാത്മകമാണ്. 14 സഭകളിൽ നിന്നും അറുപതു സഭകളിലേക്ക് വളർച്ചയുണ്ടായി. 40 സഭകൾ സ്വന്തമായ നിലയിൽ സ്ഥാപിച്ചതാണ്. 20 സഭകൾ ദൈവസഭയോടെ ചേർന്നതാണ്. ബാംഗ്ലൂരിൽ എയർപോർട്ട് റോഡിനടുത്ത് 20 ലക്ഷം രൂപയ്ക്ക് ഓഫീസ് കെട്ടിടം പകുതി തുക കൊടുത്ത് എഗ്രീമെന്റ് എഴുതിയിരിക്കുകയാണ്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നല്ല ടീം കർണ്ണാടകയിൽ പ്രവർത്തിക്കുന്നു. 100 വർഷത്തിനുശേഷം കുക്ക് സായ്പ് കാലു ചവിട്ടിയ സ്ഥലത്ത് ഒരു പ്രവർത്തനം ആരംഭിച്ചത് കുഞ്ഞപ്പിപാസ്റ്ററാണ്.

കർണ്ണാടകയുടെ വയൽ നിലങ്ങൾ കൊയ്ത്തിനായി വിളഞ്ഞിരിക്കുന്നു. മിഷനറിമാരുടെ വിയർപ്പും കണ്ണുനീരും വീണ ഈ മണ്ണിനെ ഉഴുതുമറിക്കാൻ ആത്മഭാരമുള്ള പ്രവർത്തകരെ ആവശ്യമുണ്ട്. ദൈവസഭയ്ക്ക് ഒരു മേൽവിലാസം ഉണ്ടാക്കാൻ കുക്ക് സായ്പിന്റെ പിൻമുറക്കാർക്ക് കഴിയുമോ എന്നതാണ് പ്രധാനപ്പെട്ട ചോദ്യം.

(തുടരും)

## ഉന്നതവിജയം



ഫേബ ബെൻ തോമസ്

**B.Sc** സുവോളജി (കേരള) മൂന്നാം സ്ഥാനം നേടിയ ഫേബ ബെൻ തോമസ് (മാർ ഇവാനിയോസ് കോളജ് തിരുവനന്തപുരം) വട്ടപ്പാറ അമ്പല നഗറിൽ വലിയ പറമ്പിൽ മഹനീയത്തിൽ പാസ്റ്റർ ബെൻ തോമസ്. വി യുടെയും ത്രേസ്യാമ്മയുടെയും മകളാണ്. മാർ ഇവാനിയോസ് കോളജിൽ ICPF Student Leader ആയിരുന്നു.

Website: www.beljourn.com www.beljourn.in

## ലേഖനം

# വിവാഹവസ്ത്രമുള്ളവൾ മണവാട്ടി

### സേവ്യർ കൊരട്ടി

വിവാഹവസ്ത്രം ധരിച്ച് ഒരുങ്ങി വേണം ഒരു മണവാട്ടി വിവാഹവേദിയിൽ പ്രവേശിക്കുവാൻ. തന്റെ മണവാട്ടിക്കും ഒരു വിവാഹവസ്ത്രമുണ്ടായിരിക്കണമെന്ന് യേശു ആവശ്യപ്പെടുന്നു. (വെളിപ്പാട് 19.8) രക്ഷിക്കപ്പെടുന്നതു മുതലുള്ള ഈലോകജീവിതകാലത്ത് നീതി പ്രവർത്തികളാൽ സ്വയം തയ്യാറാക്കിയിരിക്കേണ്ട വിവാഹവസ്ത്രം. മണവാട്ടി ശുദ്ധവും ശുഭ്രവുമായ വിവാഹവസ്ത്രം ധരിച്ച് ഒരുങ്ങിയിരിക്കുന്നതായി യോഹന്നാനു വെളിപ്പെട്ടു. ഈ വിവാഹവസ്ത്രം ഒരുക്കാത്തവർ ആരും ദൈവസഭയിൽ ഉൾപ്പെടുന്നില്ല എന്ന പച്ചയായ യഥാർത്ഥ്യം അതു നമ്മെ വിളിച്ചറിയിക്കുന്നു. വിവാഹനിശ്ചയം കഴിഞ്ഞ ശേഷവും (2 കൊരി. 11:2-3) വിവാഹവസ്ത്രമില്ലാത്ത കാരണത്താൽ പുറംതള്ളപ്പെടുന്ന ഇക്കൂട്ടരെ വിശ്വാസ സമൂഹം തിരിച്ചറിയണം.

യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയിൽ മദ്ധ്യാകാശത്തിലേയ്ക്ക് സംവഹിക്കപ്പെടുമെന്ന പ്രത്യാശയാണ് വിശ്വാസികൾക്കുള്ളത്. അതിനായി ബൈബിൾ അനുശാസിക്കുന്ന പ്രത്യോപദേശങ്ങൾക്കനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കുന്ന കൂട്ടത്തിൽ യേശുവിനെ അനുസരിക്കുക എന്ന അതിപ്രധാന വിഷയം കൈവിട്ടുപോകുന്നു. അതു വേണ്ടും വണ്ണം പഠിപ്പിക്കുവാൻ സഭാനേതൃത്വം തയ്യാറാകുന്നുമില്ല. പുതിയ നിയമത്തിൽ യേശുവും അപ്പൊസ്തോലന്മാരും വലിയ പ്രാധാന്യം കൊടുത്തിട്ടുള്ള ഇക്കാര്യം വിശ്വാസസമൂഹത്തിന് ഇന്ന് അന്യമായിരിക്കുന്നു.

പുതിയ നിയമത്തിലുടനീളം ഒരു അന്വേഷണം നടത്തിയാൽ ഈ വിശേഷവസ്ത്രം എങ്ങനെ ഒരുക്കിയെടുക്കാം എന്ന് പരിശുദ്ധാത്മാവു നമുക്കു മനസ്സിലാക്കിത്തരും. പഴയനിയമത്തിലും അതിന്റെ സൂചനകളുണ്ട്. (ഉദാ. ലേവ്യർ. 19:18, സങ്കീർത്തനം -112:9)

നിത്യജീവന് അവകാശിയാകുവാൻ എന്താണ് ചെയ്യേണ്ടത് എന്ന ഒരു ന്യായശാസ്ത്രിയുടെ ചോദ്യത്തിന് യേശു ഒരു മറുചോദ്യം ചോദിച്ചു. അയാളുടെ മറുപടിയിൽ തൃപ്തനായി യേശു പറഞ്ഞു, 'നീ പറഞ്ഞതു ശരി. അങ്ങനെ ചെയ്യുക'. എന്നാൽ നീ നിത്യജീവന് അവകാശിയാകും എന്ന അർത്ഥത്തിൽ 'എന്നാൽ നീ ജീവിക്കും' എന്ന് അവന് ഉറപ്പുകൊടുത്തു. (ലൂക്കോസ്.10 : 25-28) നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെയും കൂട്ടുകാരനെ നിന്നെപ്പോലെയും സ്നേഹിച്ചാൽ നീ നിത്യജീവന് അവകാശിയാകും എന്നത്രേ യേശു പറഞ്ഞത്.

നിന്നെപ്പോലെതന്നെ കൂട്ടുകാരനെ (സഹവിശ്വാസിയെ)യും സ്നേഹിക്കണം എന്ന യേശുവിന്റെ കല്പന നാം എങ്ങനെ മനസ്സിലാക്കുന്നു, എങ്ങനെ അതു നിറവേറ്റുന്നു എന്നത് ചിന്തനീയമാണ്. ഒരാൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് തന്നെത്തന്നെയാണ് എന്ന യാഥാർത്ഥ്യം യേശു ഇവിടെ വെളിപ്പെടുത്തുന്നു. സ്വന്തം ആവശ്യത്തിനായുള്ളത് എന്തായാലും തത്തുല്ല്യമായ ആവശ്യം സഹവിശ്വാസിക്ക് ആദ്യം വന്നാൽ അയാൾ അതിനു പ്രാപ്തനല്ലെങ്കിൽ അയാൾക്കായി അതു ചെലവഴിക്കുന്നത് ഈ സ്നേഹത്തിന്റെ ഒരു പ്രകടനമാണ്.

ഏറ്റവും അധികമായി ദൈവത്തെ സ്നേഹിക്കണം എന്നത് ഒന്നാം പ്രമാണമായും തന്നെത്താൻ സ്നേഹിക്കുന്നതുപോലെ സഹോദരനെ സ്നേഹിക്കണം എന്നത് രണ്ടാംപ്രമാണമായും ദൈവ സഭയ്ക്കു നൽകുമ്പോൾ തന്നെ ഇവ രണ്ടും തുല്യ പ്രാധാന്യമർഹിക്കുന്നവയാണെന്നും ന്യായപ്രമാണങ്ങളുടെയും പ്രവാചകവചനങ്ങളുടെയും കാതലാണ് ഈ കല്പന എന്നു കൂടി യേശു കൂട്ടിച്ചേർക്കുന്നു. (മത്തായി. 22 :37 -40) സഹോദരനെ സ്നേഹിച്ചുകൊണ്ട് ദൈവത്തോടുള്ള സ്നേഹം തെളിയിക്കപ്പെടണം (1 യോഹന്നാൻ. 4:20) എന്നതിൽത്തന്നെ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ അവ രണ്ടല്ല ഒന്നു തന്നെയാണെന്നു കാണുന്നു. തുടർന്നു പറയുന്നു, കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നതല്ല. സഹോദരനെ സ്നേഹിക്കുവാൻ കഴിയാത്തവൻ ഫലത്തിൽ ദൈവത്തെ സ്നേഹിക്കാത്തവനായതു കൊണ്ട് ന്യായപ്രമാണം മുഴുവൻ ലംഘിക്കുന്നു. (യാക്കോബ് 2:9-10) അവൻ പിശാചിന്റെ മകനാണ്. (1 യോഹന്നാൻ. 3:10) പിശാചിന്റെ മകന് സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ കഴിയുകയില്ല.

കള്ളന്മാരുടെ കയ്യിലകപ്പെട്ട് അവശനായ ഒരുവനോട് സമറിയാക്കാരൻ പെരുമാറിയവിധവും യേശു ഈ വിഷയത്തിൽ ചൂണ്ടിക്കാണിക്കുന്നു. (ലൂക്കോസ് 10:30-37).

വളരെ സമ്പത്തുള്ളവനും ന്യായപ്രമാണങ്ങളെല്ലാം നന്നായറിയുന്നവനുമായ ഒരു യുവാവിനോട് യേശു പറഞ്ഞു. 'സൽഗുണസമ്പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക. (മത്തായി. 19:21) അനന്തരം ശിഷ്യന്മാരോടു പറയുന്നു. 'ധനവാൻ സർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നെ എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.' സത്യമായി എന്നു ചേർത്ത് യേശു പറഞ്ഞത്, ഇക്കാര്യത്തിൽ മാറ്റമില്ല എന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുവാനാണ്. ഈ യുവാവിനെ മാത്രം ഉദ്ദേശിച്ചല്ല, സമ്പത്തിലാശ്രയിച്ച് അതിനെ സ്നേഹിച്ച് അതിൽ പ്രിയം വച്ച് തനിക്കും തലമുറകൾക്കുമായി സ്വരൂപിച്ചുവച്ചു കൊണ്ട് മറ്റാർക്കും കൊടുക്കാതെ സൂക്ഷിക്കുന്നവരെ എല്ലാവരെയും ചേർത്താണ് യേശു അങ്ങനെ പറഞ്ഞത്.

സമ്പത്തിലാശ്രയിക്കുന്നവൻ ദൈവവിശ്വാസിയായിരുന്നാലും ജീവിതത്തിൽ രണ്ടാം സ്ഥാനമോ മൂന്നാം സ്ഥാനമോ മാത്രമേ ദൈവത്തിനു കൊടുക്കുവാൻ കഴിയൂ. ദൈവത്തിലാശ്രയിക്കുന്നവൻ സമ്പന്നനായിരുന്നാലും ഒന്നാം സ്ഥാനം സമ്പത്തിനു കൊടുക്കുകയില്ല. തനിക്കുള്ളതു വിറ്റു ആവശ്യാനുസരണം മറ്റുള്ളവർക്കു കൊടുക്കുന്നതോ സുവിശേഷവേലയിൽ ചെലവിടുന്നതോ ആണു ദൈവഹിതമെന്നറിഞ്ഞാൽ പൂർണ്ണമനസ്സോടെ അതു ചെയ്യും. ദൈവമുള്ളവന് സമ്പത്തിനോടൊ സമ്പത്തുള്ളവന് ദൈവത്തോടോ രമ്യപ്പെടുവാൻ കഴിയുകയില്ല എന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുവാനായി യേശു പറഞ്ഞു. 'രണ്ടു യജമാനന്മാരെ സേവിക്കുവാൻ ഒരു ഭൃത്യനും കഴിയുകയില്ല. അവൻ ഒരുവനെ പകച്ച് മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുവനോടു പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും സമ്പത്തിനേയും (ഒരുസമയം ഒരുപോലെ) സേവിക്കുവാൻ കഴിയുകയില്ല (ലൂക്കോസ് - 16:13, മത്തായി - 6:24).

ഈ യുവാവ് യേശുവിന്റെ നിർദേശം അവഗണിച്ചതായി കാണുന്നു. നമ്മിൽ പലരും അങ്ങനെയാണ് എന്ന വസ്തുത നാം അറിയാതെയും പോകുന്നു. സമ്പത്തിൽ നിന്നും കുറച്ചെടുത്തു ദരിദ്രർക്കു കൊടുത്താലോ ഒരു സഹവിശ്വാസിക്ക് അവന്റെ ആവശ്യഭാരത്തിൽ ഒരു സഹായം ചെയ്താലോ തങ്ങളുടെ ആശ്രയമായ സമ്പത്തു കുറഞ്ഞു പോകുമെന്നു ഭയപ്പെടുന്ന പലരും നമ്മുടെ ആത്മീയ കൂട്ടായ്മകളിൽ ഭക്തിയുടെ വേഷം (യാക്കോബ് 1:27) ധരിച്ചു വിലസുന്നു. സമ്പത്തിലാശ്രയിക്കുന്ന ഇത്തരക്കാരാരും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്ന് യേശുവിന്റെ പ്രസ്താവന അർത്ഥമാക്കുന്നു.

(തുടരും...)

## 01 ബസ്തറിൽ ക്രിസ്തീയ പ്രവർത്തന....

എന്നാൽ ബസ്തറിലെ ഗവർണമെന്റ് അധികാരികളുടെ അഭിപ്രായത്തിൽ വെറും മൂന്ന് ഗ്രാമങ്ങളിൽ മാത്രമേ ഈ പറഞ്ഞ പ്രമേയം പാസാക്കിയുള്ളൂ. "ഏതെങ്കിലും മതവിഭാഗത്തിൽപ്പെട്ട ജനങ്ങളെയോ അവരുടെ ആരാധനയോ നിരോധിക്കുന്നത് ഭരണഘടന പ്രകാരം നിയമവിരുദ്ധമാണ്. അങ്ങനെയുള്ള പ്രമേയങ്ങൾക്ക് നിയമ സാധുതയില്ല." പറഞ്ഞു ബസ്തറിലെ ചീഫ് അഡ്മിനിസ്ട്രേറ്റർ അൻകിത് ആനന്ദ് "നിർബന്ധിത മതപരിവർത്തനം, ഹിന്ദു ദൈവങ്ങൾക്കെതിരെയുള്ള അധിക്ഷേപങ്ങൾ, പുറത്തു നിന്നുള്ള മിഷനറിമാരുടെ വരവ് എന്നിവ നിരോധിക്കാൻ വേണ്ടിയാണ് ഏകദേശം 50-ാളം ഗ്രാമങ്ങളിൽ മറ്റ് മതങ്ങളുടെ പ്രചാരണം, പ്രാർത്ഥന എന്നിവ തടഞ്ഞുകൊണ്ട് പ്രമേയം പാസാക്കിയത്." പറഞ്ഞു ബസ്തറിലെ വിശ്വഹിന്ദു പരിഷത്ത് നേതാവ് സുരേഷ് യാദവ്.

ധാരാളം ക്രിസ്തീയ മിഷനുകൾക്ക് പ്രവർത്തനങ്ങൾ ഉള്ള ബസ്തറിൽ ഇങ്ങനെയുള്ള നിരോധനം കൊണ്ട് ക്രൈസ്തവ പ്രവർത്തനങ്ങൾക്ക് തടയിടാം എന്ന് സംഘപരിവാർ വിശ്വസിക്കുന്നു. മറ്റു ജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കും ഈ പുതിയ പീഡന രീതി പരക്കാതിരിക്കാൻ ഇതിനെതിരെ ശബ്ദമുയർത്തേണ്ടത് വളരെ അത്യാവശ്യമാണ്. "ബസ്തറിലെ പ്രമുഖ ആദിവാസി സംഘടനയായ ആദിവാസി മഹാ സഭാ ഈ വിഷയം ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രമേയത്തിനെതിരെ അവർ ശക്തമായി പ്രതിഷേധിക്കുന്നു സി. പി. ഐ ദേശീയ നേതൃത്വം ഈ പുതിയ വിഷയത്തെപ്പറ്റി ബോധവാന്മാരാണ്. ഇതിനെതിരെ ഞങ്ങൾ പ്രതികരിക്കും. ആദിവാസി വിഭാഗങ്ങളെ മതത്തിന്റെ പേരിൽ തമ്മിൽ അടിപ്പിക്കാനുള്ള വലതുപക്ഷ വിഭാഗങ്ങളുടെ പരിപാടിയാണിത്". സി പി ഐ നേതാവ് ചീരഞ്ജൻ ബക്ഷി മാധ്യമങ്ങളോട് പറഞ്ഞു.

## 03 വേദ പഠനം...

ർ എന്ന പദം നാല് അർത്ഥത്തിൽ പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

1. രാജാവിന്റെ ശുശ്രൂഷക്കാർ, മത്താ : 22 :13,
2. വിരുന്നിലെ ശുശ്രൂഷകർ, യോഹ. 2 : 5 ,9
3.ഗവൺമെന്റിലെ ശുശ്രൂഷകർ, റോമ : 13 : 4
4. സഭയുടെ ശുശ്രൂഷകർ, കൊലെ :1 : 25.

(തുടരും....)

## കല്ലുകടി

# ഞണ്ട് മാതൃകയാകുമ്പോൾ

ഇപ്രകാരം ഒരു കഥകേട്ടിട്ടില്ലാത്ത മലയാളികൾ ഉണ്ടാവില്ല. ഒരിക്കൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച ഞണ്ടുകളുമായി വിദേശത്തേക്കു പോയ ചെറിയ കപ്പലിന്റെ കഥ. യാത്രാ മധ്യേ ആടിയുലഞ്ഞപ്പോൾ എങ്ങിനെയോ ഞണ്ടുകളെ ശേഖരിച്ചിരുന്ന ടാങ്കുകളിൽ ഒന്നിന്റെ അടപ്പ് തെറിച്ചു കടലിൽ വീണു നഷ്ടമായി. ജോലിക്കാർ ഭാരപ്പെട്ടു നിൽക്കുമ്പോൾ ക്യാപ്റ്റൻ വന്നിട്ട് ഓരോ ടാങ്കിലും പുറത്തെഴുതിയിരുന്ന സംസ്ഥാനങ്ങളുടെ പേരു വായിച്ചു. എന്നിട്ടു ജോലിക്കാരോടു പറഞ്ഞു പരിഹാരമുണ്ട്. അദ്ദേഹം ടാങ്കുകളുടെ അടപ്പുകൾ പുനക്രമീകരണം ചെയ്തു. ഒടുവിൽ അടപ്പില്ലാത്ത ടാങ്കിനെക്കുറിച്ച് ആശങ്ക അറിയിച്ചവരോട് ക്യാപ്റ്റൻ പറഞ്ഞതിപ്രകാരമാണ് കേരളത്തിൽ നിന്നുള്ള ടാങ്കിനടപ്പിന്റെ ആവശ്യമില്ല. കാരണം ഒരു ഞണ്ടുപോലും രക്ഷപ്പെടാതെ അവർ തന്നെ നോക്കിക്കോളും. ജോലിക്കാർ നോക്കുമ്പോൾ കണ്ട കാഴ്ച രസാവഹമായിരുന്നു. രക്ഷപ്പെടാൻ ശ്രമിക്കുന്ന ഞണ്ടിന്റെ കാലിൽ കടിച്ചു തൂങ്ങുന്ന മറ്റു ഞണ്ടുകൾ ഒരുത്തനെയും രക്ഷപ്പെടാൻ അനുവദിക്കുന്നില്ല. ഇത് മലയാളിയുടെ പൊതുസ്വഭാവത്തെക്കുറിച്ച് പ്രചരിക്കുന്ന കഥ. അവൻ ജാതീയനായാലും സമുദായസ്ഥനായാലും പെന്തക്കോസ്തുകാരനായാലും സ്വഭാവം തഥൈവ. ഇൻഡ്യയിലോ ഗൾഫിലോ അമേരിക്കയിലോ ആയാലും കഥയ്ക്കു മാറ്റം വരുന്നില്ല. ഇനി സന്ദർശകരെ തടയണമെന്ന പേരിൽ അമേരിക്കയിൽ പ്രചരിപ്പിക്കുന്നവരും "ഞണ്ട് സിൻഡ്രോം" ബാധിച്ചവരാണ് എന്നുള്ളത് വാസ്തവം. ഞാനല്ലാതെ ഒരുത്തനും രക്ഷപെടരുത് എന്ന ഇടുങ്ങിയ മനോഭാവത്തിന്റെ ചെറിയ പ്രകടനം മാത്രം.

**അടിക്കുറിപ്പ്**: മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണുനീർ കാണണമെന്ന് അമ്മായിഅമ്മ ചിന്തിച്ചാൽ എന്തു പറയാൻ.




# ഇറ്റാലിയൻ ഭാഷാ പഠനം

**40**

ജേക്കബ് വർഗ്ഗീസ്

തൊടുപുഴ, Mob : 9495380729



LESSON 40

PREPOSIZIONE

| | | | | | |
|---|---|---|---|---|---|
| A | - | to | in | - | in |
| Con | - | with | fouri | - | out |
| Contro | - | against | per | - | for |
| da | - | since | senza | - | without |
| di | - | of, from, | su | - | on |
| at | | | sopra | - | above |
| dentro | - | within | prima | - | before |
| durante | - | during | sotto | - | below |
| dopo | - | later | verso | - | about |
| fra | - | between | | | |

# അറ്റ്ലാന്റയിലെ ആദ്യ പെന്തെക്കോസ്ത് സഭ

# അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലി

തയ്യാറാക്കിയത്
പാസ്റ്റർ സാംകുട്ടി മാത്യു, റാന്നി
ചീഫ് എഡിറ്റർ



പാസ്റ്റർ ജോൺ ചെറിയാൻ

അമേരിക്കൻ മലയാളികൾക്ക് വിശേഷിച്ച് പെന്തെക്കോസ്തുകാർക്ക് പ്രത്യേകമായ പരിചയപ്പെടുത്തൽ ആവശ്യമില്ലാത്ത വ്യക്തിയാണ് പാസ്റ്റർ ജോൺ ചെറിയാൻ. പ്രസിദ്ധമായ ചെറിയാൻസ് ബിസിനസ് ഗ്രൂപ്പിന്റെ സാരഥി. അറ്റ്ലാന്റയിലെ ആദ്യമലയാളി പെന്തെക്കോസ്ത് സഭാസ്ഥാപകൻ, PCNAK കോൺഫറൻസിന്റെ 2002ലെ കൺവീനർ. 3 പതിറ്റാണ്ടുകൾക്കിപ്പുറം അറ്റ്ലാന്റയിലെ പ്രധാനസഭയുടെ സീനിയർ പാസ്റ്റർ. ഇങ്ങനെ വിശേഷണങ്ങൾ അനവധി. എന്നാൽ തന്നെ വ്യത്യസ്തനാക്കുന്നത് നാട്യങ്ങളും ജാഡകളുമില്ലാത്ത തന്റെ സൗമ്യമായ സമീപനമാണ്. പാസ്റ്റർ ജോൺ ചെറിയാനെ കാണുവാനായി ഞാനും ബിലീവേഴ്സ് ജേണൽ ചെയർമാൻ ബ്രദർ രാജൻ ആര്യപ്പള്ളിയും ഒന്നിച്ച് പാസ്റ്റർ ജോൺ ചെറിയാന്റെ ഓഫീസിൽ എത്തുമ്പോൾ കണ്ടത് സൗമ്യനായ ദൈവഭൃത്യനെയാണ്. മനോഹരമായി അലങ്കരിച്ചിരിക്കുന്ന മുറിയിൽ ചില്ലിട്ട് സൂക്ഷിച്ചിരിക്കുന്ന വേദവാക്യം പെട്ടെന്ന് ആരുടെയും ശ്രദ്ധയിൽപ്പെടും. സങ്കീർത്തനം 138: 8 . തന്റെ ജീവിതത്തിന്റെ സാക്ഷ്യവും ഉറപ്പും പ്രാർത്ഥനയുമാണ് അത്.

പത്തനാപുരം മാന്താനത്ത് മത്തായി ചെറിയാന്റെയും സാറാമ്മയുടെയും 5 മക്കളിൽ ഇളയവനായി ജോൺ ചെറിയാൻ ജനിച്ചു. ഇവാഞ്ചലിക്കൽ സഭാംഗങ്ങളായിരുന്നതിനാൽ ആത്മീയാനുഭവങ്ങളിലൂടെ വളർന്നു വന്ന ബാല്യം. 7–ാം വയസിൽ രക്ഷാനിർണ്ണയം പ്രാപിച്ചു. പഠനാനന്തരം ഡൽഹിയിലെത്തിയ ജോൺ പാസ്റ്റർ കെ. റ്റി. തോമസ് ശുശ്രൂഷിക്കുന്ന സഭയിൽ ആരാധനയ്ക്കായി പോയി. ദൈവവചന പഠനത്തിലൂടെ ആത്മീയ സത്യങ്ങൾ ഗ്രഹിച്ച ജോൺ 1970–ൽ പാസ്റ്റർ കെ. റ്റി. തോമസിന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചു.

കുണ്ടറ ചരുവിള പുത്തൻവീട്ടിൽ ശോശാമ്മയുമായുള്ള വിവാഹം നിശ്ചയിച്ചു. ശോശാമ്മയുടെ ജോലി സ്ഥലമായിരുന്ന ന്യൂയോർക്കിൽ വെച്ച് 1973–ൽ വിവാഹശുശ്രൂഷ നടന്നു. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് പഠനശേഷം 1982 വരെ ന്യൂയോർക്കിൽ ജോലി ചെയ്തു. 1982–ൽ സ്ഥലം മാറ്റത്തോടുള്ള ബന്ധത്തിൽ അറ്റ്ലാന്റയിലെത്തി. ഒരു മലയാളിവിശ്വാസിപോലും അന്ന് അറ്റ്ലാന്റയിലില്ല. ഒറ്റയ്ക്കും പെട്ടയ്ക്കുമായി ചില കുടുംബങ്ങൾ കൂടിയെത്തി. പെന്തെക്കോസ്തുകാർ ആരുമില്ല. കറുത്ത വർഗ്ഗക്കാരുടെ മേൽക്കോയ്മ ഉണ്ടായിരുന്നതിനാലാകാം ഇവിടേക്കു കുടിയേറാൻ മലയാളികൾ വിമുഖത കാട്ടി. 1996–ൽ ഒളിംപിക്സ് നടക്കുന്നതുവരെയും ഇതായിരുന്നു സ്ഥിതി. അതിനു ശേഷം ആയിരക്കണക്കിനാളുകൾ അറ്റ്ലാന്റയിൽ കുടിയേറി. ജീവിക്കുവാൻ പറ്റിയ ശാന്തസുന്ദരമായ ഇടമാണ് അറ്റ്ലാന്റാ. അക്കാലത്ത് തന്നെ പ്രാർത്ഥനാ കൂടിവരവുകൾ ആരംഭിച്ചു. സമുദായ വ്യത്യാസമില്ലാതെ മലയാളി കുടുംബങ്ങൾ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചനാളുകൾ.

1985 ഒക്ടോബർ 13ന് അറ്റ്ലാന്റാ ക്രിസ്ത്യൻ ഇൻഡ്യാ ഫെലോഷിപ്പ് എന്ന പേരിൽ ആരാധന ആരംഭിച്ചു. കുടുംബാംഗങ്ങൾ ഉൾപ്പെടെ 15 പേരോളം ആരാധനയിൽ സംബന്ധിച്ചു. 1996 വരെ വീടുകളിലായിരുന്നു ആരാധിച്ചിരുന്നത്.

(1983–ൽ ചെറിയ നിലയിൽ ആരംഭിച്ച ചെറിയാൻസ് സ്റ്റോർ വളർച്ചയുടെ പടവുകൾ താണ്ടി ഹോൾസെയിൽ ഗ്രോസറി സ്റ്റോറായി. ചെറിയാൻസ് സ്റ്റോറിൽ നിന്നും ബിസിനസിലെ വൈവിധ്യവൽക്കരണത്തിലുടെ ചെറിയാൻസ് ബിസിനസ് ഗ്രൂപ്പ് എന്ന നിലയിലേക്ക് ദൈവം വളർത്തി. 50ലധികം പേർ ഇവിടെ ജോലിചെയ്യുന്നു). 1996–ൽ ചെറിയാൻസ് സ്റ്റോറിനോടു ചേർന്നുള്ള മുറിയിലേക്ക് ആരാധന മാറ്റി. വിവിധ രാജ്യക്കാരെയും ഭാഷക്കാരെയും ലക്ഷ്യമിട്ട് പ്രവർത്തനം ആരംഭിച്ച സഭ അറ്റ്ലാന്റാ ക്രിസ്ത്യൻ ഇന്ത്യാ ഫെലോഷിപ്പ് എന്ന പേര് മാറ്റി അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലി എന്ന പേര് സ്വീകരിച്ചു.



പാസ്റ്റർ ജോൺ ചെറിയാനോടൊപ്പം
ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു

സഭ വളർച്ചയുടെ പാതയിലേക്ക് എത്തുന്ന 1992–ൽ ജേഷ്ഠ സഹോദരനായ പാസ്റ്റർ ദത്തോസ് ചെറിയാൻ സഭയുടെ സീനിയർ ശുശ്രൂഷക ചുമതലയേറ്റെടുത്തു. ഇൻഡ്യൻ റെയിൽവേയിലെ ഉദ്യോഗം രാജി വെച്ച് അദ്ദേഹം 25 വർഷങ്ങൾ(1967 – 1992) ബാംഗ്ലൂരിൽ കർത്തൃവേല ചെയ്തു. താൻ ആരംഭിച്ച സഭകൾ എല്ലാം ഐ.പി.സിയ്ക്ക് വിട്ടുകൊടുത്തിട്ടാണ് അറ്റ്ലാന്റായിലെത്തുന്നത്. പിന്നീട് അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലിയുടെ വളർച്ചയുടെ കാലമായിരുന്നു. സ്ഥലപരിമിതിയെ തുടർന്ന് സഭയ്ക്കായി വിശാലമായ കെട്ടിടം പണിതു. 1999–ൽ പുതിയ കെട്ടിടത്തിൽ ആരാധന ആരംഭിച്ചു. ഇംഗ്ലീഷ് മലയാളം വിഭാഗങ്ങളിലായി ഇവിടെ ആരാധന നടക്കുന്നു. 2010 ൽ പാസ്റ്റർ ദത്തോസ് ചെറിയാൻ നിത്യതയിൽ ചേർക്കപ്പെടുന്നതുവരെയും സഭയുടെ സീനിയർ ശുശ്രൂഷകൻ എന്ന നിലയിൽ സഭയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

പാസ്റ്റർ ജോൺ ചെറിയാൻ വീണ്ടും സഭയുടെ സീനിയർ ശുശ്രൂഷകനായി ചുമതല ഏറ്റെടുത്തു. ബിസിനസും സുവിശേഷ പ്രവർത്തനവും ഒരുമിച്ച് ചെയ്യുന്ന പാസ്റ്റർ ജോൺ ചെറിയാന് സുവിശേഷ പ്രവർത്തനം സമ്പാദനത്തിനുള്ള മാർഗ്ഗമല്ല. മറിച്ച് ദൈവത്തോടുള്ള തന്റെ ഉടമ്പടിയും സമർപ്പണവുമാണ്. സുവിശേഷ പ്രവർത്തനം പ്രസംഗം മാത്രമല്ല പ്രവർത്തികൂടെയാണെന്ന് വിശ്വസിക്കുന്ന പാസ്റ്റർ ജോൺ ചെറിയാൻ ആവശ്യത്തിലിരിക്കുന്നവരെയും എളിയവരെയും മറക്കാറില്ല. ഇൻഡ്യയിലും ഹോണ്ടുറാസിലും സഭയുടെ ചുമതലയിൽ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു. ഹോണ്ടുറാസിൽ 40 കുട്ടികളെ സഭയുടെ ചുമതലയിൽ സംരക്ഷിച്ചുവരുന്നു.



പാസ്റ്റർ ജോൺ ചെറിയാൻ സഹോദരങ്ങളോടൊപ്പം

അറ്റ്ലാന്റായിലെ പ്രധാനസഭയായ ACA യിലെ ഇംഗ്ലീഷ് ആരാധനയ്ക്ക് പാസ്റ്റർ ജേക്കബ് ജോൺ (ബോബി) നേതൃത്വം നൽകുന്നു. പാസ്റ്റർ ജോൺ ചെറിയാന്റെ മകൾ ബെറ്റ്സിയുടെ ഭർത്താവാണ് പാസ്റ്റർ ജേക്കബ് ജോൺ. കുടുംബമായി കർത്തൃവേല ചെയ്യുന്നതിൽ സഹധർമ്മിണി ചിന്നമ്മ എന്നറിയപ്പെടുന്ന ശോശാമ്മയും മകൻ ബെഞ്ചമിൻ ചെറിയാനും പൂർണ്ണ പിന്തുണ നൽകുന്നു.



പാസ്റ്റർ ദത്തോസ് ചെറിയാൻ

സഹോദരകുടുംബാംഗങ്ങൾ മിക്കവരും ചെറിയാൻസ് ഗ്രൂപ്പിന്റെ ഭാഗമായി ഇവിടെയുണ്ട്. സഹോദരന്മാരിൽ പാസ്റ്റർ മാത്യു ചെറിയാനും പാസ്റ്റർ ദത്തോസ് ചെറിയാനും നിത്യവിശ്രമത്തിനായി കർത്തൃസന്നിധിയിൽ പ്രവേശിക്കപ്പെട്ടു. പപ്പാജി എന്നറിയപ്പെടുന്ന പാസ്റ്റർ തോമസ് ചെറിയാൻ നോർത്ത് കരോലിനയിൽ ശുശ്രൂഷിക്കുന്നു. ഏകസഹോദരി ഏലിയാമ്മ ശമുവേൽ.

4 പതിറ്റാണ്ടുകൾ പിന്നിട്ട അമേരിക്കൻ ജീവിതവും 32 വർഷങ്ങളിലെ അറ്റ്ലാന്റാ ജീവിതവും 3 പതിറ്റാണ്ടുകൾ പിന്നിടാറാകുന്ന അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലിയുടെ പ്രവർത്തനവും ബിസിനസ് രംഗത്തെ ഉയർച്ചയും തന്റെ ദർശനത്തിന് മാറ്റം വരുത്തിയില്ല. അടുപ്പമുള്ളവർ ജോയിച്ചായൻ എന്ന് സ്നേഹപൂർവ്വം വിളിക്കുന്ന പാസ്റ്റർ ജോൺ ചെറിയാന് പിന്നിട്ട പാതകളിലേക്ക് നോക്കി പറയാനുള്ളത് ഒരു വേദഭാഗം മാത്രം. സങ്കീർത്തനം 138:8 യഹോവ എനിക്കുവേണ്ടി സമാപ്തി വരുത്തും. യഹോവേ നിന്റെ ദയ എന്നേക്കുമുള്ളത്; തൃക്കൈയുടെ പ്രവർത്തിയെ ഉപേക്ഷിക്കരുതേ".



അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലി ആരാധനാലയം

## സഭയുടെ വിലാസം

751 Dekalb Industrialway
Building 3
Decatur, GA 30033
Email: johnmcherian@hotmail.com

# അറ്റ്ലാന്റയിലെ പെന്തെക്കോസ്ത് സഭകളിലൂടെ

## അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡ്



**1999** ഒക്ടോബറിൽ സീനിയർ പാസ്റ്റർ റവ. സി. വി. ആൻഡ്രൂസ്, അസി. പാസ്റ്റർ റവ. തോമസ് മാത്യു, യൂത്ത് പാസ്റ്റർ ഷിബു ചെറിയാൻ എന്നിവർ ചേർന്നാരംഭിച്ച ഈ സഭയിൽ തുടക്കത്തിൽ 6 കുടുംബങ്ങളാണുണ്ടായിരുന്നത്. ഇപ്പോൾ 50ൽ അധികം കുടുംബങ്ങൾ അംഗങ്ങളായുണ്ട്. 2011 -ൽ സഭയ്ക്ക് സ്വന്തമായി 1 ഏക്കർ 60 സെന്റ് സ്ഥലം വാങ്ങി ആരാധനാലയ പണികൾ തുടങ്ങി. 2014 മാർച്ച് മുതൽ പുതിയ ചർച്ചിൽ ആരാധന നടക്കുന്നു. പാസ്റ്റർ സി. വി. ആൻഡ്രൂസ് സീനിയർ ശുശ്രൂഷകനും പാസ്റ്റർ ഷിബു ചെറിയാൻ അസ്സോസിയേറ്റ് പാസ്റ്ററായും പ്രവർത്തിക്കുന്നു. സെക്രട്ടറി ബ്രദർ ഫിലിപ്പ് തോമസ്, ട്രഷറർ ബ്രദർ മോൻസി ശമുവേൽ, യൂത്ത് ഡിപ്പാർട്ടുമെന്റ് ബ്രദർ ഫിൽജി മാത്യു, യൂത്ത് കോർഡിനേറ്റർ ബ്രദർ അനിൽ ബാലചന്ദ്രൻ, സണ്ടേസ്കൂൾ ടെസ്സി ജോർജ്, ലേഡീസ് മിനിസ്ട്രി സിസ്റ്റർ മറിയാമ്മ ആൻഡ്രൂസ് എന്നിവർ ചുമതല വഹിക്കുന്നു.

വിലാസം

365 West Pike Street Lawrenceville, GA 30044

**Website: www.atlantachurchofgod.org / Email: info@atlantachurchofgod.org**

## പാസ്റ്റർ സി. വി. ആൻഡ്രൂസ്



കോട്ടയം മീനടം ചക്കാലക്കുഴിയിൽ സി. സി. വർക്കി/സാറാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. 1968 മുതൽ 70 വരെ മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ സ്കൂളിൽ വേദപഠനം നടത്തി. ഇക്കാലത്ത് കീക്കൊഴൂരിൽ സഭാശുശ്രൂഷ നിർവ്വഹിച്ചു. 1970 ൽ വടക്കേ ഇന്ത്യയിലെത്തി ജഗദൽപ്പൂർ, ദുർഗ്ഗാപൂർ, നാഗപ്പൂർ, ഭോപ്പാൽ, ബോംബെ, ഡൽഹി എന്നിവിടങ്ങളിൽ സഭാ സേവനം നടത്തി. 1988-ൽ യു. എസ്. എ. യിലെത്തി. ഫ്ളോറിഡയിൽ 11 വർഷം പ്രവർത്തിച്ചു. 14 വർഷങ്ങളായി അറ്റ്ലാന്റായിൽ സഭാശുശ്രൂഷകൻ. വേൾഡ് വൈഡ് ഗോസ്പൽ എന്ന ചാരിറ്റബിൾ ഓർഗനൈസേഷന്റെ പ്രസിഡന്റാണ്. 44 അധ്യാപകരുടെ ക്ലാസ്സുകൾ ഉൾപ്പെടുത്തി Every home bible school എന്ന പേരിൽ ഓൺലൈൻ വേദപഠന സ്കൂൾ നടത്തുന്നു. ദുരുപദേശഖണ്ഡനങ്ങൾ, പ്രവചന പുസ്തകങ്ങൾ എന്നിവ അടിസ്ഥാനമാക്കി നടത്തുന്ന പ്രസംഗങ്ങൾ സി. ഡി.യിലാക്കി ഫ്രീഡിസ്ട്രിബ്യൂഷൻ ചെയ്യുന്നു. ലക്ഷക്കണക്കിനു സി. ഡി. കൾ വിതരണം നടത്തിയിട്ടുണ്ട്. അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡ് സീനിയർ പാസ്റ്ററാണ്.

ഭാര്യ: മറിയാമ്മ ആൻഡ്രൂസ്, മക്കൾ: ബ്ലെസൻ, ബെന്നി.

ഫോൺ: 678 472 4224

Email: cvandrews50@yahoo.com
Website: www.cvandrews.com

## കാൽവറി അസംബ്ലി



ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ ജോർജ്ജ് തോമസിന്റെ ഭവനത്തിൽ 2009 ഏപ്രിലിൽ മിഷൻ ചർച്ച് ആയി തുടങ്ങിയതാണ് കാൽവറി അസംബ്ലി. ചുരുക്കം ചില വിശ്വാസികളുമായി ആരംഭംകുറിച്ച സഭ ഇന്ന് ഓർഗനൈസ്ഡ് ചർച്ച് ആയി മാറിയിരിക്കുന്നു. 120ൽ അധികം വിശ്വാസികൾ അംഗങ്ങളായുണ്ട്. ആദ്യ ആറു മാസങ്ങൾ പാസ്റ്റർ ഗോഡ്സൻ ആർ. കെ.യും പിന്നീട് 2010 ഒക്ടോബർ വരെ ഏബ്രഹാം തോമസ്, പാസ്റ്റർ തമ്പി മാത്യു, ഇവാ. സിബി തോമസ് എന്നിവരും സഭയുടെ പ്രവർത്തനങ്ങൾക്കും ആരാധനയ്ക്കും നേതൃത്വം നൽകി. 2014 ജൂലൈ 20 മുതൽ സഭയ്ക്കു സ്വന്തമായി ലഭിച്ച വിശാലമായ ആലയത്തിൽ ആരാധന നടക്കുന്നു. 2010 മുതൽ പാസ്റ്റർ ഷിബു തോമസ് സഭയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. സെക്രട്ടറി ബ്രദർ ഏബ്രഹാം തോമസ്, ട്രഷറർ ഇവാ. സിബി തോമസ്. നേപ്പാളിൽ സഭയുടെ ചുമതലയിൽ പ്രേക്ഷിത പ്രവർത്തനം നടത്തുന്നു.

വിലാസം

2720, Centerville Hwy, Snelville, GA 30078
Website: www.cacog.net

## പാസ്റ്റർ ഷിബു തോമസ്



തിരുവല്ല കവുങ്ങുംപ്രയാർ സ്വദേശിയായ പാസ്റ്റർ ഷിബു തോമസ് ജനിച്ചുവളർന്നത് മധ്യപ്രദേശിലെ സർനിയിലാണ്. ചെറിയ പ്രായത്തിൽ രക്ഷിക്കപ്പെട്ടു കർത്തൃവേലയിൽ ഉത്സാഹത്തോടെ പ്രവർത്തിച്ചു. മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ വേദപഠനം നടത്തി.

പഠനശേഷം വിവാഹിതനായ താൻ കുടുംബമായി മധ്യപ്രദേശിലെ ദേവാസ് ജില്ലയിലെ ഒരു വില്ലേജിൽ പ്രവർത്തനം ആരംഭിച്ചു. 700 കുട്ടികൾ പഠിക്കുന്ന ഒരു സ്കൂൾ അവിടെ ഉണ്ടാക്കുവാൻ ദൈവം സഹായിച്ചു. 7 വർഷങ്ങൾക്കുശേഷം മുംബൈ വിക്രോളി സഭയുടെ പാസ്റ്ററായി പ്രവർത്തിച്ചു. ഒപ്പം മഹനേദാൻ ബൈബിൾ കോളജിന്റെ ചുമതലയും വഹിച്ചു. ഇക്കാലത്താണ് പുതിയ കോഴ്സുകൾ എം. ബി. സി.യിൽ ആരംഭിക്കുന്നത്.

ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി ക്ലീവ്ലണ്ട്, ടെന്നസിയിൽ ഡോക്ടറൽ സ്റ്റഡീസിനായി അഡ്മിഷൻ ലഭിച്ച് അമേരിക്കയിലെത്തി. 2013-ൽ ചർച്ച് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് നേടി.

2010 ഒക്ടോബർ 1 മുതൽ കാൽവറി അസംബ്ലിയിൽ ശുശ്രൂഷകൻ. കൺവൻഷൻ പ്രസംഗകനും വേദാദ്ധ്യാപകനുമാണ്. 19th NACOG പ്രസിഡന്റ്.

ഭാര്യ: ബിനി, മക്കൾ: സോഫിയ, സ്റ്റാലിൻ

## പാസ്റ്റർ ജോർജ്ജ് തോമസ്- അറ്റ്ലാന്റായുടെ നഷ്ടം



1970 മുതൽ സുവിശേഷ വയലിൽ അധ്വാനിച്ച ദൈവഭൃത്യനായിരുന്നു പാസ്റ്റർ ജോർജ്ജ് തോമസ്. 1972 മുതൽ ദോഹയിൽ കർത്തൃവേല ചെയ്തു. 1989 -ൽ യു. എസ്. എ.യിലെത്തി. 1996-ൽ അറ്റ്ലാന്റായിൽ വന്നു. 2008 ൽ 26-ാമത് പി. സി. എൻ. എ. കെ. കൺവീനറായി പ്രവർത്തിച്ചുവരവെ കേരളത്തിൽ സന്ദർശനത്തിനെത്തിയ താൻ ഫെബ്രുവരി 1ന് ഹൃദയാഘാതത്തെ തുടർന്ന് നിത്യതയിൽ ചേർക്കപ്പെടുകയായിരുന്നു. ഭാര്യ: പൊന്നമ്മ. മക്കൾ ഏബ്രഹാം തോമസ്, സിബി തോമസ്.

## അറ്റ്ലാന്റാ അസംബ്ലി ഓഫ് ഗോഡ്



2000ത്തിൽ ഒരു വിശ്വാസിപോലും ഇല്ലാതെ ആരംഭിച്ച പ്രവർത്തനമാണിത്. പിന്നീട് വിവിധ ഇടങ്ങളിലായി ആരാധന നടത്തിവന്നു. 2012-ൽ സഭയ്ക്കു സ്വന്തമായി ആരാധനാസ്ഥലം ലഭിച്ചു. പാസ്റ്റർ ജോർജ്ജ് വി. തോമസ് സഭയുടെ സീനിയർ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. ബ്രദർ ലാലു സമുവേലും ബ്രദർ ഷാജി കുരുവിളയും സഭയുടെ ആരംഭം മുതൽ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാണ്. ഇംഗ്ലീഷ്, മലയാളം വിഭാഗങ്ങളിലായി ആരാധന നടക്കുന്നു.

വിലാസം

**3100 Five ForksTrickum Road, Lilburn, GA 30047**
**Email: atlantaag@gmail.com / Website: www. atlantaag.org**

## പാസ്റ്റർ ജോർജ്ജ് വി. തോമസ്



അസംബ്ലി ഓഫ് ഗോഡിന്റെ ഓർഡൈയൻഡ് ശുശ്രൂഷകനായ പാസ്റ്റർ ജോർജ്ജ് വി. തോമസ് കണ്ണൂർ സ്വദേശിയാണ്. 1979 – 83 കാലയളവിൽ ബാംഗ്ലൂർ SABC യിൽ നിന്ന് B.Th നേടി. 1987-ൽ യു. എസ്. എ.യിൽ എത്തി. ന്യൂയോർക്ക് സിറ്റി യൂണിവേഴ്സിറ്റിയിൽ നിന്ന് ബാച്ചിലർ ഡിഗ്രിയും Fordham യൂണിവേഴ്സിറ്റിയിൽ നിന്ന് ക്ലീനിക്കൽ സോഷ്യൽ വർക്കിൽ മാസ്റ്റേഴ്സും നേടി.

ഭാര്യ: അനിത, മക്കൾ: പ്രിസ്റ്റൺ, ജോഷ

## ജോർജ്ജിയ ഫുൾ ഗോസ്പൽ അസംബ്ലി



**1996-ൽ** പാസ്റ്റർ ജോർജ്ജ് തോമസ് ആരംഭിച്ചതാണ് അറ്റ്ലാന്റയിലെ രണ്ടാമത്തെ മലയാളി പെന്തക്കോസ്ത് സഭ. ഈ ചർച്ച് ഓഫ് ഗോഡ് സഭയ്ക്ക് സ്വന്തമായ ആരാധനാലയം ഉണ്ട്. പാസ്റ്റർ ജോർജ്ജ് തോമസ്, പാസ്റ്റർ ഏബ്രഹാം വർഗീസ്, പാസ്റ്റർ ഗീവർഗ്ഗീസ് എന്നിവർ ശുശ്രൂഷകന്മാരായി പ്രവർത്തിച്ചിട്ടുള്ള ഈ സഭയിൽ ഇപ്പോൾ പാസ്റ്റർ തോമസ് മാത്യു ശുശ്രൂഷകനായി സേവനമനുഷ്ഠിക്കുന്നു. സെക്രട്ടറി ബ്രദർ ജോർജ്ജ് മാത്യു, ട്രഷറർ ബ്രദർ മാത്യു തോമസ്.

**വിലാസം**
**6050, Oakbrook pkwy, Norcross, GA 30093**

## പാസ്റ്റർ തോമസ് മാത്യു



കുമ്പനാട് പുത്തൻപറമ്പിൽ ജോൺ തോമസിന്റെയും ശോശാമ്മ തോമസിന്റെയും മകൻ. ബാംഗ്ലൂർ SABCയിൽ നിന്ന് B.Th ഉം UBS -ൽ നിന്ന് B.D യും നേടി. 1984-87 വരെ മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളജിൽ അധ്യാപകനായിരുന്നു. 1987-ൽ വെച്ചൂച്ചിറ വലിയ കാലായിൽ കുടുംബാംഗമായ ആലീസ് മാത്യുവിനെ വിവാഹം ചെയ്തു. 1987-ൽ യു. എസ്. എ.യിൽ എത്തി. ഡാളസ് റിഫോംഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് M.Th നേടിയ ഇദ്ദേഹം പഴയനിയമത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. 1999 -2013 വരെ അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡിൽ സഹശുശ്രൂഷകനായിരുന്നു. ഇപ്പോൾ ജോർജ്ജിയ ഫുൾ ഗോസ്പൽ അസംബ്ലിയുടെ ശുശ്രൂഷകൻ. മക്കൾ: സ്റ്റീഫൻ, സോഫിയ.

## ഡോ.കോര സംസാരിക്കുന്നു



1. അമേരിക്കയിലെ വീടുകളിലും ഇന്ത്യയിലും ഊമക്കത്ത് പ്രചരിപ്പിക്കുന്നതാരാ ണെന്ന് കോരയ്ക്കു പിടികിട്ടിയോ

**-മത്തായി ഫിലിപ്പ് (പാലക്കാട്)**

*കോര അന്നുതന്നെ ആളിനെ കണ്ടുപിടിച്ചതാണ് മത്തായിച്ചാ!. പോസ്റ്റുമാനല്ലാതെ പിന്നെ ആരാ ഈ കത്തുകൾ പ്രചരിപ്പിക്കുന്നത്.*

2. ബിലീവേഴ്സ് ജേണലിനെതിരെ ഊമക്കത്തിലൂടെ ഒളിയുദ്ധം നടത്തുന്നവരെക്കുറിച്ച് കോര പ്രതികരിക്കുന്നില്ലേ. **- തമ്പി, ഡാളസ്**

*പഴയ തിന്നാൽ പനയും തിന്നാം. വേകുവോളം ഇരിക്കാമെങ്കിൽ ആറുവോളവും ഇരിക്കാമല്ലോ. കാത്തിരുന്നു കാണാം തമ്പീ.*

3. ലോകക്കപ്പിൽ ബ്രസീൽ പരാജയപ്പെട്ടല്ലോ കോര എന്തു പറയുന്നു

**- സുബിൻ, കുമ്പനാട്**

*മുമ്പന്മാർ പലരും പിമ്പന്മാർ ആകുമെന്ന് കേട്ടിട്ടില്ലേ.*

4. നാട്ടിൽ പ്രവചിക്കാത്തവർ അമേരിക്കയിൽ പ്രവചിക്കുന്നു. ഒരു പ്രവർത്തനവും ഇല്ലാത്തവർ വലിയ പ്രൊജക്ടുകളെപ്പറ്റിപ്പറയുന്നു. പട്ടിണി കിടക്കാത്തവർ അത്തരം കാലത്തെക്കുറിച്ച് പറയുന്നു. വീടുള്ളവരും കാറുള്ളവരും അതില്ലെന്നു പറയുന്നു. കോരയ്ക്കു വല്ലതും പറയാനുണ്ടോ? **- എബി കുമ്പനാട്**

*ഇതിലും വലിയത് നീ കാണുമെന്നല്ലേ. ഇതിനെല്ലാം ഒരേ ഒരു കാരണം 1 ഡോളർ = 60 രൂപ.*

# കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്കയ്ക്ക് പുതിയ ഭാരവാഹികൾ

**ഡിട്രോയിറ്റ്:** നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് എഴുത്തുകാരുടെ കൂട്ടായ്മയായ കേരള പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം പുതിയസാരഥികളെ തെരഞ്ഞെടുത്തു. ഡിട്രോയിറ്റിൽവെച്ചാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ജൂലൈ 5-ാം തിയതി ശനിയാഴ്ച വൈകിട്ട് നടന്ന കെ. പി. ഡബ്ല്യൂ. എഫ് സമ്മേളനത്തിൽ എസ്. പി. ജെയിംസ് അദ്ധ്യക്ഷത വഹിച്ചു. പുതിയ ഭാരവാഹികളായി പാസ്റ്റർ ബാബു തോമസ് (ന്യൂയോർക്ക്) പ്രസിഡണ്ട്, പാസ്റ്റർ തോമസ് കിടങ്ങാലിൽ (ന്യൂയോർക്ക്) വൈസ് പ്രസിഡണ്ട്, രാജൻ ആര്യപ്പള്ളിൽ (അറ്റ്ലാന്റാ) ജനറൽസെക്രട്ടറി, പാസ്റ്റർ ജോൺ തോമസ് (ഹൂസ്റ്റൺ) ജോ. സെക്രട്ടറി, ജോയിസ് പി. മാത്യൂസ് (ടെന്നസ്സി) ട്രഷറർ, ഷേർളി ചാക്കോ (സിയാറ്റിൽ) ലേഡീസ് കോർഡിനേറ്റർ എന്നിവരെ തെരഞ്ഞെടുത്തു.

സമ്മേളനത്തിൽ പാസ്റ്റേഴ്സ് ജേക്കബ് ജോൺ, പി.ജെ. ജെയിംസ്, റ്റി.ഡി. ബാബു, എം. കുഞ്ഞപ്പി, ജോ കുര്യൻ തുടങ്ങിയവർ സംസാരിച്ചു. 2013-ലെ കെ. പി. ഡബ്ല്യൂ. എഫ് അവാർഡ് ജേതാക്കൾക്ക് പുരസ്കാരവും നൽകി. അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ കെ. പി. ഡബ്ല്യൂ. എഫ് ചാപ്റ്ററുകൾ ആരംഭിക്കുകയും പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യുമെന്ന് പ്രസിഡണ്ട് ബാബു തോമസ്, സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ എന്നിവർ അറിയിച്ചു.

01 ⇦ **പി. സി. എൻ. എ. കെ.....**

യായ പി. സി. എൻ. എ. കെ. ഏവർക്കും ഉത്സാഹം നൽകുന്നതാണെന്ന് പാസ്റ്റർ ജേയി പി. ഉമ്മൻ ഞായറാഴ്ച നടന്ന ആരാധനയോഗത്തിൽ പ്രസ്താവിച്ചു. സങ്കീർത്തന പ്രബോധനത്തിൽകൂടി ദൈവം സ്ഥാപിച്ച കുടുംബത്തെ തകർക്കുന്ന പൈശാചിക പ്രവണതയിൽ നിന്നും ഭദ്രമായ, അന്തസത്തയുള്ള കുടുംബബന്ധങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് റവ. ജോൺ തോമസ് ഹൂസ്റ്റൺ ഓർമ്മിപ്പിക്കുകയും, കൺവീനർ റവ. ഡോ. രാജൻ ജോർജ് കർത്ത്യമേശ നിർവ്വഹണത്തിനു നേതൃത്വം നൽകുകയുമുണ്ടായി.

സഹോദരിമാരുടെ യോഗങ്ങൾ സിസ്റ്റർ അന്നമ്മ ഗീവർഗീസിന്റെ നേതൃത്വത്തിൽ നടന്നു.

ശനിയാഴ്ച പകൽ നടന്ന പൊതുയോഗത്തിൽ 31-ാമത് കോൺഫറൻസിന്റെ റിപ്പോർട്ട് ബ്രദർ രാജൻ ആര്യപ്പള്ളി വായിക്കുകയും, ബ്രദർ ജോയിസ് പി. മാത്യൂസ് കണക്കുകൾ അവതരിപ്പിക്കുകയും പൊതുയോഗം റിപ്പോർട്ടും കണക്കും പാസ്സാക്കുകയും ഉണ്ടായി. കണക്കിട്ടിൽ വെച്ച് നടത്തപ്പെട്ട കോൺഫറൻസ് വിജയകരമായിരുന്നുവെന്ന് കൺവീനർ പാസ്റ്റർ സണ്ണി ഫിലിപ്പ് പറഞ്ഞു.

മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ ഐക്യകൂട്ടായ്മയായ പി. സി. എൻ. എ. കെ. തലമുറതലമുറയായി തുടർന്നുപോകേണ്ടതാണെന്നും അതിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഏവരിൽ നിന്നും ഉണ്ടാകാൻ ഉത്സാഹിക്കണമെന്നും പാസ്റ്റർ ബാബു തോമസ് അഭ്യർത്ഥിച്ചു. 34-ാമത് മലയാളി പെന്തക്കോസ്ത് കോൺഫറൻസ് ഡാളസ് പട്ടണത്തിൽവെച്ച് 2016 ജൂലൈ മാസം നടത്തപ്പെടാൻ തീരുമാനമായി. ലാൻസിംഗിൽ വെച്ച് നടത്തപ്പെട്ട 32-ാമത് കോൺഫറൻസ് പൊതുയോഗം പാസ്റ്റർ ഷാജി ജെ. ഡാനിയേലിനെ കൺവീനറായി തെരഞ്ഞെടുത്തു.

33-ാമത് കോൺഫറൻസ് 2015 ജൂലൈ 2 മുതൽ 5 വരെ സൗത്ത് കരോനിലയിൽ നടക്കും. റവ. ബിനു ജോൺ, ബ്രദർ നെബു സ്റ്റീഫൻ, ബ്രദർ ടോം വർഗീസ്, ബ്രദർ റെജി ഏബ്രഹാം, ബ്രദർ ബിജോ തോമസ് തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകും.

# മോഡി കർത്താവിന്റെ ദാസനാണെന്ന് കത്തോലിക്കാ പ്രസിദ്ധീകരണം

**കൊച്ചി:** നരേന്ദ്രമോഡി യേശുക്രിസ്തുവിന്റെ ദാസനാണെന്ന് കത്തോലിക്കാ പ്രസിദ്ധീകരണം. മോഡിയുടെ നേതൃത്വത്തിലുള്ള സർക്കാർ രാജ്യത്ത് അധികാരത്തിൽ വന്നത് ദൈവത്തിന്റെ തീരുമാനപ്രകാരമാണെന്നും 'സൺഡേ ശാലോം' എന്ന പ്രസിദ്ധീകരണം പറയുന്നു. ശാലോം മിനിസ്ട്രീസ് എന്ന കത്തോലിക്കാ പ്രസ്ഥാനം മലയാളത്തിലെ ആദ്യ പ്രതിവാരപത്രമെന്ന പേരിൽ പ്രസിദ്ധികരിക്കുന്ന സൺഡേ ശാലോമിൽ മുഖപ്രസംഗമായാണ് "കർത്താവിന്റെ ദാസനായ നരേന്ദ്രമോഡി" എന്ന പേരിൽതന്നെയുള്ള കുറിപ്പ് ചേർത്തിരിക്കുന്നത്.

ശാലോം മിനിസ്ട്രിയുടെ പ്രധാന അമരക്കാരാനും സൺഡേ ശാലോം ചീഫ് എഡിറ്ററുമായ ബ്രദർ ബെന്നി പുന്നത്തറയാണ് കുറിപ്പ് എഴുതിയിരിക്കുന്നത്. മോഡിയേയും അദ്ദേഹത്തിന്റെ സർക്കാരിനെയും പ്രകീർത്തിക്കാൻ ബൈബിൾ വചനങ്ങൾവരെ കുറിപ്പിൽ ഉദ്ധരിച്ചിട്ടുണ്ട്. മോഡിയെയും ബിജെപിയെയും വാഴ്ത്തിയ സൺഡേ ശാലോം കോൺഗ്രസിനെ വിമർശിക്കാനും മറന്നില്ല.

സൺഡേ ശാലോമിൽ വന്ന മോഡി പ്രകീർത്തനം വൻ ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസിദ്ധികരണത്തിന്റെ വെബ്സൈറ്റിൽ ചേർത്തിരിക്കുന്ന വിവാദ മുഖപ്രസംഗത്തിനോട് വിശ്വാസികൾ അമർഷത്തോടെയാണ് പ്രതികരിച്ചിരിക്കുന്നത്.

## അറിയിപ്പ്

വരിസംഖ്യ അടയ്ക്കാത്തവർക്ക് തുടർന്ന് പത്രം അയയ്ക്കുന്നതല്ല. വരിസംഖ്യ അടയ്ക്കാത്തവർ എത്രയും വേഗം വരിസംഖ്യ അടയ്ക്കേണ്ടതാകുന്നു. മാന്യവായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

**മാനേജർ**
**ബിലീവേഴ്സ് ജേണൽ**

## അമേരിക്കൻ വിശേഷം

**രാജൻ ആര്യപ്പള്ളിൽ**
**ചെയർമാൻ**



# ഊമക്കത്തുകാരുടെ അറിവിലേക്ക്

കഴിഞ്ഞ കുറിപ്പിൽ പെന്തക്കോസ്ത് കോൺഫറൻസിനെക്കുറിച്ചാണല്ലോ എഴുതിയിരുന്നത്. ഇക്കുറി ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് നടക്കുന്നത് ഞാൻ താമസിക്കുന്ന അറ്റ്ലാന്റാ പട്ടണത്തിലാണ്. വളരെ ചുറുചുറുക്കോടെയാണ് കൺവീനറും എന്റെ സ്നേഹിതനുമായ റവ: ഷിബു തോമസ് പ്രവർത്തിക്കുന്നത്. നിർഭാഗ്യമെന്നു പറയട്ടെ അതേ ദിനങ്ങളിലാണ് ഹൂസ്റ്റണിൽ ഐ പി സി ഫാമിലി കോൺഫറൻസും നടക്കുന്നത്. അതിൽ സംബന്ധിക്കേണ്ടതിനാൽ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിൽ സംബന്ധിക്കുവാൻ സാധിക്കാതെ പോകുന്നത് നഷ്ടമാണ് എന്നത് തീർച്ച. കോൺഫറൻസുകൾ ശക്തമായി നടക്കണം. സംഘാടകർക്ക് ആവോളം പിന്തുണ നൽകണം. യുവതലമുറയ്ക്കായി അതു ചെയ്യണം എന്നാണെന്റെ അഭിപ്രായം. അവരെ ഭാരതവുമായും നമ്മുടെ സംസ്കാരവുമായും കൂട്ടിയിണക്കുന്ന കണ്ണികളാണ് നമ്മുടെ കോൺഫറൻസുകൾ. അതിനാൽ മലയാളി പെന്തക്കോസ്തു സഭകളുടെ കോൺഫറൻസുകളെയും PCNAK നെയും ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ആവശ്യം ആണ്. അവിടെ നിന്ന് ലഭിക്കുന്ന കൂട്ടായ്മയുടെ ഹൃദ്യമായ ബന്ധങ്ങൾ നമ്മുക്ക് ബലം നൽക്കുന്നതാണ്.

ഊമക്കത്തുകൾ പ്രചരിപ്പിക്കുന്നവരുടെ മാനസിക നിലവാരത്തെക്കുറിച്ച് പറയേണ്ട കാര്യമില്ലല്ലോ. ഒളിയുദ്ധം നടത്തുന്നത് ഭീരുക്കളാണ്. അതിനാലാണ് സംശയിക്കുന്ന പലരെക്കുറിച്ചും പലർ പറഞ്ഞിട്ടും മറുപടി പറയാതിരുന്നത്. ഏതു കുറ്റവാളിയും അറിയാതെ വിട്ടുകളയുന്ന തെളിവ് "ദൈവത്തിന്റെ കൈ" ഏത് കുറ്റകൃത്യത്തിലും ഉണ്ടല്ലോ. എന്റെ ചില സ്നേഹിതർ ഡിപ്പാർട്ട്മെന്റ് തലത്തിൽ ചില അന്വേഷണങ്ങളിലൂടെ സൂചനകൾ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ഇപ്പോൾ കൂടുതൽ പ്രതികരിക്കുന്നില്ല. തീക്കൊള്ളി കൊണ്ട് തല ചൊറിയുന്നവർ അതിന്റെ ഫലം അനുഭവിക്കട്ടെ. ജേണൽ സത്യസന്ധവും വാസ്തവുമല്ലാത്ത വാർത്തകൾ പ്രസിദ്ധീകരിക്കാറില്ല. അതിൽ വ്യക്തി വൈരാഗ്യമോ വ്യക്തി താൽപ്പര്യങ്ങളോ ഇല്ല. ആരുടെയും പണം സ്വീകരിച്ചിട്ടും ഇല്ല. നഷ്ടത്തിൽ നടക്കുന്ന പത്രമാണ് ഇന്നും ജേണൽ. നിലപാടുകൾ മാറ്റിയിരുന്നെങ്കിൽ ചില പത്രങ്ങളെപ്പോലെ ജേണലിനും ലക്ഷങ്ങളുടെ ബാലൻസ് ഉണ്ടാക്കാമായിരുന്നു. ജേണലിന്റെ നിലപാട് അന്നും ഇന്നും നാളെയും ഒന്നാണ്. വിമർശനങ്ങൾ വ്യക്ത്യാധിഷ്ഠിതമല്ല. അത് നിലപാടുകളെയും ഉപദേശത്തെയും ഒക്കെ അടിസ്ഥാനപ്പെടുത്തി മാത്രമുള്ളതാണ്. എന്നാൽ ഊമക്കത്തുമായി മുമ്പോട്ടു പോകുന്നവർ ഒരു കാര്യം മനസിലാക്കുക. തിരികെ പ്രതികരിക്കാനുള്ള ആർജ്ജവം ജേണലിനുണ്ട്. കൈകൾ ശുദ്ധവുമാണ്. PCNAK നടത്തിപ്പുമായി ബന്ധപ്പെട്ട് ഡിഫൻഡർ പത്രവുമായി ചേർന്ന് ചിലർ ഒരുക്കിയ തന്ത്രങ്ങൾ വായനക്കാരോർക്കുമല്ലോ. ഒളിയുദ്ധം നടത്തിയവർ T S ബാലനെ മുൻനിർത്തി നടത്തിയ നീക്കങ്ങൾ അമ്പേ പരാജയപ്പെട്ടിരുന്നു. മോഹഭംഗം സംഭവിച്ചവർ, ജേണലിനെ ഒതുക്കാൻ നോക്കിയിട്ടും പരാജയപ്പെട്ടവർ, വെടക്കാക്കി തനിക്കാക്കുവാൻ ശ്രമിക്കുന്നവർ എല്ലാം വീണ്ടും ഒരു പോരാട്ടത്തിനായി ജേണലിനെ നിർബന്ധിക്കരുത്. ചില സഭാ നേതാക്കന്മാരുടെയും ചിലപ്രസംഗകരുടെയും മറവിൽ ജേണലിനെതിരെ ഊമക്കത്തുമായി ഒളിച്ചു നിന്നു പോരാടുന്നവർ തുറന്ന ഴുത്തിന് നിർബന്ധിക്കരുത്. ജേണൽ തുടങ്ങിയ സമയം മുതൽ ജേണലിനെ ബഹിഷ്കരിക്കാൻ യത്നിച്ച ചില മാധ്യമ സുഹൃത്തുക്കളും ഇതെല്ലാം ഓർക്കുക. ബിലീവേഴ്സ് ജേണലിന്റെ പേരിൽ ഒരു പിരിവും നടത്തിയിട്ടില്ല. അമേരിക്കയിൽ ആരോടും പണം പറ്റിയിട്ടുമില്ല. മാധ്യമ ദൗത്യം നന്നായി തിരിച്ചറിഞ്ഞുതന്നെയാണ് ജേണൽ പ്രവർത്തിക്കുന്നത്. ആരുടെ എങ്കിലും കൈയിൽ നിന്ന് ഏതെങ്കിലും നിലയിൽ ജേണൽ ചുമതലക്കാർ പണം വാങ്ങിയിട്ടുണ്ടെങ്കിൽ ധൈര്യമായി പറയാം. ഭീഷണിപ്പെടുത്തുക, ബ്ലാക്ക് മെയിലിംഗ് നടത്തുക, മുഖസ്തുതി പാടുക ഇതൊന്നും ജേണലിന്റെ രീതിയല്ല. അങ്ങനെ ചെയ്യുന്ന മാധ്യമങ്ങളുണ്ടാവാം. ഒരു പെന്തക്കോസ്ത് പ്രസ്ഥാനത്തിനും നേതാക്കന്മാർക്കും ജേണൽ എതിരല്ല. ഹൃദ്യമായ ബന്ധമാണ് എല്ലാവരോടും ഉള്ളത്. അഴിമതിയും തെറ്റായ കാര്യങ്ങളും ചൂണ്ടിക്കാട്ടുന്നത് വൈരാഗ്യം അല്ലല്ലോ. തുറന്ന സംവാദത്തിന് ജേണൽ തയ്യാറാണ്. ഊമക്കത്തിനും പിമ്പിലുള്ളവരെ തുറന്നു കാട്ടാനും ഒരുക്കമാണ്.

# വാർഷിക പദ്ധതികളുമായി കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ്

**മുളക്കുഴ:-** 2014-15 വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിക്കൊണ്ട് ചർച്ച് ഓഫ് ഗോഡ് കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ് കേരളത്തിൽ അങ്ങോളമിങ്ങോളം വിവിധ പ്രോഗ്രാമുകൾ നടത്തുന്നു. ദൈവസഭയിലെ ഡിസ്ട്രിക്ട് പാസ്റ്റേഴ്സിന്റേയും, സെക്രട്ടറിമാരുടേയും, ശുശ്രൂഷകന്മാരുടേയും സഹകരണത്തോടെ സഭകളെ സഹായിക്കുക, സമഗ്ര വളർച്ചയിലേക്ക് നയിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾ, യുവതിയുവാക്കന്മാർ, മാതാപിതാക്കൾ, വയോധികർ എന്നിങ്ങനെ ഏത് പ്രായത്തിൽപ്പെട്ടവർക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മുളക്കുഴ ഓഫീസിൽ ബന്ധപ്പെടാവുന്നതാണ്. കേരളത്തിലെ പ്രഗൽഭന്മാരായ കൗൺസിലേഴ്സ് ക്ലാസ്സുകൾ നയിക്കുന്നു. വ്യക്തിപരമായ കൗൺസിലിംഗിനും അവസരമുണ്ടായിരിക്കും. തുടർന്ന് ഡിപ്പാർട്ട്മെന്റിനോട് ചേർന്ന് പ്രോഗ്രാം നടത്തുവാൻ താല്പര്യമുള്ളവർ ഡയറക്ടർ, പാസ്റ്റർ എ.റ്റി. ജോസഫിനെ ബന്ധപ്പെടേണ്ടതാണെന്ന് സെക്രട്ടറി പാസ്റ്റർ റോജി സാമുവൽ അറിയിക്കുന്നു.

# മരണമടഞ്ഞ പാസ്റ്ററുടെ കുടുംബം കാരുണ്യം തേടുന്നു



പാസ്റ്ററുടെ വിധവ പ്രഭയും മക്കളും വീടിനു മുമ്പിൽ

**കാട്ടാക്കട:** വാഹനാപകടത്തെതുടർന്ന് മരണമടഞ്ഞ പാസ്റ്റർ ജസ്റ്റിൻ രാജന്റെ കുടുംബം കാരുണ്യം തേടുന്നു. ചർച്ച് ഓഫ് ഗോഡ് ആനപ്പാറ ശുശ്രൂഷകനും വെള്ളറട കോവിലൂർ മുത്തുക്കുഴി ബഥേലിൽ കുടുംബാംഗവുമായ പാസ്റ്റർ ജസ്റ്റിൻ രാജ് (51) കാട്ടാക്കടയ്ക്ക് സമീപം കിള്ളിയിൽ വെച്ചുണ്ടായ വാഹനാപകടത്തെ തുടർന്നാണ് മരണപ്പെട്ടത്. ഇദ്ദേഹത്തിന്റെ ബൈക്കും ട്രാൻസ്പോർട്ട് ബസും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു.ബൈക്കിൽ ഒപ്പം സഞ്ചരിച്ചിരുന്ന ഇളയമകൾ പ്രെവി (14) ഗുരുതര പരുക്കുകളോടെ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലാണ്. ഭാര്യ പ്രഭയും മൂന്നു പെൺമക്കളുമടങ്ങിയ ഈ കുടുംബത്തിന്റെ ഏക ആശ്രയമാണ് നഷ്ടപ്പെട്ടത്. (മൂത്ത മകൾ ബി.കോം ഒന്നാംവർഷം, രണ്ടാമത്തെ മകൾ +1, മൂന്നാമത്തെ മകൾ SSLC പൂർത്തിയായി). ആകെയുണ്ടായിരുന്ന 7സെന്റ് വസ്തുവിൽ 2 സെന്റ് മക്കളുടെ പഠനത്തിനുവേണ്ടി വിറ്റു. ചോർന്നൊലിക്കുന്നതും തകർന്ന് വീഴാറായതുമായ ഒറ്റമുറി വീട്ടിലാണ് താമസം. പ്ലാസ്റ്റിക് മറകെട്ടിയ ബാത്ത്റൂമും ഒക്കെയായ ശോചനീയമായ അവസ്ഥയാണ് ഈ വീട്ടിലുള്ളത്. ഇളയമകളുടെ ചികിത്സ, മറ്റ് പെൺമക്കളുടെ പഠനം, വിവാഹം, നല്ലൊരു വീട് തുടങ്ങിയ ചുമതലകളെല്ലാം വിധവയായ പ്രഭയുടെ ചുമലിലാണ്. നിർദ്ധനരായ ഈ കുടുംബത്തെ നല്ലവരായ അനുവാചകർ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

**Mrs. Prabha**
**A/c No. 6726573400l, SBT,**
**Kudappanamoodu, IFSC. SBTR 0000588**
**Phone: 9497000650**

# പാസ്റ്റർ കോശി കെ. കുര്യൻ ചുമതലയേറ്റു



**കുവൈറ്റ്:** കുവൈറ്റ് മങ്കാഫ് ന്യൂ ലൈഫ് അസംബ്ലീസ് ഓഫ് ഗോഡ് സഭാ ശുശ്രൂഷകനായി പാസ്റ്റർ കോശി കെ. കുര്യൻ ജൂൺ 13 ന് ചുമതലയേറ്റു. പത്തനാപുരം ചാച്ചിപുന്ന കൃപാലയത്തിൽ കെ. കുര്യൻ-സൂസി കുര്യൻ മകനായ പാസ്റ്റർ കോശി കെ. കുര്യൻ അസംബ്ലീസ് ഓഫ് ഗോഡ് കൊട്ടരക്കര, പത്തനാപുരം, അടൂർ സെക്ഷനുകളിൽ സെക്ഷൻ കമ്മറ്റിയും വിവിധ ചുമതലകൾ നിർവഹിച്ചിട്ടുണ്ട്. വി.ബി.എസ്., സി.എ. എന്നിവയിലും നേതൃത്വം നൽകിയിട്ടുണ്ട്. പുനലൂർ ബഥേൽ ബൈബിൾ കോളജ്, ബാംഗ്ലൂർ ആക്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ നിന്നും വേദപഠനം പൂർത്തിയാക്കിയിട്ടുള്ള അദ്ദേഹം ആഗ്ര, പാണയം, അണ്ടൂർ, ചെറുവക്കൽ, പട്ടാഴി, കൊടുമൺ, അഞ്ചൽ എ.ജി. സഭകളിൽ ശുശ്രൂഷകനായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ സാന്റി കെ. കോശി. മക്കൾ: ഗ്ലാഡ്സൺ, ഗ്ലാഡ്വിൻ. ഫോൺ: 97459502, agmangaf@yahoo.com, www.newlifeagkuwait.com

## 01 പ്രാർത്ഥനകൾക്കൊടുവിൽ...

ണ്ടിരുന്നു. തിക്രിത്തിലെ നഴ്സുമാരെ വിമതർ ബന്ദിയാക്കിയപ്പോൾ ഏറെ ഭയപ്പെട്ടു. പിന്നീട് പ്രാർത്ഥനയുടെ നാളുകളായിരുന്നു-അനീഷ പറഞ്ഞു.

പഠനം പൂർത്തിയാക്കുന്നതിനും ജോലി നേടുന്നതിനും ചെലവായ തുകയുടെ കടങ്ങൾ കുടുംബത്തിനുമേൽ കനത്ത ഭാരമാണ് ഏല്പിച്ചിരിക്കുന്നത്. ഇറാഖിൽ കലാപം ആരംഭിച്ചതുമുതൽ കടക്കാർ അനീഷയുടെ വീട്ടിലെത്താൻ തുടങ്ങിയിരുന്നു. 33 നഴ്സുമാരോടൊപ്പം നാട്ടിലെത്തിയ അനീഷയ്ക്ക് ഭാവിയെക്കുറിച്ച് ആശങ്കകളാണ്. രോഗിയായ പിതാവ് ഐസക് സൗദിയിൽ ജോലിയിലാണെങ്കിലും നല്ല ശമ്പളമില്ല. പിതാവ് നാട്ടിലേക്ക് മടങ്ങാനിരിക്കുകയാണ്. സഹോദരൻ നിബിൻ എം. ഐസക് ചില മാസങ്ങൾക്കുമുമ്പാണ് ഖത്തറിലെ സ്വകാര്യ കമ്പനിയിൽ ഇലക്ട്രീഷ്യനായി ജോലിയിൽ പ്രവേശിച്ചത്. ഇതുവരെ ശമ്പളം ലഭിച്ചിട്ടില്ല. പത്തുസെന്റ് വസ്തുവിൽ നിൽക്കുന്ന വീട് മാത്രമാണ് സമ്പാദ്യം.

പഠനത്തിനും ജോലിനേടാനും ചെലവാക്കിയ കടങ്ങൾ വീട്ടാനുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ടുകൊണ്ട് നട്ടം തിരിയുന്ന കുടുംബത്തിന് ജോലി അത്യാവശ്യമാണ്. ഇനിയും ഇറാഖിലേക്കില്ലെന്ന് അനീഷ പറഞ്ഞു. പക്ഷെ മകളുടെ ജീവൻ തിരിച്ചുകിട്ടിയ ആശ്വാസത്തിലാണ് അമ്മ ഏലിയാമ്മ. ഇറാഖിൽനിന്നും ആദ്യ ബാച്ചിലെത്തിയ നഴ്സുമാർക്ക് നൽകുന്ന ആനുകൂല്യങ്ങളും വാഗ്ദാനങ്ങളും ഞങ്ങൾക്കും നൽകണമെന്ന് അനീഷ പറഞ്ഞു. ചെങ്ങന്നൂർ കല്ലുവരമ്പ് ചർച്ച് ഓഫ് ഗോഡ് (മേരി കോവൂരിന്റെ സഭ) സഭാംഗമായ അനീഷ പ്രാർത്ഥിച്ചവർക്കും സഹായിച്ചവർക്കും നന്ദി പറയാനും മറന്നില്ല.

## കൊച്ചുവർത്തമാനം





**പാസ്റ്റർ ബിജു ജോയി തുവയൂർ**
**ഗൾഫ് എഡിറ്റർ ബിലീവേഴ്സ് ജേണൽ**

# "പ്രവാചക വിസ"

ചില മാസങ്ങൾക്ക് മുമ്പ് നാട്ടിൽ നിന്നും എത്തിയ ഒരു 'ദാസൻ' എന്നെ ഫോണിൽ വിളിച്ചു – വളരെ അത്യാവശ്യമായി. താൻ ഒരു പ്രവാചകനാണ് എന്നും "പ്രവാചക" ശബ്ദത്തിൽ അറിയിച്ചു "വിളി" അനവധി തവണയായപ്പോൾ ഉത്തരവ് അനുസരിച്ച് ഞാൻ ആ മഹാനെ യോഗത്തിന് ക്ഷണിച്ചു "ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താൻ ചെയ്തു കൂട്ടിയ വീരപരാക്രമ കഥകളും, ശത്രുവിന്റെ പോരുകളെ അഴിച്ചുമാറ്റി അനേകരെ വിടുവിച്ചത് എല്ലാം പറഞ്ഞ് ഒടുവിൽ പാവപ്പെട്ട കർത്താവ് ഇപ്പോൾ ചില "പ്രത്യേക" "ശുശ്രൂഷ"കളുമായി രാജ്യങ്ങളിൽ നിന്നും രാജ്യങ്ങളിലേക്ക് (വിസകിട്ടുന്നതിന് അനുസരിച്ച്) അയച്ചിരിക്കുന്നു എന്നും സകലമാനപേരെയും ബോദ്ധ്യപ്പെടുത്തി "തകർപ്പൻ ശുശ്രൂഷയങ്ങു നടത്തി. "വീണ്ടും വരും" എന്ന പ്രഖ്യാപനത്തോടെ ഒരു തരത്തിൽ "ശുശ്രൂഷ" അവസാനിപ്പിച്ചു. വീണ്ടും ചില മാസങ്ങൾക്കു ശേഷം "വിളി" ആവർത്തിച്ചു "ഞാനാണ് പിടികിട്ടികാണുമല്ലോ" പ്രവാചക ശബ്ദം അങ്ങനെയങ്ങു മറക്കാവതല്ലാത്തതിനാൽ എനിക്ക് "കക്ഷി"യെ പിടികിട്ടി. "പോയില്ലേ" എന്ന എന്റെ ചോദ്യത്തിന് മുമ്പിൽ, പോയി നാട്ടിലേക്കല്ല മറ്റ് ചില മരുഭൂപ്രദേശങ്ങളിലേക്ക് എന്നും എന്നാൽ "ആത്മാവ്" (ദൈവാത്മാവല്ല) മരുഭൂമിയിൽ 'ചില' കാലം ആയിരിപ്പാൻ നിർബന്ധിച്ചതിനാൽ വീണ്ടും ഇവിടേക്ക് വന്നു എന്നും ആത്മാവ് ആ ദാസന് "പ്രവാചക വിസ"യാണ് നൽകിയിരിക്കുന്നതെന്നും എന്നെ തെര്യപ്പെടുത്തി. കൂടുതൽ അറിയാൻ അടിയന് ആഗ്രഹമുണ്ടെന്ന് അറിയിച്ചപ്പോൾ കേരളത്തിലെ ഒരു "സാറി"ന്റെ കത്തു കൈവശമുണ്ടെന്നും, ഇവിടെയുള്ള ഒരു" സാറ്" എല്ലാവിധ സഹായങ്ങളും ചെയ്തു "നിർത്തി" യിരിക്കുന്നു എന്നും അറിയിച്ചു. മാത്രമല്ല തന്നെ സഹായിച്ച "സാറൻമാർക്ക്" ചില 'പ്രത്യേക' നന്മകൾ ഉണ്ടായി എന്നും – ദൂതൻമാരോടോ കർത്താവിനോടോ എന്തെങ്കിലും റെക്കമെന്റേഷൻ ആവശ്യമായിട്ട് ഉണ്ടെങ്കിൽ പറഞ്ഞാൽ മതി എന്നും – പിന്നെ നാട്ടിൽ വരുമ്പോൾ "യോഗം" വല്ലതും ക്രമീകരിക്കണമെങ്കിൽ അതും ആകാമെന്നും ദാസന്റെ അരുളപ്പാട്. "അപ്പോ നാട്ടിൽ പോകാറുണ്ടോ?" എന്ന എന്റെ ചോദ്യത്തിന് "ഉടനെയില്ല, പിന്നേയും ചില "ശുശ്രൂഷ"കൾ ഇവിടെയുണ്ട് എന്നാണ് അറിയിപ്പു ലഭിച്ചത്. തത്ക്കാലം അതവിടെ നിൽക്കട്ടെ ദൈവദാസന്മാർ ഗൾഫിലോ മറ്റ് രാജ്യങ്ങളിലോ സന്ദർശനം നടത്തുന്നത് തെറ്റല്ല – ദൈവം അവസരങ്ങൾ നൽകുമ്പോൾ ആകട്ടെ. എന്നാൽ "ചിലർ" ഇത് തരമാക്കി മാറ്റി "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്നുള്ള നിലയിൽ സകല "കളിപ്പിക്കൽ" പരിപാടികളും ആസൂത്രണം ചെയ്ത് സന്തോഷിക്കുമ്പോൾ അവസരങ്ങൾ ലഭിക്കാത്ത ചില പാവങ്ങളെങ്കിലും ഉണ്ടെന്ന കാര്യം നാം വിസ്മരിച്ചു കൂടാ. സ്വന്തം സഭയിൽ ശുശ്രൂഷ ചെയ്യുന്ന ദൈവദാസൻമാർ യോഗ്യരാണ് എങ്കിലും അവരെ പരിഗണിക്കാതെ ഒരു കഥയും ഇല്ലാത്ത വയ്യാവേലികളെ കൂടെ കൂടെ എഴുന്നെള്ളിച്ച് പേരെടുക്കുന്ന ചില "സാറൻ മാരും" ഇല്ലാതില്ല. അവർക്ക് നാട്ടിലെത്തുമ്പോൾ "യോഗം" കിട്ടണം അത്രതന്നെ. ദീർഘ കാലങ്ങൾ ദൈവവേല ചെയ്ത് തിരുനാമത്തിന് ദോഷം വരുത്താത്ത "സാറന്മാരുടെ "റെക്കമെന്റേഷൻ ഇല്ലാത്തവരെ; എളിയവരെ നമുക്ക് പരിഗണിയ്ക്കാം- അവർ യോഗ്യരാണ് മറക്കരുത് "എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ............" ദൈവം നമ്മെ അനുഗ്രഹിക്കും തീർച്ച. സ്തോത്രം.

## 01 പാസ്റ്റർ ജോർജ് ഉമ്മന് ......

സെമിനാരി, കോട്ടയം ശാലേം ബൈബിൾ കോളജ്, മാരാമൺ ബേർശേബാ തിയോളജിക്കൽ കോളജ്, കരുവാറ്റ ബി. സി. ഇ. സി., എന്നീ വേദപാഠശാലകളിലെ അധ്യാപകനും പത്തനാപുരം ഉമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ പ്രസിഡന്റുമാണ്. 6 പതിറ്റാണ്ടോളം സുവിശേഷ പ്രവർത്തനത്തിൽ സജീവമായിരുന്നു. ഭാര്യ: തൃശൂർ കൂട്ടാല ചുങ്കത്തിൽ ചാങ്ങയിൽ അന്നമ്മ ജോർജ്. മക്കൾ: വിൽജി ഉമ്മൻ (അഡ്മിനിസ്ട്രേറ്റർ, ഉമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, പത്തനാപുരം), പാസ്റ്റർ ജെയിംസ് ജോർജ് (ഐ.പി.സി.എബനേസർ, ഫ്ളോറിഡ), ഗ്രേസ് സജീവൻ, മേഴ്സി ജോൺ (ന്യൂ തിയോളജിക്കൽ സെമിനാരി ഡെറാഡൂൺ), എബ്രഹാം ജോർജ് (യു.കെ), മരുമക്കൾ: ഡോളി (സെന്റ് മേരീസ് റസിഡൻഷ്യൽ സ്കൂൾ, പത്തനാപുരം), എൽസി ജെയിംസ്, കോട്ടയം പൂവൻതുരുത്ത് കളരിക്കൽ സജീവൻ തോമസ് (കളരിക്കൽ റബേഴ്സ്), നിരണം കടപ്പിലാരിൽ കെ. എൻ. ജോൺ (ന്യൂ തിയോളജിക്കൽ സെമിനാരി, ഡെറാഡൂൺ), ലിൻസി (U.K).

ജൂലൈ 5 ന് രാവിലെ തിരുവല്ലാ മെഡിക്കൽ മിഷനിൽ വെച്ചായിരുന്നു അന്ത്യം സംഭവിച്ചത്. 14 ന് രാവിലെ 8 മണിക്ക് ഐ. പി. സി. പുനലൂർ സെന്ററിന്റെയും കേരള സ്റ്റേറ്റ് പ്രസ്ബിറ്ററിയുടെയും ഉമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽ വച്ച് നടന്ന സംസ്കാരശുശ്രൂഷയ്ക്ക് പുനലൂർ സെന്റർ സെക്രട്ടറി പാസ്റ്റർ ബിജു റ്റി. ഫിലിപ്പ്, വൈസ് പ്രസിഡന്റ് ബേബിക്കുട്ടി, പാസ്റ്റർ ജെയിംസ് ജോർജ് എന്നിവർ നേതൃത്വം നൽകി. പാസ്റ്റേഴ്സ് ഇ. സി. ജോർജ്, ബെഞ്ചമിൻ വർഗീസ്, കെ. സി. തോമസ്, ഫിലിപ്പ് പി. തോമസ്, കെ. സി. ജോൺ എന്നിവർ തുടങ്ങി 150 പേരോളം ശുശ്രൂഷിച്ചു. കൊടിക്കുന്നിൽ സുരേഷ് എം. പി., ഗണേഷ് കുമാർ എം. എൽ. എ., മറ്റനേകം ജനപ്രതിനിധികളും സാംസ്കാരിക സാമൂഹിക പ്രവർത്തകരും അനുശോചനം അറിയിച്ചു. അനേക കർതൃ ദാസന്മാരുടെയും വലിയൊരു കൂട്ടം വിശ്വാസികളുടെയും സാന്നിധ്യത്തിൽ പത്തനാപുരം ശാലോം സഭയുടെ സെമിത്തേരിയിൽ 3 മണിക്ക് സംസ്കാരം നടത്തി. ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരിയെ പ്രതിനിധീകരിച്ച് മേജർ (റിട്ട.) ലൂക്ക്, സിസ്റ്റർ മേഴ്സി ലൂക്ക് എന്നിവർ അനുശോചനം അറിയിച്ചു.

# അധിക തുക കൈമാറി: കണക്റ്റിക്കട്ടിൽ നടന്ന 2013 പി. സി. എൻ. എ. കെ ചരിത്രത്തിന്റെ ഭാഗമായി

**ജോൺസ് പി. മാത്യൂസ്**



**ഡിട്രോയിറ്റ്:** അനേക പ്രതിബന്ധങ്ങളെ അതി ജീവിച്ചു കൊണ്ട് വിജയകരമായ നിലയിലും സാമ്പത്തീക കടബാധ്യതകൾ ഇല്ലാതെയും 31-ാമത് പിസിനാക്കിന്റെ കൺവീനറായി റവ. ഡോ. സണ്ണി ഫിലിപ്പിന്റെ നേതൃത്വത്തിൽ 2013 ജൂലൈയിൽ കണക്റ്റിക്കട്ടിൽവെച്ച് നടന്ന പി.സി.എൻ.എ.കെ വിജയകരമായത് ചരിത്ര സംഭവമായി. നോർത്ത് അമേരിക്കൻ പെന്തക്കോസ്ത് കോൺഫറൻസിനെ സ്നേഹിക്കുന്ന ദൈവമക്കളുടെ പ്രാർത്ഥനയും, നിർലോഭമായ സഹായ സഹകരണവും ഭാരവാഹികളുടെ ഐക്യതയുമായിരുന്നു വിജയകരമായ നിലയിൽ പര്യവസാനിക്കുവാൻ ഇടയായത്.

2013-ൽ കണക്റ്റിക്കട്ടിൽ നടന്ന 31-മത് പിസിനാക്കിന്റെ റിപ്പോർട്ട് 2014 ജൂലൈ 4-ന് വെള്ളിയാഴ്ച്ച ഡിട്രോയിറ്റിൽ വെച്ച് നടന്ന 32-മത് പിസിനാക്കിന്റെ ജനറൽബോഡിയിൽ നാഷണൽ ജനറൽസെക്രട്ടറിയായി രാജൻ ആര്യപ്പള്ളിൽ അവതരിപ്പിച്ച കോഫറൻസ് റിപ്പോർട്ടും ട്രഷറായി ജോയിസ് പി. മാത്യൂസ് അവതരിപ്പിച്ച സാമ്പത്തീക റിപ്പോർട്ടും ജനറൽബോഡി ഐകകണ്ഠേന പാസാക്കി. അധികം വന്ന തുക റവ. ഡോ. സണ്ണി ഫിലിപ്പ് 2014-ലെ കൺവീനർ റവ. ഡോ. രാജൻ ജോർജ്ജിനു കൈമാറി മാതൃകാപരമായ ചരിത്രം കുറിച്ചു. 2013-ലെ പിസിനാക്ക് വിജയകരമാക്കിതീർത്ത ദൈവമക്കളോട് ഭാരവാഹികൾ ഒരിക്കൽകൂടെ നന്ദി അറിയിച്ചു.

ലേഖനം

# വീഴുമ്പോൾ കണ്ണ് തുറന്നിരിക്കുന്നവൻ...



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

തെറ്റുകൾ മനുഷ്യ സഹജമാണെങ്കിലും അതുണ്ടാകുന്ന വേളയിൽ എനിക്ക് തെറ്റ് പറ്റിപ്പോയി എന്നൊരുവേള നമ്മിലുണ്ടാകുന്ന സ്വയസമ്മതം വേദപുസ്തക പ്രതിപാധ്യനായ ഒരാത്മീകന്റെ ലക്ഷണങ്ങളിൽ ഒന്നാണ്. വർത്തമാനകാല രക്ഷയുടെ പ്രതിദിന സ്വഭാവം കൂടിയാണ് അത്. പൂർണ്ണരായി ഈ ഭൂവിലാരുമില്ല എന്നതിന്റെ തെളിവാണല്ലോ ഭൂമിയിൽ പാർക്കുന്ന നമുക്കായി സ്വർഗ്ഗത്തിൽ പിതാവിനോട് പക്ഷപാതം ചെയ്യുന്ന ക്രിസ്തു. പക്ഷെ അതൊരിക്കലും തെറ്റുകളുടെ ആവർത്തനത്തിനായി നമുക്ക് ലഭിക്കുന്ന അനുവാദമല്ല. നമുക്ക് പറ്റുന്ന തെറ്റുകളോടുള്ള നമ്മുടെ ന്യായീകരണ മനോഭാവം ദൈവത്തിനൊരിക്കലും അംഗീകരിക്കാൻ കഴിയാത്ത അനീതിയാണ്. അങ്ങനെ നാം അരുതുകളിലേക്ക് അറിയാതെ വീണാൽ അവിടെ നമ്മുടെ കണ്ണുകൾ തുറന്നിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നാം വീണുപോയി എന്ന് ഗ്രഹിക്കാൻ നമുക്ക് കഴിയാതെ വരും.

മോവാബ്യ പ്രഭുക്കന്മാരും മിദ്യാന പ്രഭുക്കന്മാരും കയ്യിൽ പ്രശ്ന ദക്ഷിണയുമായി യിസ്രായേലിനെ ശപിക്കുവാൻ ബിലയാമിനെ സമീപിക്കുന്ന സമയം, ഈ വിഷയത്തിൽ ഉള്ള ദൈവാലോചനക്കായി താൻ യഹോവയെ സമീപിച്ചപ്പോൾ ലഭിച്ച മറുപടി. നീ അവരോടുകൂടെ പോകരുത്, ആ ജനത്തെ ശപിക്കയും അരുത് എന്നതായിരുന്നു. പക്ഷെ ദൈവം വിലക്കിയതെങ്കിലും തന്റെ നിർബന്ധത്താൽ അനുവദിച്ചുകിട്ടിയ അവസരത്തെ ക്ഷണിച്ചവർ വച്ചു നീട്ടിയ പ്രലോഭനങ്ങളിൽ മയങ്ങി പ്രശ്നദക്ഷിണ കൈപ്പറ്റി ബിലയാം അവരോടൊപ്പം പുറപ്പെട്ടു. പല സ്ഥലങ്ങളിൽ മാറി മാറി ദൈവജനത്തെ ശപിക്കുവാൻ പരീക്ഷിച്ചെങ്കിലും അവിടെയെല്ലാം ശാപത്തിന് പകരം അനുഗ്രഹത്തിന്റെ സന്ദേശമാണ് തന്നിൽ നിന്നും പുറത്തു വന്നത്. ഒടുവിലായി തനിക്കു പറ്റിയ തെറ്റ് തിരിച്ചറിഞ്ഞ ബിലെയാം സുഭാഷിതം ചൊല്ലി തുടങ്ങി കണ്ണടച്ചിരിക്കുന്ന പുരുഷൻ പറയുന്നു ദൈവത്തിന്റെ അരുളപ്പാട് കേൾക്കുന്നവൻ, സർവ്വശക്തന്റെ ദർശനം ദർശിക്കുന്നവൻ, "വീഴുമ്പോൾ കണ്ണ് തുറന്നിരിക്കുന്നവൻ......" (സംഖ്യ. 24:4).

ദൈവീക ആലോചനകളെ ലംഘിച്ചു കൊണ്ട് ആരെങ്കിലമൊക്കെ വച്ചു നീട്ടുന്ന പ്രലോഭനങ്ങളിൽ കണ്ണടക്കി നാം അവരോടൊപ്പം കൂടുമ്പോൾ നമ്മുടെ യാത്രക്കിടയിൽ എവിടെയെങ്കിലും വച്ച് ഇപ്പോൾ നാം ചെയ്യുന്നത് നിയമലംഘനമാണെന്ന് ദൈവത്തിന്റെ ആത്മാവ് ബോധ്യപ്പെടുത്തിയാൽ മടങ്ങി വരുവാൻ തയാറാകേണ്ടതുണ്ട്. യേശുവിനെ കാണിച്ചു കൊടുത്ത രാത്രി കുറഞ്ഞ പക്ഷം രണ്ടു പേർക്കെങ്കിലും നിർണ്ണായകമായിരുന്നു - യൂദക്കും പത്രോസിനും നേരം വെളുത്തുടനെ മൂന്നു പ്രാവശ്യം നാഥനെ തള്ളിപ്പറഞ്ഞവൻ ഒരു പൊട്ടിക്കരച്ചിലോടെ ആത്മനാഥനിലേക്ക് മടങ്ങിവന്നപ്പോൾ ഒരുവൻ മുപ്പതു വെള്ളിക്കാശിനുവേണ്ടി ഒറ്റികൊടുത്തൊടുവിൽ മരണത്തിലേക്ക് വേഗത്തിൽ പായുന്നു. തന്റെ വീഴ്ചയിൽ കണ്ണ് തുറന്നിരുന്നവന് കാര്യം ബോധ്യമായി....കരച്ചിലോടെ അവൻ മടങ്ങിവന്നു!! നാം ചെയ്യുന്നതെല്ലാം ശരിയാണെന്നുള്ള ചിന്ത നമ്മിലുണ്ടാക്കി വീണ്ടും തെറ്റുകളിൽ നിന്നും തെറ്റുകളിലേക്ക് തള്ളിവിടുന്ന സാത്താന്യ പ്രവർത്തനങ്ങളെ ഏറെ ഗൗരവത്തോടെ നാം തിരിച്ചറിയേണ്ടതുണ്ട്. അൽപ്പം പണത്തിനായി, ഏതുമില്ലാത്ത ഒരു പദവിക്കായി നാലാളുടെ കൈയ്യടിക്കും പ്രശംസയ്ക്കുമായി സീയോനിൽ ഇട്ട മാന്യവും ശ്രേഷ്ഠവുമായ കല്ലിൽ വിശ്വസിച്ചതിനാൽ നമുക്ക് കിട്ടിയ മാന്യത നഷ്ടമാക്കി നമ്മെ തന്നെ വിലയില്ലാതാക്കി നാം നടത്തുന്ന പ്രവർത്തനങ്ങളിൽ ഒരിക്കലെങ്കിലും നമ്മിൽ കുറ്റബോധം തോന്നുന്നില്ലേ? ദൈവവചനത്തിന്റെ നിർമ്മലതയും സത്യവും വിട്ടു വ്യാജവ്യാഖ്യാനങ്ങളിലൂടെയും മറ്റിതര വചന വിരുദ്ധ ശുശ്രൂഷകളിലൂടെയും പാവപ്പെട്ട ദൈവജനത്തെ വഞ്ചിക്കുമ്പോൾ ഇടക്കെവിടെയെങ്കിലും വച്ച് ആ വീഴ്ചയിൽ നമ്മുടെ കണ്ണ് ഒന്ന് തുറന്നിരുന്നെങ്കിൽ? വിശ്വാസ ഭൂമികയിൽ നിന്നുകൊണ്ട് ക്രൈസ്തവ ധാർമ്മികതക്കും ആദർശങ്ങൾക്കും തിരുവെഴുത്തുകൾക്കും തെല്ലും വില കൊടുക്കാതെ എത്ര ഹീനമായ ഇടങ്ങളിലേക്കും താഴുവാൻ മടി കാണിക്കാതെ ഒരിക്കൽ മൂല്യമുള്ളതായി കണ്ട പെന്തെക്കോസ്തിന്റെ മഹനീയതയെ നിസ്സാരവൽകരിച്ചു കൊണ്ട് നാം യാത്ര ചെയ്യുമ്പോൾ, ഇതിനിടയിൽ നമ്മുടെ അകക്കണ്ണൊന്നു തുറന്നു നാം വീണുപോയി എന്നൊരു ചിന്ത നമ്മിലുണ്ടായെങ്കിൽ ഒരു മാറ്റം തീർച്ചയായും ഉണ്ടാകാതിരിക്കില്ല. വേദപുസ്തക പ്രവാചകവരേണ്യന്മാരുടെ നാവുകൾ ഇടതവില്ലാതെ ചലിച്ചത് ദൈവജനത്തിന്റെ വീഴ്ചകൾക്കെതിരെ ആയിരുന്നു. 'വീണിരിക്കുന്നു - മടങ്ങി വരൂ' എന്നതായിരുന്നു അവരുടെ പ്രവചനത്തിന്റെ സന്ദേശം. ചെയ്ത തെറ്റിനെകുറിച്ച് ബോധ്യം വരുത്താതെ, വീഴ്ച പറ്റിയെന്നു ഓർമ്മപ്പെടുത്താതെ, മടങ്ങി വരവിനുള്ള ആഹ്വാനവും നല്കാതെ വീണാലും തെറ്റില്ലെന്നും കൃപ മാത്രം മതിയെന്നും മറ്റുമുള്ള നിരർദ്ധക നിർവ്വചനങ്ങൾ നൽകിയും അനുഗ്രഹ സമൃദ്ധി വചസുകൾ വാരി വിതറി വയറും കവറും നിറക്കാൻ അരയും തലയും മുറുക്കി കറങ്ങി നടക്കുന്ന നവയുഗ പ്രവാചക വൃന്ദങ്ങൾ- കണ്ണ് തുറപ്പിക്കേണ്ടവർ വെറും തറവേലകളിലൂടെ വീണവന്റെ കണ്ണടപ്പിച്ചും കയ്യിട്ടുവാരിയും അവൻ അവന്റെ കാര്യം നേടുന്ന കാഴ്ച കണ്ടിട്ടെങ്കിലും നമ്മുടെ കണ്ണുകൾ തുറക്കാത്തത് കഷ്ടം!!! പഴുപ്പ് ഞെക്കി കളയാതെ മുറിവിനെ ചികിത്സിക്കുന്ന പൊട്ട വൈദ്യന്മാർ എന്നതിൽ കവിഞ്ഞൊരു വിശേഷണം ഇവർക്കുകൊടുക്കാനാവില്ല. നമ്മുടെ കണ്ണുകളെ കുത്തി പൊട്ടിച്ചു സമൃദ്ധി ദൈവശാസ്ത്രങ്ങളുടെ തങ്കചങ്ങലകൾ കൊണ്ട് ബന്ധിച്ചു തകർത്തുകളയാൻ ശ്രമിക്കുന്ന നൂതന ദലീലാ തന്ത്രങ്ങളെ അവഗണിച്ചാൽ വലിയ അപകടത്തെ നേരിടേണ്ടി വരും. പിന്നെയുള്ള കുടച്ചിലുകൾ വെറും ആത്മശക്തിയില്ലാത്ത പ്രഹസനങ്ങൾ മാത്രമാകും!!!.

നമുക്ക് സംഭവിക്കുന്ന വീഴ്ചകളിൽ തുറക്കപ്പെടാത്ത കണ്ണുകൾ നമ്മെ നയിക്കുന്നത് ആത്മീക അന്ധതയിലേക്കായിരിക്കും. പിന്നെ സംഭവിക്കുന്ന അപജയങ്ങളെ കുറിച്ച് നാം അറിവില്ലാത്തവരാകും. തുടർന്ന് എല്ലാ തെറ്റുകളും ശരിയായി നിർവ്വചിക്കപ്പെടുകയും ഈ വഴികളിൽ വീഴ്ചകൾ ഉണ്ടാകില്ല എന്ന സാത്താന്യ പഠിപ്പിക്കലുകൾക്ക് നാം അടിപ്പെടുകയും ചെയ്യും. അവിടെ നിന്നും സത്യവും സങ്കല്പവും തിരിച്ചറിയുവാൻ കഴിയാത്ത ശീതോഷ്ണ സമാനാനുഭാവത്തിലേക്ക് മാറ്റപ്പെടും. ഒടുവിൽ സർവ്വത്ര നാശത്തിലേക്കായിരിക്കും നമ്മുടെ പ്രയാണം. ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിച്ചുകൊണ്ടുള്ള നമ്മുടെ നാശഗമന പാതകളിൽ നാം വീണു കിടക്കുന്നു എങ്കിൽ ആ വീഴ്ചയിൽ നമ്മുടെ കണ്ണുകൾ തുറക്കട്ടെ...തുറക്കപ്പെട്ട കണ്ണുകൾ നമ്മെ ഒരു മടങ്ങിവരവിലേക്ക് നയിക്കട്ടെ....ആർക്കാണ് തെറ്റുകൾ സംഭവിക്കാത്തത്?...പക്ഷെ "വീഴുമ്പോൾ കണ്ണ് തുറന്നിരിക്കുന്നവൻ" ...അവനത്രെ ജ്ഞാനി!!!

വിധിയും വിചാരണയും

# മദ്യനിരോധനം: പെന്തെക്കോസ്തു നിലപാട്



രാജൂ ആനിക്കാട്

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യ ഉപഭോഗം നടക്കുന്ന കേരളത്തിൽ മദ്യമുക്തി പ്രചാരവും പ്രതിരോധവും ഫലപ്രദമായി വിജയിപ്പിച്ച ഏക സമൂഹം പെന്തക്കോസ്താണ്. ഭാരതത്തിൽ പതിനഞ്ചു വയസ്സിനു മുകളിലുള്ള പുരുഷന്മാരിൽ 75 ശതമാനവും സ്ത്രീകളിൽ 95 ശതമാനവും മദ്യപിക്കാത്തവരാണെന്നാണ് കണ്ടെത്തൽ. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ മഹാ ഭൂരിപക്ഷം മദ്യപിക്കില്ല എന്ന് ആശ്വസിക്കുമ്പോൾ; ഇത് മദ്യത്തിന്റെ കാര്യം മാത്രമാണെന്നു സൗകര്യപൂർവ്വം വിസ്മരിക്കുകയാണ്.

എന്നാൽ ഒരു ശതാബ്ദത്തിലധികമായി ഒരു ശതമാനം ആളുകൾ പോലും മദ്യപിക്കാത്ത സമൂഹമായി പെന്തെക്കോസ്തർ മുമ്പോട്ടു പോകുന്നു. മദ്യം എന്നല്ല ഒരു ലഹരിയും ഉപയോഗിക്കാത്ത, അനുവദിക്കാത്തവരെന്ന ഖ്യാതിയാണ് ഈ പ്രസ്ഥാനത്തിനുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യ ഉപഭോഗം നടക്കുന്ന കേരളത്തിലാണ് പെന്തെക്കോസ്തുകാരുടെ ലഹരി വിരുദ്ധ പ്രചാരണം വിജയിപ്പിച്ചത് എന്നത് സവിശേഷ പരിഗണന അർഹിക്കുന്നു.

വിവിധ സന്നദ്ധ സംഘടനകൾ മത, സാമുദായിക, സാമൂഹ്യ പ്രസ്ഥാനങ്ങൾ ലഹരി ജന്യ വിപത്തുകളെക്കുറിച്ച് വ്യാപക പ്രചാരണം നൽകിയിട്ടും കേരളത്തിന്റെ സ്ഥിതി ഗുരുതരമാകുകയാണ്. ഇങ്ങനെയുള്ള ഒരു സംസ്ഥാനത്ത് സമർത്ഥമായി ലഹരി വിരുദ്ധ സംരംഭം വിജയിപ്പിച്ച ഒരു കൂട്ടത്തെ ഇന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ ആയിരക്കണക്കിന് മദ്യാസക്തരെ മദ്യമുക്തരാക്കി പ്രവർത്തനത്തിൽ മുന്നേറുന്ന പെന്തെക്കോസ്തു പ്രസ്ഥാനങ്ങളെ സർക്കാരും സംഘടനകളും ഇന്നും അവഗണിക്കുകയാണ്. ആവശ്യത്തിനും അനാവശ്യത്തിനും വാർത്തകൾ സൃഷ്ടിക്കുന്ന കേരളത്തിലെ മാധ്യമ ങ്ങളും ഇതൊന്നും കണ്ടില്ലെന്നു നടിക്കുന്നത് കടുത്ത വിവേചനമാണ്.

ചാനൽ ചർച്ചകളിൽ ലഹരിക്കെതിരേ വാചാലരാകുന്ന സമുദായ നേതാക്കളും മുതലക്കണ്ണീരൊഴുക്കുന്ന അജപാലകരും സ്വന്തം അധികാര കേന്ദ്രങ്ങളിൽ പോലും ഒരു കുഞ്ഞാടിനെ നിലയ്ക്ക് നിർത്താൻ കഴിയാത്തവരാണെന്നതാണ് വിരോധാഭാസം.

കേരളം നേരിടുന്ന മദ്യാസക്തി പ്രതിസന്ധിക്ക് പരിഹാരം മദ്യത്തിന്റെ ലഭ്യത കുറയ്ക്കലും നിരോധനവും അല്ലെന്നു തന്നെയാണ് പെന്തെക്കോസ്തു നിലപാട്. മദ്യം സുലഭമായിരുന്നിട്ടും പെന്തെക്കോസ്തർ ലഹരി മുക്ത സമൂഹത്തെ സൃഷ്ടിച്ചതെങ്ങനെയാണെന്നാണ് പഠിക്കേണ്ടത്. പ്രബോധനങ്ങളും ബോധവൽക്കരണവും കൊണ്ട് മാത്രമാണ് പെന്തെക്കോസ്തർ ഈ രംഗത്ത് വിജയം വരിക്കുന്നത്. മദ്യനിരോധനം അശാസ്ത്രീയമാണ്. നിരാസമാണ് ശാസ്ത്രീയം എന്നതാണ് പെന്തെക്കോസ്തു പക്ഷം.

മദ്യ നിരോധനം കൂടുതൽ വിരോധത്തിനും നിയമ വിരുദ്ധതയ്ക്കും ആക്കം കൂട്ടും. പ്രബോധനം പാപ ബോധവും പശ്ചാത്താപവും കൊണ്ടുവരും. മദ്യപാനിയിൽ കുറ്റബോധത്തെ വർദ്ധിപ്പിക്കുന്ന സന്ദേശങ്ങൾക്കാണ് കൂടുതൽ സ്വാധീനം ചെലുത്തുവാൻ സാധിക്കുന്നത് എന്നാണ് ശാസ്ത്രീയ പഠനങ്ങൾ പറയുന്നത്. ആധുനിക ലോകം ഇതൊക്കെ ചർച്ച ചെയ്ത് തുടങ്ങുന്നതിനും എത്രയോ വർഷങ്ങൾക്കു മുമ്പേ ഈ കുറ്റബോധ വൈകാരികതയിലൂടെ ആളുകളെ സ്വാധീനിച്ച പ്രസ്ഥാനമാണ് പെന്തെക്കോസ്ത്. ആ ശൈലി ഇന്നത്തെ സാഹചര്യത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

കേരളത്തിലെ ആയിരക്കണക്കിനു പെന്തക്കോസ്തു യുവത ഇവിടുത്തെ ഏറ്റവും വലിയ ലഹരി മുക്ത മുന്നേറ്റമാണ്. കേരള യുവതയുടെ മാതൃകാ പ്രസ്ഥാനമായി അവരെയാണ് പരിഗണിക്കേണ്ടത്. അണികളെ പറഞ്ഞനുസരിപ്പിക്കാൻ ത്രാണിയില്ലാത്ത മത-രാഷ്ട്രീയ നേതാക്കൾ ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ തലപ്പത്തു നിന്നും മാറുന്നതാണ് മാന്യത.

കേരള ചരിത്രത്തിൽ ഒരു ശതാബ്ദത്തിലധികമായി ലഹരിക്കും സാമൂഹ്യ തിന്മകൾക്കുമെതിരേ നിരന്തര പ്രചാരണം നടത്തിയത് പെന്തക്കോസ്തിന്റെ പ്രവർത്തകരാണ്. അവർക്ക് കൂടുതൽ സൗകര്യവും പങ്കാളിത്തവും നൽകുകയാണ് ചെയ്യേണ്ടത്.

മാധ്യമങ്ങളും മുഖ്യധാരാ ലഹരി വിരുദ്ധ സംഘടനകളും പെന്തെക്കോസ്തിന്റെ ഈ രംഗത്തെ സംഭാവനകളെ കണ്ടില്ലെന്നു നടിച്ചാലും ഈ പ്രചാരണ മേഖലക്ക് സാമൂഹികാംഗീകാരം ഉണ്ടാകും എന്നു തന്നെയാണ് പെന്തെക്കോസ്തരുടെ വിശ്വാസം.

# ഐ.പി.സി. സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലനം

**കുമ്പനാട്:** ഐ.പി.സി. സണ്ടേസ്കൂൾസ് അസ്സോസിയേഷൻ മേഖലാതല അദ്ധ്യാപക പരിശീലനം, തിരുവനന്തപുരം മേഖല പേരൂർക്കട ഐ.പി.സി. ഹാളിൽ ജൂലൈ 26 ശനിയാഴ്ചയും, കൊട്ടാരക്കര മേഖല കേരള തിയോളജിക്കൽ സെമിനാരിയിൽ ജൂലൈ 28 തിങ്കളാഴ്ചയും, രാവിലെ 10 മുതൽ 3 വരെ നടക്കുന്നതാണ്. തിരുവനന്തപുരം ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് അസ്സോ. പ്രൊഫസർ ഡോ. ഐസക്ക് പോൾ ആണു പരിശീലകൻ. "സണ്ടേസ്കൂൾ അദ്ധ്യാപനം ആധുനിക മാർഗ്ഗങ്ങൾ" എന്നതാണ് വിഷയം. വിവിധ പ്രായവിഭാഗങ്ങളിലെ അദ്ധ്യാപകർക്കായി ദൃശ്യമാധ്യമ സഹായത്തോടെ പ്രത്യേകം ക്ലാസ്സുകൾ എടുക്കും. രജിസ്ട്രേഷൻ 50 രൂപ, ഉച്ചഭക്ഷണം ക്രമീകരിക്കും. പങ്കെടുക്കുന്നവരുടെ എണ്ണം അസ്സോ. സെക്രട്ടറി പാസ്റ്റർ ജെയിംസ് അലക്സാണ്ടറെ മുൻകൂട്ടി അറിയിക്കണം (9447082357). കർത്തൃദാസന്മാർക്കും, സണ്ടേസ്കൂൾ അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും പങ്കെടുക്കാം. അന്നേ ദിവസം സണ്ടേസ്കൂൾ സ്റ്റേറ്റ് ഓഫീസും അതതു സ്ഥലങ്ങളിൽ പ്രവർത്തിക്കുമെന്ന് ഡയറക്ടർ ബ്രദർ കുര്യൻ ജോസഫും സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബും അറിയിച്ചു.

# ഭാരവാഹികൾ

**ചാത്തന്നൂർ:** ഐ.പി.സി. ചാത്തന്നൂർ സെന്ററിന്റെ 2014 – 2015 ലേക്കുള്ള ഭാരവാഹികളെ 01-06-2014ൽ കാരംകോട് ഗിഫ്റ്റ്സ് ബൈബിൾ കോളേജിൽ കൂടിയ സെന്റർ ജനറൽ ബോഡിയിൽ വച്ച് തെരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ റ്റി.ഇ. വർഗീസ്, വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു ജോയി, സെക്രട്ടറി പാസ്റ്റർ കെ.ജെ. ജോർജ്കുട്ടി, ജോ. സെക്രട്ടറി പാസ്റ്റർ രാജൻകുട്ടി എബ്രഹാം, ട്രഷറർ ബ്രദർ ഡി. തങ്കച്ചൻ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ബിജു മാത്യു, ഇവാ. ബോർഡ് കൺവീനർ പാസ്റ്റർ ജോയി ജോർജ് എന്നിവരേയും കമറ്റി അംഗങ്ങളായി ശുശ്രൂഷകന്മാരിൽ നിന്നും വിശ്വാസികളിൽ നിന്നുമായി 13 പേരേയും തെരഞ്ഞെടുത്തു.

## കാലികം

# എതിർ ക്രിസ്തുവിന്റെ ആഹാരത്തിന് വക നമ്മുടെ സമ്പത്തോ?



**സജി നെടുങ്കണ്ടം**

**ജീ**വിതം ക്ഷണികമാണ് എന്നാൽ ക്ഷണിക്കാത്ത അതിഥി മരണമാണ്. അകന്ന രണ്ടു നിലവിളിയുടെ ഇടയിലെ ലഘുസഞ്ചാരമാണ് ജീവിതം. മതിമറന്ന് ആസ്വദിക്കുവാൻ മനുഷ്യജീവിതം മതിയാകുന്നില്ല. യുവത്വം തുളുമ്പുന്ന ശരീര വടിവോടെ ഏറെക്കാലം പാർക്കാൻ മനുഷ്യന് മനസ്. എന്നാൽ നാലുവിരൽ നീളമുള്ള മനുഷ്യായുസ്സ് രണ്ടു വിരൽ എണ്ണുമ്പോൾ കുനിഞ്ഞ് കൂനുന്നു പിന്നെ കണ്ണ് കുഴിയുന്നു. ഭൂമിയിൽ പിറന്ന മനുഷ്യൻ തന്റെ ഉടമസ്ഥന്റെ ഉദ്ദേശം ശരിയായി പഠിച്ചാൽ ഉൻമേഷ പൂർണ്ണനായി ഉറച്ചു നിൽക്കും. വിലപ്പെട്ട ജീവിതം പാപത്തിന്റെ മുമ്പിൽ വലിച്ചെറിഞ്ഞാൽ തെല്ലു സന്തോഷം തുടക്കത്തിലെ തോന്നാം. കുതിച്ചു ചാടിയാലും കരപറ്റാൻ കഴിയാത്ത കുഴിയിൽ അവൻ പിന്നെ കിതച്ച് കഴിയേണ്ടി വരുന്നു. ആസ്വദിക്കാനുള്ളതാണ് മനുഷ്യജന്മം എന്ന് പഠിപ്പിക്കുന്നവരുണ്ട്. ആ പഠിപ്പിക്കൽ തെറ്റല്ല; പക്ഷെ താതന്റെ ഹിതത്തിനൊത്ത് ജീവിതം ആസ്വാദ്യകരമാക്കുക. സകലത്തിന്റെയും സൃഷ്ടിതാവും നിയന്ത്രിതാവുമായ ദൈവത്തെ നാം തിരിച്ചറിയണം. ആ തിരിച്ചറിവാണ് മനുഷ്യ ജീവിതം ആനന്ദപൂർണ്ണമാക്കുന്നത്. മനുഷ്യൻ പൊടിയിൽ അമരും. മരണത്തിനപ്പുറം ജീവിതം ഇല്ലാ എന്ന് പഠിപ്പിക്കുന്നവർ ഉണ്ട്. അവരാണ് ഒടുവിൽ അഴുകിപ്പൊടിയുന്ന ജഡത്തെ മതി ആവോളം ആസ്വദിക്കാൻ മെനക്കെട്ടു നടക്കുന്നത്. അവർ ജഡമോഹികളാണ്. എന്നാൽ ജനനം, മരണം, മരാണാന്തരജീവിതം എന്നി വിഷയങ്ങളെ കുറിച്ച് ആഴമായ ഉൾക്കാഴ്ച്ച നൽകുന്ന ഒരെ ഗ്രന്ഥം വിശുദ്ധബൈബിളാണ്. മരണത്തിനപ്പുറം ജീവിതമുണ്ട്. അതു ലഭിക്കാൻ ഇവിടെ നാം ദൈവ മകനായി ജീവിക്കണം. ഒടുവിൽ നാം യാത്ര ആരംഭിക്കുമ്പോൾ ദൂതന്മാരുടെ കരുതലും ദൈവസ്നേഹത്തിന്റെ വാത്സല്യം അനുഭവിച്ചറിയാം. ആ നിത്യത മനുഷ്യനു നൽകാൻ മനുഷ്യപുത്രനായി ജനിച്ച മശിഹ മരിച്ചടക്കപ്പെട്ടു ഉയർത്തെണിറ്റു. ആ യേശുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.

ന്യൂ ജനറേഷൻ പുതുതായി കണ്ടെത്തിയ നിഘണ്ടുവിൽ ഇല്ലാത്ത ചില വാക്കുകൾ ഉണ്ട്. അതിലൊരു പദമാണ് അടിച്ചുപ്പൊളി, ഉടായിപ്പ്, എറിച്ചു തുടങ്ങിയവ. ഈ വിധ വാക്കുകൾ കണ്ടു പിടിച്ച കാലത്തിൽ ജീവിക്കുന്ന ഏതൊരു പ്രായക്കാരനും അടിച്ച് പൊളിച്ച് ജീവിക്കണം എന്നാണ് പറയുന്നത്. ഈ ആവശ്യം നടപ്പിൽ വരുത്തുവാൻ ആകെ വേണ്ടത് പണമാണ്. ആ പണത്തിനായി പായുന്നതിനിടയിൽ പുതുതലമുറയ്ക്ക് വിലപ്പെട്ടതും പലതും നഷ്ടമാകുന്നു. ഉദാഹരണത്തിന് – കുടുംബം, കുഞ്ഞുങ്ങൾ, ഭാര്യ, മാതാപിതൃബന്ധം, പരസ്പരബഹുമാനം, സാഹോദര്യം, മുതിർന്നവരോടുള്ള ബഹുമാനം. സ്കൂൾ അസംബ്ലിയിൽ കൊച്ചുകുട്ടികൾ പ്രതിജ്ഞ ചെയ്യാറുള്ളത് നാം എല്ലാവരും സഹോദരി സഹോദരന്മാർ ആണ് എന്നാണ്. എന്നാൽ ഈ തലമുറ വായിക്കുകയും കാണുകയും ചെയ്യുന്ന മാധ്യമങ്ങൾ അവരുടെ പ്രതിജ്ഞയെ സംശയത്തിന്റെ നിഴലിൽ എത്തിക്കുന്നു. ഇവിടെ സംശയനിവാരണം വരുത്തേണ്ട മുതിർന്നവർ മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ പരസ്പരം വെട്ടി നുറുക്കുകയാണ്. ഭ്രാന്തുപിടിച്ച മുതിർന്നവരുടെ ഇടയിൽ ആഴ്ചതോറും സാഹോദര്യം ഊട്ടി ഉറപ്പിക്കുന്ന പ്രതിജ്ഞാവാചകം ഉച്ചൈസ്ഥരം ഘോഷിക്കുന്ന കുരുന്നു കുഞ്ഞുങ്ങൾക്ക് ഇന്നെത്തെ സമൂഹം മാതൃകയായേ മതിയാകു. പണം ഉണ്ടാക്കണം........ അടിച്ചു പൊളിക്കണം...... ആധുനിക സമൂഹത്തിന്റെ ഭ്രാന്തൻ ചിന്താഗതിയാണിത്. ഈ ധാരണ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുടെ ഇടയിലും വളരെ ഏറെ സ്വാധീനം ചെലുത്തിയിരിക്കുന്നു. ആ വലയത്തിലെ ദൈവശാസ്ത്രവീക്ഷണമാണ് പോസ്പിരിറ്റി തിയോളജി അഥവാ സമൃദ്ധിയുടെ സുവിശേഷം. ഈ പഠിപ്പിക്കൽ സഭയിൽ സജീവമായപ്പോൾ പത്ത് പണം ഉണ്ടാക്കണം എന്ന വീക്ഷണത്തിലേക്ക് ആത്മീയർ പോലും ഇളകി തുടങ്ങി. സമൃദ്ധിയുടെ സുവിശേഷവും ദാരിദ്രത്തിന്റെ സുവിശഷേവും യേശുവിന്റെ പഠിപ്പിക്കലിന് വെളിയിലാണ്. സത്യസുവിശേഷം അതാണൊരുവനെ നിത്യതയിലേക്ക് നയിക്കുന്നത്. അതിന് യേശുവിന്റെ ഉന്നത പ്രഭാഷണമായ ഗിരിപ്രഭാഷണം ഓരോരുത്തരും പഠിക്കണം. പർവ്വത പ്രസംഗത്തിന്റെ പദ്യവചനം മുഴുപാപിക്കുപ്പോലും സൗജന്യമായി നിത്യത ഉറപ്പു നൽകുന്നു.

ആത്മീയർ തിരിച്ചറിയുക..... പണത്തിന്റെ പുറകേ പാഞ്ഞ് പാതി വഴിയിൽ പിൻതിരിഞ്ഞ് പറുദീസ നഷ്ടമാക്കിയാൽ ഒടുക്കം ലജ്ജിക്കേണ്ടി വരും. പ്രാപിച്ചിറങ്ങിയ വിശ്വാസത്തിനായി ഒടുക്കം വരെയും വിലക്കൊടുത്താൽ നിലവിളിയും നിരാശയും ഇല്ലാത്ത നിത്യസ്വർഗ്ഗം നിങ്ങൾക്ക് സ്വന്തം. മറിച്ച് പണം ഉണ്ടാക്കണം എന്ന ചിന്തയാൽ ആത്മീയകാര്യങ്ങൾ മുടക്കം വരുത്തി പാഞ്ഞു നടന്നാൽ ഇവിടെ ബംഗ്ലാവും, എസ്റ്റേറ്റും കാറും ലഭിച്ചേക്കാം. ഒടുക്കം പറക്കാൻ കഴിയാതെ നിത്യത നഷ്ടപ്പെടുത്തിയവന്റെ സ്വത്തു മുഴുവൻ കണ്ടുകെട്ടുന്നത് ലൂസിഫർ അഥവാ എതിർ ക്രിസ്തു ആയിരിക്കും. ആത്മീയ സമ്പന്നതയെക്കാൾ ഭൗതിക സമ്പത്ത് ലക്ഷ്യം വച്ചു പായുന്നവർ ഓർക്കുക.....ഒടുക്കം നിങ്ങളുടെ പണം എതിർക്രിസ്തുവിനും അവന്റെ അനുയായികൾക്കും അടിച്ചുപൊളിക്കാൻ ഉതകും. ആർക്ക് അടിച്ചു പൊളിക്കാനാണ് നിങ്ങൾ നിങ്ങളുടെ ജീവിതം വേർതിരിച്ചത്.....? തിരിച്ചറിയുക..... തെറ്റിപോയെങ്കിൽ തിരുസന്നിധിയിലേക്ക് തിരിച്ച് നടക്കു....... കാലം അതിന്റെ കടശിയിൽ എത്തിയിരിക്കുന്നു. “ഉണ്ണുവാനും ഉടുക്കുവാനും ഉണ്ടെങ്കിൽ മതിയെന്നുവയ്പ്പിൻ” യേശുവിന്റെ സമ്പത്ത് പണമല്ല. പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച ഓരോ വിശുദ്ധനുമാണ്. വിശുദ്ധിക്ക് വിലകൊടുക്കുക......, സമ്പത്തിന്റെ പുറകേയുള്ള ഓട്ടം അവസാനിപ്പിക്കാം. “നന്മയും കരുണയും ആയുഷ്ക്കാലം എന്നെ പിൻതുടരും”. നമ്മുടെ അധ്വാനം ഒടുക്കം എതിർ ക്രിസ്തുവിന് സുഖിക്കാനുള്ളതാകരുത്.!!

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 14

BELIEVERS JOURNAL

BELIEVERS JOURNAL
P.O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105

Publishing Date
25/07/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

# അറ്റ്ലാന്റയിലെ പെന്തെക്കോസ്ത് സഭകളിലൂടെ

## അറ്റ്ലാന്റാ ഐ. പി. സി.

2002–ൽ ആരംഭിച്ച അറ്റ്ലാന്റാ പെന്തെക്കോസ്തൽ അസംബ്ലിയാണ് ഇപ്പോൾ അറ്റ്ലാന്റാ ഐ. പി. സി. എന്നറിയപ്പെടുന്നത്. പാസ്റ്റർ ജി. ശമുവേൽ ആരംഭകാല ശുശ്രൂഷകനായിരുന്നു. പിന്നീട് പാസ്റ്റർ ജേക്കബ് ജോൺ, പാസ്റ്റർ പി. വി. ശാമുവേൽ, പാസ്റ്റർ ജോർജ് മാത്യു കെ. എന്നിവർ സഭാശുശ്രൂഷകരായിരുന്നു. ഇപ്പോൾ പാസ്റ്റർ വി. പി. ജോസ് സീനിയർ ശുശ്രൂഷകനും പാസ്റ്റർ സിബി കുരുവിള സഹശുശ്രൂഷകനുമായി പ്രവർത്തിക്കുന്നു.

സെക്രട്ടറി ബ്രദർ ജെയിംസ് റ്റി. ശമുവേൽ, ട്രഷറർ ഏബ്രഹാം തോമസ്, യൂത്ത് മിനിസ്ട്രി ഫ്രാങ്ക്ളിൻ ചാക്കോ, സോദരീ സമാജം സാലി ഏബ്രഹാം, സണ്ടേസ്കൂൾ ജോൺസൻ തോമസ്, പ്രെയ്സ് & വർഷിപ്പ് റിച്ചാർഡ് ജോർജ്ജ് എന്നിവർ ചുമതല വഹിക്കുന്നു. ബിലീവേഴ്സ് ജേണൽ ചെയർമാൻ ബ്രദർ രാജൻ ആര്യപ്പള്ളിൽ, സ്വർഗ്ഗീയധ്വനി ചെയർമാൻ ബ്രദർ ജെയിംസ് റ്റി. ശമുവേൽ എന്നിവർ ഈ സഭയുടെ അംഗങ്ങ ളാണ്.

വിലാസം
545, Rocksprings Rd, LawrenceVille, GA 30043
Email: atlantaipc@gmail.com / Website: www.atlantaipc.com

## പാസ്റ്റർ വി. പി. ജോസ്



വെച്ചൂച്ചിറ സ്വദേശിയായ പാസ്റ്റർ വി. പി. ജോസ് അബുദാബിയിൽ ജോലിയിലായിരിക്കെ രാജിവെച്ച് സുവിശേഷവേലയ്ക്കായി ഇറങ്ങി. കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിലും ഫിലദൽഫിയയിലെ സതേൺ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരിയിലും വേദപഠനം നടത്തി. 1993–ൽ USA യിൽ എത്തിയ ഇദ്ദേഹം ഐ. പി. സി. ഫിലദൽഫിയ, ഐ. പി. സി. ഒർലാന്റോ, ബഥേൽ ഐ. പി. സി. ചിക്കാഗോ എന്നിവിടങ്ങളിൽ ശുശ്രൂഷകനായിരുന്നു. ഇപ്പോൾ അറ്റ്ലാന്റാ ഐ. പി. സി. യുടെ ശുശ്രൂഷകൻ. വെച്ചൂച്ചിറ ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരിയുടെ ഡയറക്ടർ കൂടിയാണ് ഇദ്ദേഹം.

ഭാര്യ: മോളി, മക്കൾ: പ്രസ്സില്ല, പ്രിറ്റി

Email: vpjose1981@gmail.com

## ജോർജ്ജിയ ക്രിസ്ത്യൻ അസംബ്ലി

2009 ൽ പ്രവർത്തനം ആരംഭിച്ച ഈ സഭയുടെ ആരംഭത്തിങ്കൽ ചുരുക്കം ചില കുടുംബങ്ങൾ മാത്രം ഉണ്ടായിരുന്നുള്ളു. 2011 വരെ പാസ്റ്റർ വി.പി.ഏബ്രഹാം സഭയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ തോംസൺ ശമുവേൽ സഭാശുശ്രൂഷകനായി പ്രവർത്തിക്കുന്നു. സെക്രട്ടറി ബ്രദർ ഗിന്നി ഫിലിപ്പ്, ട്രഷറർ ബ്രദർ ഷാൻ തോമസ്. ഇംഗ്ലീഷ് ആരാധനയാണ് ഹിന്ദിയും ഉറുദുവും ഉപയോഗിക്കുന്നു. സൗത്ത് ഏഷ്യൻ റീജിയനിൽ നിന്നുള്ളവരെ ലക്ഷ്യമാക്കി സഭപ്രവർത്തിക്കുന്നു.

വിലാസം
4616 Rosewell Rd N.E. marietta, GA 30062,
website: www.gacristian.org. / Ph: 678 - 471 - 9636

## പാസ്റ്റർ തോംസൺ ശമുവേൽ



ചർച്ച് ഓഫ് ഗോഡ് ഇൻഡ്യ നോർത്ത് വെസ്റ്റ് റീജിയൺ ഓവർസിയറായിരുന്ന പാസ്റ്റർ സാമുവേൽ ജോണിന്റെ മകൻ. ചർച്ച് ഓഫ് ഗോഡിന്റെ ഓർഫയിൻഡ് മിനിസ്റ്ററായ ഇദ്ദേഹം NW റീജിയൻ ഇവാഞ്ചലിസം ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട് ഇപ്പോൾ ജോർജ്ജിയ ക്രിസ്ത്യൻ അസംബ്ലിയുടെ ശുശ്രൂഷകൻ.

ഭാര്യ: ലിൻഡ. മക്കൾ: ജൂഡിയത്ത്, ജൊയാന, ജോയ്സ്.

# ഇവർ അറ്റ്ലാന്റയിലെ ക്രിസ്തുവിൻ സാക്ഷികൾ

## ബ്രദർ ജയിംസ് റ്റി. ശാമുവേൽ



പന്തളം തോപ്പിൽ ശമുവേൽ സാറിന്റെ മകൻ. സ്വർഗ്ഗീയധ്വനി പത്രത്തിന്റെ ചെയർമാൻ, അറ്റ്ലാന്റാ ഐ. പി. സി. സെക്രട്ടറി. ഭാര്യ: ലൈല. മക്കൾ: ബിനോയി, ബീനാ, ആനി.

## ബ്രദർ രാജൻ ആര്യപ്പള്ളി



കുമ്പനാട് ആര്യപ്പള്ളി കുടുംബാംഗം. ബിലീവേഴ്സ് ജേണൽ ചെയർമാൻ. അറ്റ്ലാന്റാ ഐ. പി. സി. അംഗം. PCNAK മുൻ സെക്രട്ടറി, ഐ. പി. സി. ഫാമിലി കോൺഫറൻസ് മുൻ ട്രഷറർ. ഇപ്പോൾ KPWF സെക്രട്ടറി. ഭാര്യ: റെയ്ച്ചൽ. മക്കൾ: റോണി, റോഷ്, റീബാ.

## ഇവാ: മോഹൻ കാഞ്ഞിരമണ്ണിൽ



സംഗീതത്തിലൂടെ സുവിശേഷ ദൗത്യം നിർവ്വഹിക്കുകയും വിവിധ ലോകരാജ്യങ്ങളിൽ സംഗീതത്തിലൂടെ സുവിശേഷം അറിയിക്കുന്ന വ്യക്തിയാണ് മോഹൻ കാഞ്ഞിരമണ്ണിൽ. ക്രൈസ്തവ കൈരളിയ്ക്ക് സുപരിചിതനായ സംഗീതജ്ഞൻ, പ്രചുരപ്രചാരം നേടിയ അനവധി ക്രൈസ്തവ ഗാനങ്ങളുടെ രചയിതാവ് പന്തളം സ്വദേശി മ്യൂസിക് വിത്ത് എ മിഷൻ എന്ന പേരിൽ മിനിസ്ട്രി ചെയ്യുന്നു.

ഭാര്യ: ജിജി. മക്കൾ: വില്ല്യംസ്, സ്പീഡൽ, ഗിഫ്റ്റ്സൺ.

Email: sadhumohansing@yahoo.com

## സാം റ്റി. ശമുവേൽ



അടൂർ ആര്യപൊയ്കയിൽ പരേതനായ റ്റി.റ്റി ശമുവേൽ സാറിന്റെ(മുൻ IPC ട്രഷറർ) മകൻ. PCNAK സെക്രട്ടറി, KPWF വിവിധ പദവികൾ എന്നിവ വഹിച്ചിട്ടുണ്ട്. എഴുത്തുകാരൻ അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലി അംഗം.

ഭാര്യ: എൽസി, മക്കൾ: ഷെറിൻ, ക്രിസ്.

## പാസ്റ്റർ വിജി ചാക്കോ



പത്തനാപുരം ചെങ്കിലാത്ത് ശാലേം ഹൗസിൽ പാസ്റ്റർ വൈ. ചാക്കോയുടെ മകൻ, ലോഗോസ് മിനിസ്ട്രിയുടെ ഡയറക്ടർ, ഗാനരചിയതാവ്, അനേക ക്രൈസ്തവ ഗാന സിഡികൾ പുറത്തിറക്കി. അറ്റ്ലാന്റാ ക്രിസ്ത്യൻ അസംബ്ലി അംഗം.

ഭാര്യ: ഷൈനി, മക്കൾ: ജൻസി, ജയ്സൺ, ജാസ്മിൻ

## പാസ്റ്റർ ഷിബു ചെറിയാൻ



കൗൺസിലിംഗിൽ ഡോക്ടറേറ്റ് നേടിയ പാസ്റ്റർ ഷിബു ചെറിയാൻ അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡിലെ അസ്സോസിയേറ്റ് പാസ്റ്ററാണ്. പ്രസംഗകൻ, കൗൺസിലർ എന്നീ നിലകളിൽ അറിയപ്പെടുന്നു. ഭാര്യ: നിസ്സി. മക്കൾ: പ്രിസ്സില്ല, ഫേബാ, പെർസിസ്

www.unitedintheword.com.

## ഏബ്രഹാം തോമസ് (ജോസ്)



മാവേലിക്കര പാലമുറ്റത്ത് പെനിയേൽ കുടുംബാംഗം. ഗായകൻ, ഗാനരചയിതാവ് എന്നീ നിലകളിൽ അറിയപ്പെടുന്നു DMU മിനിസ്ട്രിയും വെല്ലൂരിന്റെ സ്പോൺസർ. IPC അറ്റ്ലാന്റാ സഭാംഗം. ഭാര്യ: സാലി ഏബ്രഹാം, മക്കൾ: ജോസ്ലിൻ, ജോയൽ.

താങ്കളുടെ സഭയെക്കുറിച്ചോ മിനിസ്ട്രിയെക്കുറിച്ചോ പരിചയപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെപ്പറയുന്ന ഫോൺ നമ്പറിലോ ഇ–മെയിലിലോ ബന്ധപ്പെടുക.

രാജൻ ആര്യപ്പള്ളിൽ (ചെയർമാൻ)
Ph: 678 - 571 - 6398

പാസ്റ്റർ സാംകുട്ടി മാത്യു (ചീഫ് എഡിറ്റർ)
Ph: 404 - 316 - 2367

E- mail
beljourn@gmail.com

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.